REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

# മലയാളരാജ്യം

# ചിത്രവാരിക

20th THULAM 1110

5th NOVEMBER 1934.




VOL. VII. No. 9

Price As. 2. വില ൨ ണ.

# ചിത്രവാരിക

LONG LIVE HIS GRACIOUS HIGHNESS SRI CHITHRA THIRUNAL.



യാതൊരു മഹനീയ കാരുണ്യകടാക്ഷൈക
പാത്രത്താലനർത്ഥമായ്തീർന്ന മാമകജന്മം,
യാതൊരു ധന്യധന്യനാമത്തിൻ മാഹാത്മ്യത്താൽ
ചൈതന്യമേറും പ്രാണപ്രതിഷ്ഠ ഭവിച്ചു മേ,
യാതൊരു പുണ്യനാമം നിത്യമുച്ചരിക്കെ മൽ
ചേതസി ലിപിമൊഴി പൊരുളുമുദിക്കുന്നു.
യാതൊരു സംപൂജ്യമാം അക്ഷരദ്വയം സമ്പൽ-
കേദാരമായ്നിന്നെന്നെയവനംചെയ്‌വൂ നിത്യം
യാതൊരു കഴലിണ വഴിപോലുപാസിപ്പാൻ
ഏതുമൊന്നറിയാതെ വികൃതി കാട്ടുന്നു ഞാൻ
യാതൊരു രക്ഷാഹസ്തമെങ്കിലും, വഴിപിഴ-
യ്ക്കാതെയെൻ പിച്ചവയ്പു മോഹനമാക്കീടുന്നു.
യാതൊരു നൃപാലകമൗലിതൻ തൃക്കാല്ക്കൽ ഞാൻ
ഏതൊരു വാരത്തിലും ആശിസ്സു യാചിക്കുന്നു.

യാതൊരു ദിവ്യതാരനവ്യാവതാരത്തെയീ
മേദിനീവാസിജനം യാവരും കൈക്കൂപ്പുന്നു.
സർവ്വം ശ്രീ'ചിത്രാ'ഭമന്യമെന്നുള്ളു ചൊൽവാൻ
സർവ്വനേരവും സമസ്തത്തിലുമൊന്നുപോലെ.
ഇങ്ങനെ ദീനജനരക്ഷണമനുഷ്ഠിക്കും
മംഗലചരിതനാം തമ്പുരാനിതുപോലെ
തിരുനാളൊരുനൂറുതികവാൻ അഖിലേശൻ
കരുണാപാരാവാരം കടാക്ഷമരുളട്ടെ.
പാരിതു ചിത്രോത്സവം നൂറാണ്ടു കൊണ്ടാടുവാൻ
ശ്രീരമാകാന്തൻ ഭക്തവത്സലൻ കനിയട്ടേ.
ലോകസന്താപംസർവ്വം തൻകലേ ലയിപ്പിച്ചു
ലോകശർമ്മത്തെച്ചെയ്യും പത്മനാഭൻ പാർത്താൽ
വഞ്ചീശൻ ഭക്താഗ്രണി, നിത്യവാത്സല്യപാത്ര-
മെൻചിരാർത്ഥനയെന്നുമാകയാൽ സഫലംതാൻ.

'ചിത്രവാരിക.'

# തിരുനാൾമംഗളാശംസ.

ശ്രീവഞ്ചിക്ഷിതി സഞ്ചയിച്ച സുകൃതം
 വൈരിഞ്ചവാഞ്ഛരാബലാൽ
ജീവൻ ചിത്തിരനാളിലാർന്നുദിതനാം
 ശ്രീരാമവർമ്മാനൃപൻ
ഭാവിംശം തിരുനാൾ തികഞ്ഞു വിലസു-
 ന്നേവം ഭവിഷ്യത്തിലും
ദേവൻ ചിന്മയനിട്ടിനത്തിനൊരു നൂ-
 റാവൃത്തി നൽകീടണം.

പി. കെ. നാരായണപിള്ള ബി. ഏ. ബി. എൽ.

ദപിത്രാബ്ദങ്ങൾ കിടയ്ക്കുള്ളൊരു ഭരണഗുണം
 കൊണ്ടു മററുള്ളൊരുർവ്വീ-
സുത്രാമാക്കൾക്കു മെയ്യിൽപ്പുളകനിര മുള-
 പ്പിക്കുമുദ്യോഗശാലി
വിത്രാസംവിട്ടുതൻ നാട്ടിനു വിവിധപരി-
 ഷ്കാരചാരുത്വമേകും
ചിത്രാസഞ്ജാതനസ്മൽ ക്ഷിതിധവനു ചിരാ-
 യുസ്സുനൽകട്ടെ ദൈവം.

റാവുസാഹിബ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ.

ചിത്തത്തിൽ പുരുഭക്തിപൂണ്ടു സതതം
 ശ്രീപത്മനാഭന്റെ തൃ-
പ്പത്താണാശ്രയമെന്നുതന്നെ ദൃഢമായ്
 ചിന്തിച്ചുതൻജീവിതം
സ്വന്തം ദുഃഖസുഖാദിവിട്ടുവികലം
 ശ്രീവാഴുമീയൂഴിതൻ
സമ്പത്തൊന്നിനുനീക്കിവെച്ചു നൃവരൻ
 പൊൻതമ്പുരാൻ ചിത്രജൻ.

ഇന്നല്ലോ തിരുനാൾ മഹം, സകലരും
 മംഗല്യവായ്പാൽ മനം
തിങ്ങും പ്രേമമൊടുർവ്വരേശനുശുഭം
 നൾകാൻ നമിക്കുന്നിതാ
കന്നൽക്കാറൊളിവർണ്ണ, കൃഷ്ണ! കരുണാ-
 രാശേ കടാക്ഷിക്കിനാ-
ലെന്നും വഞ്ചിവസുന്ധരേശനു സുഖം
 നൾകേണമന്യൂനമായ്.

മള്ളൂർ ഗോവിന്ദപ്പിള്ള.

നാട്ടാർക്കെന്തിഷ്ടമെന്നോർത്തനുദിനമൊരുപോ-
 ലായതിന്നായവർണ്ണ്യം
കഷ്ടപ്പാടൊന്നുമോർക്കാതഹഹ പണിയുമി
 രാജശബ്ദാർഹരാജൻ
കോട്ടം തട്ടാത്തപേരും പെരുമയുമൊരുപോൽ
 ചേർന്നുവഞ്ചീന്ദ്രനെന്നും
പുഷ്ടാനന്ദേന വാഴുന്നതിനു കരുണയാ
 പത്മനാഭൻ തുണപ്പൂ.

എൽ. എ. രവിവർമ്മ.

ഏതിഷ്ടംനാട്ടുകാർക്കായതുനിയമ,മിതേ-
 തോതിലിബ്ഭൂതലത്തെ
പ്പേർതിങ്ങുംമാറുകാക്കുന്നൊരു നയചതുരൻ,
 ചിത്രനക്ഷത്രജാതൻ
നീതിജ്ഞൻ,പൂർണ്ണസൌഖ്യത്തൊടു നിയതമനേ-
 കാബ്ദ ഭൂവാണ്ടുകൊൾവാൻ
ചൈതന്യക്ഷ്മപനന്താലയപതി,പതിവായ്
 തൃക്കടക്കണ്ണിടട്ടെ.

ശീവൊള്ളി നീലകണ്ഠൻനമ്പൂതിരി.

പാരാകെക്കാത്തിടേണ്ടുംചുമതലമുഴവൻ
 ചിത്രനക്ഷത്രജങ്കൽ
സ്ഫാരാനന്ദംസമർപ്പിച്ചഹിശയന,നന-
 ന്താലയന്താന്നിലെന്നും
പാരാതേ പള്ളിനിദ്രാലഹരിയിൽവിഹരി-
 യ്ക്കുന്നു,വാഴ്കുന്നവഞ്ചി-
ശ്രീരാജൽപ്പുണ്യപൂരപ്പുകൾപൊലിമയൊടും
 കേവലംവെൽവുതാക.

ശീവൊള്ളി ദാമോദരൻനമ്പൂതിരി.

പൂങ്കോഴിക്കുഴൽനാദ, മണ്ണവ മഹാ
 ഭേരിപ്രയോഗം ഖഗ-
പ്പൊൻകണ്ഠശ്രുതിഘോഷ,മുൽസുകസമീ-
 രാമോദസന്നർത്തനം;
കെങ്കേമംപുലരുന്നുഷസ്സി,രുപത്തും
 രണ്ടും മഹസ്സാർന്നിതാ
തങ്കൽ ചിത്രസഹസ്രരശ്മി; തെളിയാ-
 റാവൂ ക്രമാൽ ശേഷവും!

തൈക്കാട്ടു ചന്ദ്രശേഖരൻനായർ.

നീണാൾനാംനേർന്നനേർച്ചയ്ക്കെഴുമമലഫലം,
 വഞ്ചിതൻസഞ്ചിതശ്രീ
പൂണാരം,പങ്കജപ്പെൺകടമിഴികളിയാ-
 ടുന്ന കല്ല്യാണരംഗം;
ചേണാളും ചിത്രനക്ഷത്രജനഖിലബുധാ-
 രാധിതൻ,രാധികാന്തഃ
പ്രാണാധീശപ്രസാദപ്രസരമൊടവനി-
 ത്തട്ടുകാക്കട്ടെയെന്നും.

ശീവൊള്ളി മഹൻ നാരായണൻനമ്പൂതിരി.

വേണാടേ! ദിഗ്ഗജേന്ദ്രഛടയുടെകവിളിൽ-
 ചെന്നടിക്കുന്ന കീർത്തി-
ശ്രേണീവൈപുല്യമാളും ധവനുടെ തിരുനാ-
 ളുത്സവാഘോഷപൂരം
കാണാൻ പാടൊട്ടുപെട്ടും ഗഗനഭുവിപറ-
 ക്കുന്നു, മാത്സര്യമാന്നാ-
ഗ്ഗുണപ്രാമാണികന്മാർ; തിരുവടിവിജയിക്കട്ടെ
 ചിത്രർക്ഷജാതൻ.

വിദ്വാൻ, ഏ. എൻ. പണിക്കർ, തിരുവല്ലം.

ഇന്നല്ലോ വഞ്ചിഭൂമണ്ഡല സുകൃതപരീ
 പാകസൌഭാഗ്യ സമ്പ-
ത്തിന്നല്ലോ ദീനലോകാവനകനി കനിയും
 പാരിജാതാവതാരം,
ഇന്നല്ലോ ചിത്തിരക്ഷ്മാപതിയുടെതിരുനാൾ,
 തൻപദം കുമ്പിടുന്നോർ-
ക്കിന്നല്ലോ ജീവിതത്തിൻ സഫലമധുരമാം
 വാസരം, ഭാസമാനം.

ശ്രീമൂലസ്ഥാനമായി, പ്രജകളിലതിവാ
 ത്സല്യസമ്പൽസമൃദ്ധി-
ക്ഷേമാലങ്കാരമായി, പ്രണതജനസുഖാ
 രാമമന്ദാരമായി,
ഭൂമാവേറുന്ന ഭൂമീപതിമകുടതട
 പ്രോല്ലസദ്രത്നമായ-
ക്ഷാമം മിന്നുന്ന ചിത്രക്ഷിതിപനരുളണം
 മംഗളം ശാർങ്ഗപാണി.

പത്രാധിപർ, പി. കെ. ഗോവിന്ദപ്പിള്ള.

(ഫവ്വ–ഠം വശം )

# ശാസ്ത്രമുഖം

കെ. രാമകൃഷ്ണൻനായർ ബി. എ.

സത്തയെ അറിയുന്നതിനു സയൻസിന്റെ ശ്രമങ്ങൾ തുടങ്ങിയിട്ടു വർഷങ്ങൾ പലതുകഴിഞ്ഞു. എന്നാൽ പ്രാപ്യസ്ഥാനം അടുക്കുംതോറും അകന്നുകൊണ്ടുതന്നെ ഇരിക്കുന്നതേയുള്ളു ഇന്നും ആ യത്നങ്ങൾ സജീവമായിട്ടാണിരിക്കുന്നതു്. അതിന്റെ ഫലങ്ങൾ എത്രയും നിരാശയെ ജനിപ്പിച്ചാലും ആ മാർഗ്ഗങ്ങളെ വെടിയുന്നതിനു ഇനിയും സാദ്ധ്യമല്ല. തിരിച്ചുചവിട്ടാൻ പാടില്ലാത്തവണ്ണം അത്രദൂരം അവയിൽക്കൂടി ലോകം പുരോഗമിച്ചിട്ടുണ്ടു്. സയൻസിനു പ്രാബല്യമുണ്ടായിത്തുടങ്ങിയപ്പോൾ ഏതുകാര്യവും വെറുതെ വിശ്വസിക്കുന്ന സ്വഭാവം മനുഷ്യൻ കൈവിട്ടു. ശാസ്ത്രനിയോഗത്തെ അവൻ തലകുലുക്കി സമ്മതിച്ചു. ഓരോ ദിവസം കഴിയുന്തോറും യാഥാർത്ഥ്യത്തിലേക്കു നയിക്കുന്ന ഓരോ പടികൾ സ്ഥാപിച്ചതായി ശാസ്ത്രം അഭിമാനിച്ചു. ഇന്നു് ഏതു 'പാപവും' 'ഈശ്വരനിയോഗവും' സയൻസിന്റെ യുക്തിയിലും അനുഭവത്തിലും തെളിയുന്നില്ലെങ്കിൽ മനുഷ്യൻ വിശ്വസിക്കുകയില്ല. മുൻപു് അവനെ അഭിമുഖീകരിക്കുന്ന അത്ഭുതങ്ങളൊക്കെ ഈശ്വരനിശ്ചയം എന്ന പദംകൊണ്ടുമാത്രം എളുപ്പത്തിൽ വ്യാഖ്യാനിക്കാമായിരുന്നു. ഇനിയും അതൊന്നും എളുപ്പമല്ല. മനുഷ്യൻ അത്രയും ജിജ്ഞാസുവായിക്കഴിഞ്ഞു, ഏതിനെയും കണ്ടു ബുദ്ധിയിൽ അനുഭവപ്പെടണം. ശക്തിതന്ത്രത്തിന്റെ ഉപാസകനായിരുന്ന ലോർഡ്കെൽവിൻ (Lord Kelvin) ഒരിക്കൽ പറഞ്ഞു: "എനിക്കു ഒരു മാതൃക ഉണ്ടാക്കാൻ പാടില്ലാത്ത യാതൊന്നും മനസ്സിലാക്കാൻ വയ്യാ!" മനുഷ്യശക്തിയിലും ശാസ്ത്രസിദ്ധിയിലും അദ്ദേഹം അത്രമാത്രം വിശ്വസിച്ചിരുന്നു. അതിലല്ല വിഷമം. ഓരോ കഷണമായി സത്തയെ മുൻപിൽ അവതരിപ്പിച്ചില്ലെങ്കിൽ ശാസ്ത്രം അംഗീകരിക്കുകയില്ല. മനുഷ്യൻ വിശ്വസിക്കുകയില്ല.

ഭരണതത്വങ്ങളിൽ അഭിപ്രായഭിന്നതയേ ഉള്ളു. കല, സൌന്ദര്യം, ജീവിതം ഇവയെ സംബന്ധിച്ചും ആദർശങ്ങൾ ഏകീഭവിച്ചിട്ടില്ല ശാസ്ത്രത്തെമാത്രം ആ ഭാഗ്യദോഷം ബാധിച്ചില്ല. ഒരേ ദൃഷ്ടിയോടുകൂടി ശാസ്ത്രം ലോകത്തെ ദർശിക്കുന്നു അഭിപ്രായങ്ങളെ ഏകീകരിക്കുന്നതിനു് ശാസ്ത്രം വളരെ സഹായിച്ചിട്ടുണ്ടു്. അതിന്റെ ശാസനകളെ മാത്രം പ്രതിഷേധം കൂടാതെ, അജ്ഞതസമ്മതിച്ചു, ഒന്നുപോലെ അംഗീകരിച്ചു് ആദരിച്ചുവരുന്നു. മനുഷ്യശക്തിക്കു് പ്രതിഷ്ഠയും ആത്മവിശ്വാസത്തിനു് വർദ്ധനവും കൊടുക്കുന്ന സയൻസിന്റെ അനുഭവങ്ങളെ ആരാണു് ആരാധിക്കാത്തതു്. പരീക്ഷണംതന്നെയാണു വിജയം എന്നു തീർച്ചയാക്കി നിരീക്ഷണശാലകളെ മനുഷ്യന്റെ ആഗ്രഹങ്ങൾ അഭയം പ്രാപിക്കുന്നു. തൽഫലങ്ങൾ ലോകം ഇന്നു അഭിമാനത്തോടുകൂടി അനുഭവിക്കുന്നു. ആകാശദേശത്തെ ജയിച്ചു് ബുദ്ധിയിൽ ഒതുക്കുന്നു. അവന്റെ ശബ്ദം ബഹുയോജനദൂരം ശൂന്യതയിൽക്കൂടി നീന്തിഎത്തും. അതിലുംകൂടുതൽ അകലെ ഇരിക്കുന്നവരെ കണ്ടു സംസാരിക്കാം. കോടിവർഷങ്ങൾക്കുമുൻപുള്ള ലോകവുമായി മനുഷ്യനെ ബന്ധിച്ചു തുടർച്ചയായി ചരിത്രം നിർമ്മിക്കുന്നു. ഇങ്ങനെ സ്വപ്നത്തിൽപോലും പൂർവ്വികന്മാർ കാണാത്ത എന്തെല്ലാം സംഗതികൾ ഇന്നു് ഒരു യാഥാർത്ഥ്യമായി ശാസ്ത്രം വെളിപ്പെടുത്തുന്നു.

ഈ പ്രപഞ്ചം മനുഷ്യന്റെ മുൻപിലുള്ള ഒരു പ്രഹേളിക (Riddle) യായിരുന്നു. അതഴിക്കുന്നതിനാണു് സയൻസിന്റെ ബുദ്ധി ഉപയോഗിക്കപ്പെടുന്നതു്. പൂർണ്ണവിജയം ഇതേവരെയുണ്ടായില്ലെങ്കിലും അതിന്റെ യത്നങ്ങൾ നിഷ്ഫലങ്ങളെന്നു പറഞ്ഞുകൂടാ. അവിടേയും ഓരോ മഹാന്മാരെ ചുററി സൃഷ്ടിപരമായ ജ്ഞാനം പ്രകാശിക്കുന്നുണ്ടു്. ന്യൂട്ടൺ (Newton) കേന്ദ്രാകൃഷ്ടി (gravitation) കണ്ടുപിടിച്ചപ്പോൾ എന്തു സന്തോഷമാണുണ്ടായതു്. സർവ്വരുടേയും ശ്രദ്ധ അങ്ങോട്ടുതിരിഞ്ഞു. മനുഷ്യന്റെ സകല വ്യാമോഹങ്ങളും നീക്കി എല്ലാത്തിനും അനുഭവവേദ്യമായ ഒരു വ്യാഖ്യാനം കല്പിക്കാമെന്നു ദൃഢമായി നിശ്ചയിച്ചു് ഡാൾട്ടൺ (Dalton) പരമാണു 'ആററം' (atom) മാണെന്നു പ്രഖ്യാപനം ചെയ്തു. എല്ലാവരും അജ്ഞാനധ്വംസിയായ അദ്ദേഹത്തിന്റെ വെളിച്ചത്തിനു മുൻപിൽ നമസ്കരിച്ചു. അവിഭാജമായി അഭേദ്യമായിരിക്കുന്ന സത്ത (Reality) അതു മാത്രമാണെന്നു ലോകം വിശ്വസിച്ചു. അതിന്റെ സംഘടനാസമ്പ്രദായം പഠിച്ചാൽ ലോകത്തിലുള്ള സകലതും—ജീവൻതന്നെ—മനസ്സിലാക്കി സൃഷ്ടിക്കാമെന്നു വിചാരിച്ചു. ഗലീലിയോ ദൂരദർശിനി കണ്ടുപിടിച്ചു വാസ്തവമെല്ലാം അതിൽക്കൂടി കാണിക്കാൻ ശ്രമിച്ചു. ആകാശത്തിന്റെ ആഴങ്ങളിൽ മുങ്ങിക്കിടന്ന എത്രകോടി തേജഃപുഞ്ജങ്ങളെ മനുഷ്യൻ ആ യന്ത്രത്തിൽകൂടി ദർശിച്ചു. മനുഷ്യബുദ്ധി മണ്ണിനോടടുത്തിരിക്കുന്നെങ്കിലും എത്ര ശക്തിയോടെ അതു പ്രകാശത്തിലേക്കു പാറന്നെത്തുന്നു! ഡാർവിൻ (Darwin) പ്രകൃതിനിർദ്ധാരണവാദ (Theory of natural selection)വും കൊണ്ടു് രംഗപ്രവേശം ചെയ്തു. യാതൊന്നും ഈ ലോകത്തിൽ "പ്രത്യേകസൃഷ്ടി"യല്ലെന്നു വിജ്ഞാപനം ചെയ്തു. ജീവലോകം മുഴുവൻതന്നെ ഒരൊററ 'സെല്ലി'ലുള്ള (cell-പുടം-അണു) പ്രോട്ടോപ്ലാസ (Protoplasm) ത്തിലേക്കു തിരിഞ്ഞു വൃത്തിയാൽ ജീവന്റെ സകലസിദ്ധികളുടേയും മൂലം ദൃശ്യമാകുമെന്നായി വാദം. അതു വിശ്വാസപ്രമാണക്കാരെ കിടുക്കിക്കളഞ്ഞു. അതൊന്നും ഗണ്യമാക്കാതെ ശാസ്ത്രം ആ ശാഖയേയും അക്ഷീണം പിൻതുടർന്നു. എല്ലാം ജീവിതമത്സരങ്ങളിൽ നടക്കുന്ന പ്രകൃതിനിർദ്ധാരണഫലമാണെന്നു വിശ്വസിപ്പിച്ചു. ഇങ്ങനെ എത്രപേർ ശാസ്ത്രത്തെ പോഷിപ്പിച്ചു ആശ്ലേഷിച്ചു!

ഇതുപോലെ തെളിച്ച നൂതനമാർഗ്ഗങ്ങളെല്ലാം പൂർവ്വവിജ്ഞാനത്തോടും അനുഭവത്തോടും ഉള്ള കടമയായി പിന്നീടു സ്ഥാപിക്കപ്പെട്ടു. എങ്കിലും അപരിചിതമായ ഒരു പരിവർത്തനഘട്ടത്തെ രൂപീകരിച്ചു ലോകത്തെ ക്ഷുണ്ണപഥത്തിൽനിന്നും തെററിച്ച കുററത്തിനു് അവരെല്ലാം വല്ലാതെ ശിക്ഷ അനുഭവിച്ചു. ഗലീലിയോ കാരാഗൃഹത്തിൽ കഴിഞ്ഞു. ഡാർവ്വിന്റെ സ്ഥിതിയും ഒട്ടും ഭേദമല്ലായിരുന്നു. എങ്കിലും ഗമ്യമായ മാർഗ്ഗം അവരുടേതാണെന്നാണു് ശാസ്ത്രം തെളിയിച്ചതു്. പൂർവ്വവിശ്വാസങ്ങൾ പുറകോട്ടുപിടിച്ചെങ്കിലും ശാസ്ത്രം ധൈര്യമായി അതിന്റെ ശ്രമങ്ങളെ തുടർന്നു. പലവിധത്തിൽ ശാസ്ത്രവിഭാഗങ്ങളുടെ വളർച്ച് പ്രകൃതിതത്വങ്ങളെപ്പററിയുള്ള മനുഷ്യന്റെ ആശ്ചര്യാവേശങ്ങളെ ക്രമേണ ഹനിച്ചു എന്നുള്ളതു് വിസ്മരിച്ചുകൂടാ. പ്രപഞ്ചത്തെ കീഴടക്കി ഭരിക്കുന്നതിനാണു് ശാസ്ത്രത്തിന്റെ ഉദ്യമമെന്നു് ലോകം അറിഞ്ഞതോടുകൂടി സയൻസിനു പറയാനുള്ളതെന്തെന്നു് താല്പര്യത്തോടെ ശ്രദ്ധിക്കാൻ തുടങ്ങി.

എന്നാൽ മിക്കതത്വങ്ങൾക്കും ചിരന്തനമായ ജീവൻ ഉണ്ടായിട്ടില്ലെന്നു സമ്മതിക്കണം. ഭാവിയുടെ അനുഭവങ്ങളിൽ ചെന്നു ശ്വാസം മുട്ടിപ്പോകുന്ന അഭിപ്രായങ്ങളെ വേദനയോടെങ്കിലും കൈവിടുന്നതിനു് ശാസ്ത്രം എന്നും സന്നദ്ധമായിരുന്നു. ഉപേക്ഷിക്കേണ്ടിവന്ന സിദ്ധാന്തങ്ങൾക്കും പ്രയോജനമില്ലായിരുന്നെന്നു വിചാരിക്കാൻ നിവൃത്തിയില്ല അപൂർണ്ണമായ അറിവു് എത്രപ്രാവശ്യം എവിടെയെല്ലാം വഴിതെററിയതിനുശേഷമാണു് ശരിയായ മാർഗ്ഗത്തിൽ എത്തുന്നതു്. ഇടക്കിടയ്ക്കു തെളിഞ്ഞുപൊങ്ങിവന്ന സിദ്ധാന്തങ്ങളെ മുക്തിദമെന്നുറച്ചു് പരീക്ഷണം അനുഗമിച്ചു. മുന്നോട്ടുപോകുന്തോറും കൂടുതൽ അറിവുണ്ടായെങ്കിലും സംശയങ്ങൾ വർദ്ധിക്കുന്നതിനു ആശ്ചര്യകരമാംവണ്ണം ഇടയായി. സ്വതന്ത്രമായി തുടങ്ങിയ ശാസ്ത്രവിഭാഗങ്ങളുടെ വളർച്ച് മററുവിഭാഗങ്ങളിൽ ചെന്നു അവസാനിച്ചു. രസതന്ത്രത്തിനു് സകല ലോഹങ്ങളെയും ഉണ്ടാക്കാവുന്ന ഒരു ലോഹവിശേഷം കണ്ടെത്തിയാൽ മതിയെന്നുണ്ടു്. എന്നാൽ ഇനിയും അതിനു് ശക്തിതന്ത്രത്തിന്റെ സഹായംകൂടാതെ മുന്നോട്ടുപോകാൻ പ്രയാസമായിരിക്കുന്നു. ശക്തിതന്ത്രം അതിന്റെ സീമകളിൽ എത്തിയപോലെയും തോന്നുന്നു അതും സർവ്വശക്തികൾക്കും നിദാനമായ ഒരു ശക്തിയെ ആണു് അന്വേഷിക്കുന്നതു്. ഇപ്പോൾ അതിലുള്ള ശക്തികളെ ഏകോപിപ്പിച്ചുകഴിഞ്ഞിരിക്കുന്നു. മാക്സ്വെൽ (Maxwell) പ്രഭ (light) ആലക്തികകാന്തകം (Electromagnetism) (Radiation) ഇവയെ ഏകോപിപ്പിച്ചു. ഇപ്പോൾ എയിൻസ്റ്റീൻ (Einstein) ആപേക്ഷികവാദത്തിൽ കേന്ദ്രാകൃഷ്ടിയേയും യന്ത്രതന്ത്രനിയമങ്ങ

ളെയും (Laws of mechanics) ഉൾപ്പെടുത്തുന്നു.

സ്വന്തമായ സ്വത്തുകൊണ്ടുതന്നെ ബന്ധിതമായി ഏററക്കുറെ വിഷമിച്ചുനിന്ന ശാസ്ത്രം നവ്യപ്രകാശത്തിലേക്ക് സ്വാതന്ത്ര്യാത്ഥം ചാടിക്കഴിഞ്ഞിട്ട് കുറച്ചുകാലമേ ആയിട്ടൊള്ളു. അങ്ങിനെ സയൻസിനെ കൈനീട്ടി രക്ഷിച്ചതു് പ്രസിദ്ധ ഗണിതശാസ്ത്രജ്ഞനായ ഐയിൻസ്റ്റീൻ ആണെന്നു തോന്നുന്നു. അതുകാരണം ഇന്നു പ്രപഞ്ചത്തിന്റെ താക്കോൽ ഗണിതശാസ്ത്രമാണെന്നു് വിശ്വസിക്കപ്പെടുന്നു. ഇത്രയ്ക്കു സ്വതന്ത്രമായ പരിവത്തനത്തിനുമുൻപു എങ്ങോട്ടു ചാടിയാൽ രക്ഷകിട്ടുമെന്നു വിചാരിച്ചിരുന്നു. കാണുന്നതൊന്നു്; അനുഭവങ്ങൾ വേറൊന്നു്. പലതും ഭാവനാമണ്ഡലത്തിൽ മങ്ങിയുംതെളിഞ്ഞും കിടക്കുന്നുണ്ടായിരുന്നു. ഒന്നും പരീക്ഷണങ്ങൾക്കു് വഴങ്ങിക്കൊടുത്തുമില്ല വിജയഭേരിയോടുകൂടി ആവിർഭവിച്ച പ്രകൃതിനിർദ്ധാരണവാദങ്ങൾ തകരുമോ എന്നു ഭയപ്പെടുന്നു. കേന്ദ്രാകൃഷ്ടിക്കു വ്യാഖ്യാനിക്കാൻപാടില്ലാത്ത സംഗതികൾ അനുഭവപ്പെട്ടു. അടുത്തകാലംവരെ പ്രഭ (light) എന്നു പറയുന്നതു് ശക്തിയുടെ ഒരുതരം വീചിവിക്ഷോഭമാണെന്നു വിശ്വസിച്ചിരുന്നു. താദൃശങ്ങളായ ശക്തികളെ പ്രക്ഷേപണംചെയ്യണമെങ്കിൽ ഒഴിച്ചുകൂടാൻവയ്യാതിരുന്ന ഈതർ (Ether) ആവശ്യമില്ലെന്നായി ആധുനികവാദം. അതിനു പ്രധാനമായി കല്പിച്ചിരുന്ന ദ്രാവകസ്വഭാവം ആധുനികവിജ്ഞാനപ്രകാശത്തിൽ അസാദ്ധ്യമായിത്തീന്നിരിക്കുന്നു. നിമിഷമൊന്നിനു് 186000 മൈൽ വീതം പായുന്ന രശ്മികൾ കടന്നുപോരണമെങ്കിൽ ഈതർ ഉരുക്കിനുതുല്യം കട്ടകട്ടിയായിരിക്കണമെന്നുള്ള ഐയിൻസ്റ്റീന്റെ അഭിപ്രായം വിസ്മരിക്കത്തക്കതല്ല. ഇപ്പോൾ പ്രഭ, തരംഗതന്തുവോ വസ്തുമാത്രകളോ അല്ലെന്നു തെളിയിച്ചിരിക്കുന്നു. അങ്ങിനെ ശാസ്ത്രം നിന്നിടത്തുനിന്നല്ലാതെ പുതിയതായിട്ടു് ഒന്നു വളരാൻശ്രമിക്കുകയാണു്

വസ്തുലോകത്തിന്റെ മാനദണ്ഡമായി ഗണിച്ചിരുന്ന ജലജന്യ വാ ത ക ബി ജം (Hydrogen atom) അതിന്റെ രണ്ടായിരത്തിലൊരംശമുള്ള വൈദ്യുതബിന്ദുക്കളായി മാറിയിരിക്കുന്നു അതിനെ ഇലക്ട്രോൺ (electron) എന്നു വിളിക്കുന്നു അതിന്റെ ഭാരം മുഴുവനും അദൃശ്യമായ വിദ്യുച്ഛക്തികൊണ്ടാണെന്നും തെളിയിക്കുന്നു. അങ്ങിനെ വസ്തു നിഴലിന്റെ യാഥാത്ഥ്യത്തിലേക്കു മറഞ്ഞുകളഞ്ഞു വസ്തു എന്നുള്ളതിനു പകരം സ്വഭാവത്തിനു പ്രതിഷ്ഠ ലഭിച്ചുവരുകയാണു്. ഇപ്പോൾ രശ്മിക്കും സമ്മർദ്ദമുണ്ടെന്നു തെളയിക്കുന്നു. വിദ്യുച്ഛക്തി വസ്തുസ്വഭാവം അഭിനയിക്കുന്നു. ഇവയെല്ലാം പഴയ സിദ്ധാന്തങ്ങളോടുള്ള ബന്ധം മാത്രം മനസ്സിലാകുന്നില്ല. മരിച്ച മഹത്വം കല്ലറകളിൽനിന്നും ലോകത്തെ പലപ്പോഴും നിയന്ത്രിക്കുന്നു!

കഴിഞ്ഞശതകങ്ങളിലെ സയൻസിന്റെ ഘോഷങ്ങൾക്കെല്ലാം പ്രതിയുക്തികൾ പ്രബലമാകുന്നു. ഇത്രയ്ക്കു സവ്വഗ്രാഹിയായ ഒരു പരിവത്തനം — സ്വതന്ത്രമായ ഒരു ജീവൻ — മുൻപുണ്ടായിട്ടില്ല ആപേക്ഷികവാദവും (Theory of Relativity) ക്വാണ്ടംതീയറിയും (Theory of Quanta) ആണു ഇന്നു ശാസ്ത്രമണ്ഡലത്തിൽ അത്യുച്ചത്തിൽ നില്ക്കുന്നതു്. അവ ശാസ്ത്രത്തിന്റെ പല വിഷമങ്ങളെയും നിവാരണംചെയ്തു് കൂട്ടതലായി പലതും കണ്ടുപിടിച്ചു് അപഗ്രഥനം ചെയ്യുന്നു. മുൻപു കണ്ടതിനെയൊ ഇപ്പോൾകാണുന്നതിനെയോ ആധുനികശാസ്ത്രം നിഷേധിക്കുന്നില്ല എല്ലാം കണ്ട നമ്മുടെ കണ്ണുകളേയും അവയുടെ പരിചയങ്ങളെയും ആണു് അവിശ്വസിക്കുന്നതു് ഈകാണുന്നതൊന്നുമല്ല യഥാത്ഥ്യം. സ്ഥലം, കാലം, വസ്തു ഇവയെല്ലാം വ്യാമോഹങ്ങൾ. പ്രപഞ്ചം ദൂരദർശിനിക്കകത്തുള്ള ഒരുനിശ്ചിതമണ്ഡലമല്ല. അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു ബ്രഹ്മാണ്ഡമാണു്. നാശഗത്തത്തിലേക്കു ജ്വലിച്ചുപായുന്ന ഒരു ശക്തിസമൂഹമാണോ എന്നും സംശയിക്കപ്പെടുന്നു. പ്രകൃതിനിയമങ്ങളെല്ലാം സ്ഥലകാലദൈർഘ്യം (space-time continuum) എന്ന ഒരു മാനദണ്ഡത്തെ അടിസ്ഥാനമാക്കിയുള്ളതും അതിനെ ആവരണംചെയ്യുന്ന ഒരു ജ്യാമിതി (gometry-ക്ഷേത്രഗണിതം)യുടെ സ്വഭാവങ്ങൾമാത്രവും ആകുന്നു മനുഷ്യൻ ചില ചേഷ്ടകളാൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ധരായന്ത്രമല്ല.

ഈ ഒരു ചുരുങ്ങിയകാലംകൊണ്ടു ശാസ്ത്രത്തിനു കഴിഞ്ഞ ശതകങ്ങളിലെ വളച്ചയെ അതിക്രമിക്കാനുള്ളശക്തി ഉണ്ടായി എങ്കിലും അതു ഇതേവരെ പൂർണ്ണമായ സത്യത്തിൽ എത്തിയിട്ടില്ല. ഇന്നും ഒരു സംരംഭമായിരിക്കുന്നതേയൊള്ളു. അതിനെ വെളിച്ചത്തേക്കാൾ കൂടുതൽ വിഷമം അഭിമുഖീകരിക്കുന്നുണ്ടു്. ഇന്നത്തെ സത്യം നാളത്തെ സംശയമായിത്തീരുന്നു. അതിന്റെ അടിസ്ഥാനംകൂടി ഇളക്കുന്ന തത്വങ്ങൾ പ്രതിഷ്ഠിതമായി എന്നുവരാം. എന്തെന്നാൽ നമ്മെ കഠിനമായി വിഷമിപ്പിക്കുന്ന പ്രശ്നങ്ങളാണു ശാസ്ത്രമുഖങ്ങളിൽ തെളിഞ്ഞുകിടക്കുന്നതു്. ഇനിയും ഉണ്ടാകുന്ന പുതിയ സിദ്ധാന്തങ്ങൾ നമ്മെ ആശ്ചയ്യപ്പെടുത്തിയേക്കും. എന്നാൽ അമ്പരപ്പിക്കുകയില്ല. സയൻസിന്റെ ഇതേവരെയുള്ള വളർച്ചയിൽ അങ്ങിനെ ഒരനുഗ്രഹം ഉണ്ടായിട്ടുണ്ടു് ഡാർവിനു് തന്റെ വാദവുംകൊണ്ടു മുന്നോട്ടു പോകുന്നതിനു എത്ര കഷ്ടതകൾ സഹിക്കേണ്ടിവന്നു എന്നാൽ ഐയിൻസ്റ്റീൻ, മാക്സ് പ്ലാങ്ക് (Max Plank) എന്നിവക്കു സ്വതന്ത്രസ്വതന്ത്രമായ സിദ്ധാന്തങ്ങൾകൊണ്ടുപോലും വികാരസമുദ്രത്തിൽ ഒരു വീചിയെപ്പോലും ഉത്ഭവിപ്പിക്കാൻ കഴിഞ്ഞില്ല.

ഇന്നത്തെ സയൻസിനു കലയുടെ സ്വഭാവമാണുള്ളതു്. അതിൽ പ്രതിഭയ്ക്കാണു കൂടുതൽ സ്ഥാനം. ഇപ്പോൾ 'സ്വപ്നവാസി'കൾക്കും (Mystics) അവിടെ സ്ഥലമുണ്ടു്. ശാസ്ത്രം വളരുന്നതു തുടർച്ചയായിട്ടല്ല ക്വാണ്ടമായിട്ടാണെന്നു പറയാം. (Quanta-in-jerks) ഒരു തത്വത്തിൽനിന്നു മറെറാന്നിലേക്കു വഴിയില്ല. ഇപ്പോൾപൊങ്ങിനില്ക്കുന്ന ആപേക്ഷികവാദത്തിനും ക്വാണ്ടംതീയറിക്കും തമ്മിലുള്ള ബന്ധമെന്തെന്നു വ്യക്തമായിട്ടില്ല. ലോകായതവാദങ്ങൾ ക്ഷീണിച്ചുപോയി. പ്രപഞ്ചവും പ്രകൃതിയും ശാസ്ത്രത്തിന്റെ സാമഗ്രികൾക്കുള്ളിൽകൂടി കാണാവുന്ന സത്യംമാത്രമല്ല, ഉൾക്കൊള്ളുന്നതെന്നും അചേതനങ്ങളുടെ ചൈതന്യസ്വഭാവമല്ല ജീവൻ എന്നും ശാസ്ത്രം സമ്മതിക്കുന്നു. എന്നാൽ ഇപ്പോൾ അനിശ്ചിതത്വം എന്ന പദംകൊണ്ടാണു ശാസ്ത്രം പല ചോദ്യങ്ങൾക്കും ഉത്തരം പറയുന്നതു്. ഈ പ്രപഞ്ചം എങ്ങോട്ടാണു വികസിക്കുന്നതെന്നറിവില്ല. Radium atom എപ്പോൾ എന്തുകൊണ്ടു പൊടിയുന്നുഎന്നു പറയാനും നിവൃത്തിയില്ല. കാര്യകാരണബന്ധം മറഞ്ഞതുപോലെ തോന്നുന്നു. പ്രകൃതിക്കുതന്നെ നിശ്ചിതസ്വഭാവം ഉണ്ടോ? അതിന്റെ സ്വഭാവത്തെ സ്പർശിക്കാതെനമുക്കതിനെ അറിവാൻ നിവൃത്തിയില്ല. ജീവന്റെ ഉത്ഭവം എങ്ങിനെ എവിടെനിന്നു എന്നചോദ്യം ഇപ്പോഴും ശേഷിക്കുന്നു. ഒരുപക്ഷെ പ്രകൃതിയോടു നാം ചോദിക്കുന്ന ചോദ്യങ്ങൾ നിരത്ഥകങ്ങളാണെന്നു വരാം. മുൻപും ഇങ്ങനെ ശാസ്ത്രത്തിനു പല സംശയങ്ങളും ഉണ്ടായിരുന്നു. അതിൽ ഓരോന്നുകൊണ്ടാണു പരീക്ഷണശാലകളിലേക്കു സയൻസു പ്രവേശിച്ചതു്. എന്നാൽ ഇന്നത്തെ സംശയങ്ങൾ പരീക്ഷണസാമഗ്രികളിലേക്കു പ്രവേശിക്കാത്തവയാണു്. അതാണു വിഷമം. അതിനാൽ സയൻസിന്റെ പരീക്ഷണശാല ചിത്തമണ്ഡലത്തിലേക്കു മാററിയിരിക്കുകയാണു്. അവസാനവും മാനസികമായിരിക്കുമെന്നു സംശയിക്കുന്നു. ഇപ്പോൾ സയൻസിനു എന്താണു പറവാനുള്ളതെന്നല്ല ശാസ്ത്രജ്ഞന്മാർ ശ്രദ്ധിക്കുന്നതു്. സയൻസുതന്നെയാണു് ആകർഷകമായിരിക്കുന്നതു്. ഒരുപക്ഷെ ഇന്നത്തെ പ്രതിഷ്ഠാപിതതത്വങ്ങളുടെ മരണശാസനം ഭാവിയുടെ കൈകളിൽ ഇരിക്കുന്നുണ്ടു്. ബുദ്ധികൊണ്ടു അന്വേഷിക്കുംതോറും സത്യം അകന്നകന്നുപോകുന്നു. തത്വശാസ്ത്രത്തിന്റെ സഹായംകൂടാതെ മുന്നോട്ടുപോകാൻ പ്രയാസമെന്നു ശാസ്ത്രജ്ഞന്മാക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. "സാധാരണന്മാക്കു സയൻസിൽ വിശ്വാസം ഉണ്ടായിത്തുടങ്ങിയപ്പോൾ പരീക്ഷണശാലകളിലുള്ളവക്കു് അതിലുള്ള വിശ്വാസം കുറയുവാൻ തുടങ്ങിയതു സന്താപകരം തന്നെ."

---


**Cure for Tooth Trouble etc.**

**Consult Dr. Philip Modiel,**

**Surgeon Dentist,**

**Statue Road, Trivandrum.**


---


അമരസിംഹൻ.

രജപുത്രരാജാക്കന്മാരുടേയും, രാജ്ഞികളുടെയും വീരകൃത്യങ്ങളെക്കൊണ്ടു നിബിഡമായ ഒരു നോവൽ. വില അണ 12.

മാനേജർ,

ശ്രീരാമവിലാസം പ്രസ്സ്—കൊല്ലം

# ആസന്നഭാവിയിലെ അത്ഭുതകരമായ കണ്ടുപിടിത്തം.

മാത്യു എം. കുഴിവേലി ബി. എ.

അടുത്ത ഭാവിയിൽ നടപ്പിൽവരാൻ ഇടയുള്ളതും, ചിത്രവാരികാവായനക്കാർക്ക് പ്രത്യേകം സന്തോഷപ്രദമായിരിക്കുന്നതും ആയ ഒരു അത്ഭുതാവഹമായ കണ്ടുപിടിത്തത്തെപ്പററി സംക്ഷിപ്തമായി പ്രസ്താവിക്കണമെന്നേ ലേഖകൻ ഇപ്പോൾ ഉദ്ദേശിക്കുന്നുള്ളു. മാന്യവായനക്കാരുടേയും എന്റെയും ഭാഗ്യപരിപാകഫലമായി കണ്ടുപിടിത്തം പൂൎത്തിയായാൽ ആ കാലത്തു് വിശദമായും ദീൎഘമായും പ്രസ്താവിച്ചുകൊള്ളാം. അത്ഭുതകണ്ടുപിടിത്തങ്ങൾ പ്രയോഗത്തിൽ വന്നുകാണാതെ അവയെപ്പററി വിശ്വസിക്കുന്നതിന്നു് വൈമനസ്യമുള്ള ധാരാളം ആളുകൾ നമ്മുടെ ഇടയിൽ ഉണ്ടു്. അതിനാൽ ശാസ്ത്രീയകണ്ടുപിടിത്തങ്ങളുടെ ഭാവിയിലേക്കു യഥേഷ്ടം കടക്കുന്നതിന്നു് അല്പം സന്ദേഹമുണ്ടു്. പുരുഷസഹായം കൂടാതെ ശാസ്ത്രീയമായി സന്താനോല്പാദനംചെയ്യാമെന്നു് അമേരിക്കയിൽ ഈയിടെ കണ്ടുപിടിച്ച സംഗതി ആംഗ്ലേയഭാഷാഭിജ്ഞനായ എന്റെ ഒരു മാന്യസ്നേഹിതൻ മുൻ ഒരു ലക്കം ചിത്രവാരികയിൽനിന്നുവായിച്ചിട്ടു് "What Nonsense! എന്തൊരു പ്രജ്ഞാഹീനത!" "ഇതുവല്ലതും നടക്കുന്നകാൎയ്യമാണോ?" എന്നു് എന്നോടു ചോദിക്കുകയുണ്ടായി. ഈ പ്രശ്നോത്തരമായി 'മിസ്റ്റർ—, ഒരുകാലത്തുമനുഷ്യനു പറക്കാൻ സാധിക്കുമെന്നു് സ്വപ്നേപി ചിന്തിച്ചിരുന്നതാണോ? ഇപ്പോൾ അതു സാധ്യമായില്ലേ? എന്നു മറുപടിപറഞ്ഞു. ഉടനെ സ്നേഹിതൻ വീണ്ടും, "മി- കുഴിവേലി! പറക്കുന്നതുപോലെയാണോ സന്താനോല്പാദനം? എന്നൊരു പ്രശ്നശരം എന്റെ മേൽ പ്രയോഗിച്ചു. അല്ലെന്നു സമ്മതിക്കാതെ ഗത്യന്തരമുണ്ടോ? ശാസ്ത്രീയസന്താനോൽപാദനക്കാൎയ്യം വായനക്കാരെ രസിപ്പിക്കാൻവേണ്ടി ചിത്രവാരികാപത്രാധിപർ പ്രയോഗിച്ച ഒരു പൊടിക്കൈയായിട്ടാണു് വിഡ്ഢാൻ ഇപ്പോഴും ധരിച്ചുവെച്ചിരിക്കുന്നതു്. അത്ഭുതസംഗതികൾ മനുഷ്യരെ വിശ്വസിപ്പിക്കാനുള്ള വൈഷമ്യത്തിനു ഉദാഹരണമായി ഇങ്ങനെയൊരു പരമാൎത്ഥം പ്രസ്താവിച്ചു എന്നേയുള്ളു. ഇനി പ്രകൃതത്തിലേക്കു പ്രവേശിക്കാം.

അധികകാലവിളംബമെന്യെ നടപ്പിൽ വരാൻ ഇടയുള്ള കണ്ടുപിടിത്തം, വൎത്തമാനപ്പത്രവിതരണത്തെ പ്രത്യേകം ഉദ്ദേശിച്ചുള്ള ഒന്നാണു്. തപാൽ ഗതാഗതത്തിന്നു് തീവണ്ടികളും വിമാനങ്ങളും ഉപയോഗപ്പെടുത്തിവരുന്നുണ്ടെങ്കിലും വിദൂരരാജ്യങ്ങളിൽ പത്രമാസികകൾ ലഭിക്കുന്നതിന്നു് ഇപ്പോഴും രണ്ടും മൂന്നും ദിവസത്തെ താമസമുണ്ടു്. തിങ്കളാഴ്ച പ്രസിദ്ധീകരിക്കേണ്ട ചിത്രവാരിക ശനിയാഴ്ചതന്നെ അച്ചടിച്ചുകഴിഞ്ഞാലും അഞ്ചൽമാൎഗ്ഗം വരുത്തുന്നവൎക്കു ചൊവ്വാഴ്ചയെ ലഭിക്കുകയുള്ളു. നവംനവങ്ങളും ആധുനികങ്ങളും ആയ ആശയങ്ങളെ ഉൽക്കണ്ഠയോടെ പ്രത്യാശിച്ചിരിക്കുന്നവൎക്കു ഈ താമസം അസാമാന്യമായ അക്ഷമയ്ക്കു കാരണമാകുന്നു. ശോചനീയമായ ഈ ദുസ്ഥിതിക്കു പരിഹാരമുണ്ടാകുന്നതു ചിത്രവാരികാപാരായണാസക്തന്മാൎക്കു പ്രത്യേകം സന്തോഷപ്രദമായിരിക്കുമല്ലൊ.

തപാൽഏൎപ്പാടിന്നു് ഏറെക്കുറെ വിമാനങ്ങൾ ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും, പത്രവിതരണത്തെ മാത്രം ഉദ്ദേശിച്ചു് പാശ്ചാത്യരാജ്യങ്ങളിൽപോലും വിമാനസൎവ്വീസുകൾ നടപ്പിൽവന്നിട്ടില്ല. പത്രത്തിന്റെ അച്ചടിയും, മടക്കും, മേൽവിലാസം എഴുത്തും കഴിഞ്ഞു് ഏതെങ്കിലും ഒരു തപാൽഭാരത്തിൽ ഇട്ടുകഴിഞ്ഞാൽ പത്രാധിപരുടെ ജോലികഴിഞ്ഞു. എന്നാൽ ഇത്രയും മാത്രംകൊണ്ടു പത്രാധിപരുടെ ജോലി കഴിയാതെ പത്രവിതരണവുംകൂടെ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ആപ്പീസിൽവെച്ചുതന്നെ നടത്തുന്നതിനു ഉപകരിക്കത്തക്ക ഒരു ഉപായമാണു് അടുത്തകാലത്തു നടപ്പിലാകാൻപോകുന്ന കണ്ടുപിടിത്തം ഇതിന്റെ സഹായത്താൽ പതിനായിരമോ പത്തുലക്ഷമോ വരിക്കാൎക്കു് അഞ്ചോ പത്തോ മിനിട്ടു സമയംകൊണ്ടു് പത്രങ്ങൾ എത്തിച്ചുകൊടുക്കാൻ സാധിക്കുമെന്നു് അസാമാന്യപണ്ഡിതന്മാരായ പല ശാസ്ത്രജ്ഞന്മാരും ഗാഢമായി വിശ്വസിക്കുന്നു. പത്രങ്ങളുടെ വരിസംഖ്യ കുറയുന്നതിനു ഈ മാതിരി വല്ല സൂത്രങ്ങളും ഇനി കണ്ടുപിടിക്കാതെയിരുന്നാൽ മതിയായിരുന്നു യാതൊരു യന്ത്രനിയന്ത്രകന്റെയും സഹായം കൂടാതെ, പത്രാധിപരുടെ ഇഷ്ടംപോലെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലേക്കും നിശ്ചിതപഥങ്ങളിൽകൂടെ സഞ്ചരിച്ചു് സ്വതേ പത്രവിതരണം നടത്തുന്നതിനു കഴിവുള്ളതായ ഒരുതരം പുതിയ ഇലക്ട്രിക്കു് വിമാനങ്ങൾ മാൎഗ്ഗമായിട്ടാണു് ഈ പരിഷ്കൃതസമ്പ്രദായം നടപ്പിലാകാൻപോകുന്നതു. പത്രാധിപർ മാത്രം വിചാരിച്ചാൽ കന്യാകുമാരിമുതൽ ഗോകൎണ്ണംവരെ നാലഞ്ചുമിനിട്ടു സമയംകൊണ്ടു് പത്രവിതരണം സാധിക്കുമെന്നുള്ളതു് ഏതു മലയാളപത്രാധിപൎക്കാണു് സന്തോഷപ്രദമല്ലാത്തതു്? പത്രങ്ങൾ കെട്ടുകെട്ടായി വിമാനത്തിൽകയററിയിട്ടു് പത്രാധിപർ സ്വന്താഫീസിലെ മേശയിൽ ഘടിപ്പിച്ചിരിക്കുന്ന ഒരു ബട്ടൻ അമൎത്തിയാൽ കേരളത്തിലെ സകല പട്ടണങ്ങളിലും ഉള്ള ഏജന്റന്മാൎക്കു തൽക്ഷണം പത്രം കിട്ടുമെന്നറിയുന്നതു വായനക്കാൎക്കു സീമാതീതമായ സന്തോഷം ഉളവാക്കുന്നതാണു.

ഇപ്പോൾ നടപ്പിലിരിക്കുന്നമാതിരി വിമാനങ്ങളിൽനിന്നും വ്യത്യസ്തമായ ഒരുതരം വിമാനങ്ങളാണു ഇതിലേക്കു ഉപയോഗിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു്. ഇതിന്നു് ഡ്രൈവർമാർ ആവശ്യമേയില്ല. (ഈശ്വരാ! മോട്ടോറിന്റെ കാൎയ്യത്തിൽ ഇങ്ങനെയൊരു പരിഷ്കാരം ഈ അടുത്തകാലം കഴിയാതെ ആരും കണ്ടുപിടിക്കരുതേ!) കമ്പിയില്ലാക്കമ്പിത്തപാൽമാൎഗ്ഗം വാൎത്താവിനിമയം ചെയ്യുന്നതിനു അയക്കുന്ന സ്ഥലത്തും, സ്വീകരിക്കുന്ന സ്ഥലത്തും മാത്രം ആളുകളുടെ സഹായം മതിയല്ലോ. വൎത്തമാനങ്ങൾ വായുവിൽക്കൂടെനിൎദ്ദിഷ്ടസ്ഥലങ്ങളിലേക്കു ആളുകളുടെ സഹായംകൂടാതെ അയക്കാമെങ്കിൽ വൎത്തമാനങ്ങൾ വഹിക്കുന്ന കടലാസുകൾ എന്തുകൊണ്ടു് അപ്രകാരം അയച്ചുകൂടാ? ഈ ചോദ്യമാണു ഈ പുതിയ കണ്ടുപിടിത്തശ്രമത്തിനു കാരണം.

പത്രവിതരണവിമാനങ്ങൾ വിലക്കുറവുള്ളവയും, നടത്തിപ്പിന്നു് ലാഘവകരങ്ങളും ആയിരിക്കും. വിമാനം പോകാനുള്ള മാൎഗ്ഗങ്ങളിൽ ഉദ്ദേശം ൧00-മയിൽ ഇടയിട്ടു ഓരോ ഉയരംകൂടിയ സ്തംഭങ്ങൾ ഉണ്ടായിരിക്കണം. ഇവകമ്പിയില്ലാക്കമ്പിത്തപാൽകാലുകൾപോലെആകാശത്തിലേക്കു വിദ്യുച്ഛക്തി പ്രസരിപ്പിക്കുന്നതിനു ശക്തിയുള്ളവയായിരിക്കണം. വിമാനം പുറപ്പെടുന്നതു ആലക്തിക ശക്തികൊണ്ടായിരിക്കുന്നതാണു്. തൂണുകളിൽനിന്നു് അംബരമാൎഗ്ഗത്തിലേക്കുയരുന്ന വിദ്യുത്തരംഗങ്ങളെസ്വീകരിച്ചു അവയുടെ നിയന്ത്രണത്തിന്നു് സ്വയം വിധേയമാകുന്ന ചില യന്ത്രവിശേഷങ്ങൾ വിമാനത്തിൽ ഉണ്ടായിരിക്കും. തന്മൂലം ഒരു തൂണിൽനിന്നു് ഉദ്ഗമിക്കുന്ന



ഹൈദ്രാബാദു് നൈസാം മഹാരാജാവു തിരുമനസ്സിലെ കിരീടാവകാശിയായ പുത്രൻ 'നവാബ് അസാംജാ ബഹദൂർ' യുവരാജാവും പുത്രനും ശിശുവായ രാജകുമാരന്റെ ജന്മദിനം ഈയിട കൊണ്ടാടപ്പെടുകയുണ്ടായി.

ആലക്തികവീചികളെ സ്വീകരിച്ചു, അവയുടെ ശക്തികൊണ്ടു നിശ്ചിതമാർഗ്ഗത്തിൽ ക്കൂടെഅതിവേഗത്തിൽപറന്നു്വിമാനംഅടുത്ത തൂണിൻെറ മുകളിൽ എത്തുന്നതാണു. ഇപ്രകാരംമാൎഗ്ഗമദ്ധ്യേ എവിടെയെല്ലാം തൂണുകൾ ഉണ്ടോ അവിടെയെല്ലാം വിമാനം എത്തുന്നതായിരിക്കും. ഓരോ തൂണിൻെറ ചുവട്ടിലും ഓരോ വാച്ചർമാർ ഉണ്ടായിരുന്നാൽ കൊള്ളാം. വിമാനങ്ങൾ യഥേഷ്ടം നിറുത്തുകയോ, തിരിച്ചുവിടുകയോചെയ്യുന്നതിനു അവരുടെ സാന്നിദ്ധ്യം കൂടുതൽ സഹായകരമായിരിക്കും.

ഈദൃശവിമാനങ്ങൾ നടപ്പിൽവരുമ്പോൾ എങ്ങനെയാണു ഇവ പത്രവിതരണം സാധിക്കുന്നതെന്നു ഒരു പ്രത്യക്ഷ ഉദാഹരണമെത്തു വിശദപ്പെടുത്താം. കൊല്ലത്തു് 'മലയാളരാജ്യം'ആഫീസിനോടുഘടിപ്പിച്ചിരിക്കുന്ന വിമാനസങ്കേതത്തിൽനിന്നു് പുറപ്പെടുന്ന വിമാനം കൊട്ടാരക്കര, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം, കോഴിക്കോട്ട്, മുതലായ സ്ഥലങ്ങളിലേക്കുള്ള ചിത്രവാരികക്കെട്ടുകളുമായി രാവിലെ കൃത്യം ൯-മണിക്കു പുറപ്പെടുന്നു എന്നു വിചാരിക്കുക. 9-2 നു് ചങ്ങനാശ്ശേരിയിലും, 9-3 നു് കോട്ടയത്തും, 9-4 നു് എറണാകുളത്തും, 9-5 നു് കോഴിക്കോട്ടും എത്തുമെന്നു് അറിയാമെന്നും സങ്കല്പിക്കുക. മുൻപറഞ്ഞ സമയങ്ങളിൽ (ഒരു സെക്കൻറുപോലുംതെററരുതു് ഓരോരോകെട്ടുകൾ തനിയെ താഴെവീഴാൻതക്കവിധത്തിൽ ഉപകരിക്കുന്ന 'ഘടികാരസ്വിച്ചുകൾ' അഥവാ സൂത്രങ്ങൾ വിമാനത്തിൽ ഘടിപ്പിച്ചാൽ ചങ്ങനാശ്ശേരി, കോട്ടയം, എറണാകുളം, കോഴിക്കോട്ട്, എന്നീസ്ഥലങ്ങളിൽ യഥാക്രമം എത്തുമ്പോൾ ഓരോ കെട്ടുകളും തനിയെ താഴെവീണുകൊള്ളും. പ്രസ്തുതസ്ഥലങ്ങളിലെ ഉത്തരവാദിത്വമുള്ളഏജൻറന്മാർ കൃത്യസമയത്തു യഥാസ്ഥലങ്ങളിൽ കാത്തുനിന്നാൽ ആകാശത്തിൽനിന്നും നിലംപതിക്കുന്ന കെട്ടുകൾ എടുത്തുപൊട്ടിച്ചു് ഉടൻതന്നെ വരിക്കാൎക്കു വിതരണംചെയ്യുകയും ചെയ്യാം.

ഈ കണ്ടുപിടിത്തം നടപ്പിൽവരുന്നതോടുകൂടെ തപാൽമാസ്റ്ററന്മാരും ഈദൃശവിമാനങ്ങൾ ഉപയോഗിച്ചുതുടങ്ങുന്നതാണു്. നമ്മുടെ അഞ്ചൽമാസ്ററന്മാരും ഇതുപയോഗിക്കുന്നതിനു് ബദ്ധശ്രദ്ധരായിരിക്കാത്തപക്ഷം അഞ്ചൽഡിപ്പാർട്ടുമെൻറുതന്നെ നിന്നുപോകാൻ ഇടയുണ്ടു്. 5 മിനിട്ടുകൊണ്ടു പോസ്റ്റിൽ എഴുത്തുകൾ കിട്ടാൻ സൌകൎയ്യമുണ്ടെങ്കിൽ മൂന്നാംപക്കംവരുന്ന അഞ്ചൽ ആരു തിരിഞ്ഞുനോക്കും? കൂടാതെ ഈയേപ്പാടു അഞ്ചൽസവീസു്മോട്ടോർ ഉടമസ്ഥന്മാൎക്കു രസിച്ചു എന്നു വരികയില്ല. അമേരിക്കയിലും ജർമ്മനിയിലും ഇരുന്നുകൊണ്ടു ഈ കണ്ടു പിടിത്തത്തിലേപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാൎക്കു ഇവരുടെകാൎയ്യം അറിവുണ്ടായിരിക്കയും ഇല്ല

പരീക്ഷണദശയിൽനിന്നു് പ്രായോഗികമാൎഗ്ഗത്തിലേക്കു പ്രവേശിക്കാനിരിക്കുന്നഈ പദ്ധതി നടപ്പിൽ വരുമ്പോൾ പട്ടണങ്ങളിലെ റോഡുകൾ ഇനിയുംകാലുകൾ(posts) കൊണ്ടുനിറയും. ഇപ്പോൾതന്നെ ലോകത്തിലെ പ്രധാനപട്ടണങ്ങളെല്ലാം കമ്പിത്തപാൽകാലുകൾ, കമ്പിയില്ലക്കമ്പിത്തപാൽകാലുകൾ, ദൂരശ്രവണിക്കാലുകൾ, റേഡിയോസ്വീകരിണിക്കാലുകൾ,കുഴൽവെള്ളക്കാലുകൾ, വിമാനസങ്കേതസ്തംഭങ്ങൾആദിയായഅനേകവിധം കാലുകൾകൊണ്ടു നിറഞ്ഞുകഴിഞ്ഞിരിക്കയാണു് ഇലക്ട്രിക്കുട്രയിനും ഇലക്ട്രിക്കു മോട്ടോറുംകൂടെ നടപ്പിലായാൽ പിന്നത്തെക്കഥ പറയാനുമില്ല. നമ്മുടെ പഴയ കാളവണ്ടിയും കേവുവള്ളവും കൂടി ഇലക്ട്രിസിററി ഉപയോഗിക്കുവാൻ തുടങ്ങിയാൽ കാൎയ്യമെല്ലാം കുഴപ്പത്തിലാകും.

ഇലക്ട്രിക്കു്വിമാനങ്ങൾ നടപ്പിൽവരുന്നതു് ആകാശസഞ്ചാരത്തിലെ അതപ്രധാനമായ ഒരഭിവൃദ്ധിഘട്ടമാണു്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന പെട്രോൾവിമാനങ്ങളെക്കാൾ അപകടം കുറഞ്ഞരീതിയിലും, ആദായകരമായവിധത്തിലും സൎവീസുകൾ നടത്തുന്നതിനു പുതിയ വൈദ്യുതവിമാനങ്ങൾ ഉപകരിക്കുമെന്നുള്ളതിനു സംശയമില്ല. ഈ മാതിരിവിമാനങ്ങളുടെപ്രയോഗസാദ്ധ്യതയെപ്പററിയുള്ള പരീക്ഷണങ്ങൾ മിക്കവാറും പൂൎത്തിയായിരിക്കയാണു്. ആസ്ഥിതിക്കു ഈയുള്ളവൻെറകാലത്തുതന്നെ പത്രവിതരണം മുൻപ്രസ്താവിച്ചമാതിരിവിമാനങ്ങൾവഴിയായി നടത്തുവാൻ സാധിക്കുമെന്നു് പ്രത്യാശിക്കുന്നതിൽ അസാംഗത്യമില്ലല്ലോ. ചിത്രവാരിക തിങ്കളാഴ്ച പത്തുമണിക്കു കേരളത്തിലെ സകലഗൃഹങ്ങളിലും എത്താൻ ഇടവരട്ടെ!

---

# ആനന്ദഭാരം.

എൻ. ലളിതാംബിക അന്തർജ്ജനം.

(മഞ്ജരി)

മേദിനിതാങ്ങുന്നമേദുരഭാരമാ-
യായിരംശീൎഷത്താലാദിശേഷൻ
ഭൂമിയോനില്ക്കുന്നസൎവംസഹ-സൎവ്വ
ഭൌതികഗൎഭിണി നിസ്സബ്ദയായ്
വ്യോമനിതുങ്ങുംജലധരശ്രേണിക-
ളാമയഭാരാലുഴറിടുന്നു.
കണ്ണുനീരോലോല വീഴ്ത്തിക്കൊണ്ടായവ
മണ്ണിൽകളയുന്നു ഭാരമെല്ലാം
നക്രതിമിംഗലാദ്യാകുലഗൎഭ്യാ-
മബ്ധിയലറുന്നു ഘോരഘോരം
വിസ്തൃതവാനിന്നേ: വക്ഷസ്സിൽതാങ്ങുമീ
ചക്രവാളങ്ങളുംചഞ്ചലിപ്പൂ.
എങ്കിലുമെന്തെൻെറകുക്ഷിസ്ഥമീഭാരം
സങ്കടദ്യോതകമല്ലതെല്ലും
മങ്കഞാനേല്ക്കുന്ന മംഗലാശിസ്സോടു-
മെങ്കലീദ്ദുൎവ്വഹമാം ചുമടും
കായത്തിൻസാദമോ കൈകാൽതളൎച്ചയോ
ഭൂയിഷ്ഠശോകദമാകുന്നില്ല.
ലോകത്തിൻനില്പിനായ്ലോകൈകനായക
നേകിയോരീച്ചുമടേററിടുമ്പോൾ
ആനന്ദമാനന്ദ-മാനന്ദമത്രേയീ-
യാകുലഭാരങ്ങളാണകലം.
ആതങ്കമേലാതെയീശ്വരനേകുമോ
ഏതെങ്കിലുമൊരുസൌഖ്യസാരം.
ഈവിലയേറിയ ഭാരംവഹിപ്പതെൻ
ജീവിതകാലത്തിൻഭാഗ്യഭാഗം
ആവിലമേലാതിന്നെൻകയ്യിൽതങ്ങുന്ന
ഭാവിലോകത്തിൻെറ ഭാഗധേയം
ദുൎവ്വഹക്ലേശസമാകുലമാമിതിൽ
ദുൎവാരമായ്തോന്നുമൌൽസുക്യമോ-
പാൎവ്വണചന്ദ്രനേ ഗൎഭത്തിലേന്തുന്ന
പൂൎവദിങ്ങ്നാരിക്കുമില്ലന്നൂനം.
ഉൎവിതൻനന്മയ്ക്കൂൻ കൎത്തവ്യകൎമ്മമായ്
സൎവേശ്വരാതവകാരുണ്യത്താൽ
ഗൎവ്വവിഹീനംഞാൻ കയ്യേററുകൊള്ളാമീ
നിൎവ്വ്യാജമാമതിമാനഭാരം.
എന്നേയവിടുന്നു വിശ്വസിച്ചേല്പിച്ചൊ-
രിന്നവ്യസമ്പത്തുകാത്തുവീണ്ടും
മുന്നിൽസമൎപ്പിച്ചുകൊള്ളുംദിവസമ-
തെന്നെന്നുതന്നെഞാൻ കാത്തിരിപ്പൂ.
ഇമ്മഹാഭാരത്തെ പോററിപ്പുലൎത്തുവാ-
നുണ്മയിൽവേണ്ടുന്നശക്തിനൽകാൻ
അമ്മേവണങ്ങുന്നു സാദരംലോകൈക
ബ്രഹ്മാണ്ഡഗൎഭേ! നിൻപാദപത്മം.

---


## സൈൻറിഫിക്ക് സ്വൎണ്ണാഭരണങ്ങൾ

—*—

(തനി സ്വൎണ്ണത്തിനു പകരമുള്ളതു്)

ഹൈക്കോടതിജഡ്ജിമാർ, ഗവൎമ്മെൻറിൻെറ മന്ത്രിമാർ തുടങ്ങി പ്രശസ്തരായ പല മാന്യന്മാരാലും പ്രശംസിക്കപ്പെട്ടതു്.




പുതിയ ക്യാററലാഗ് ഇനാം.

**The Scientific Gold Bangles Co., Ltd,**

Head Office:- 43, Byragimatam Street,
Post Box No. 203. MADRAS.

# സി. വി-യും കവിതയും.

വി. ഗോപാലപിള്ള ബി. എ; എൽ. ററി.

(തുടർച്ച)

കവിയുടെ സമുദായചിത്രങ്ങളും സുന്ദരങ്ങളാണ്. പൗരുഷപ്രകടത സ്വത്രതികഞ്ഞുനിൽക്കുന്നു. ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതിനുള്ള ശ്രമം ലേഖനത്തിന്റെ ദൈർഘ്യത്തിനും, ഒന്നുംപറയാൻ ഇടയാകാത്തതിലുള്ള കുണ്ഠിതത്തിനുംമാത്രം കാരണമാകും. എന്നാൽ രംഗസൃഷ്ടിയെ കവിഞ്ഞു് കവിയുടെ പാത്രനിർമ്മാണവൈദഗ്ദ്ധ്യം ആ വിഷയത്തിൽ ശ്രമിച്ചിട്ടുള്ള ഇതരകവികളെ തുല്ലിടിയിക്കുന്നു. അദ്ദേഹത്തിന്റെ കലാശാസ്ത്രസൂക്ഷ്മാവേക്ഷണപാടവങ്ങളും അഭ്യാസവും ഇവിടെ തികച്ചും പ്രത്യക്ഷപ്പെടുന്നു. പാത്രങ്ങളെ ഒന്നാമതായി നമ്മുടെ മുമ്പിൽ പ്രവേശിപ്പിക്കുമ്പോൾ ഗ്രന്ഥകാരൻചെയ്യുന്ന വർണ്ണന, അവരുടെ സംഭാഷണരീതി, പെരുമാററം ഇവ അനിതരസാധാരണങ്ങളാണ്. അദ്ദേഹത്തിന്റെ എല്ലാപാത്രങ്ങളുടെ സൃഷ്ടിയിലും തുല്യവൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിട്ടുണ്ട്. പാത്രസൃഷ്ടിയിൽ ഇത്രമാത്രം വൈദഗ്ദ്ധ്യം മററാരു കവികളും വരുത്തീട്ടില്ല. സാധാരണ കഥകൾ രാഷ്ട്രങ്ങളുടേയോ സമുദായങ്ങളുടേയോ ചരിത്രങ്ങളെ വർണ്ണിക്കുന്നതിനായി 'ഭാവി'ച്ചാലും പാത്രസൃഷ്ടിയുടെ സംകുചിതാവസ്ഥകൊണ്ടു വായനക്കാക്ക് ഈ 'ഭാവന' ഉണ്ടാകുന്നില്ല. ആർട്ടിസ്റ്റ് രവിവർമ്മ തിരുമേനിയുടെ രൂപങ്ങളോട് ഇദ്ദേഹത്തിന്റെ പാത്രങ്ങൾ സാദൃശ്യംവഹിക്കുന്നുണ്ട്. സിംഹക്കുട്ടിയെ പിടിച്ചു കക്ഷത്തിലാക്കി സിംഹിയെ ശിക്ഷിക്കുന്ന സർവ്വദമനൻ, വാതിലുന്നിൽക്കുന്ന ശ്രീകൃഷ്ണൻ, ശിംശപാതരുമൂലസ്ഥയായ സീത, ഊഞ്ഞാലാടുന്ന മോഹിനി, എന്നു വേണ്ട അദ്ദേഹത്തിന്റെ എല്ലാ രൂപങ്ങളും യാഥാർത്ഥ്യത്തിനു ലോപംവരുത്താതെ ചെയ്തിട്ടുള്ള സൃഷ്ടികളാണ്. അച്ചുപിള്ളയേയും, കുഞ്ചൈക്കുട്ടിപ്പിള്ളയേയും, തമ്പിയേയും, മണികണ്ഠനേയും, കൊടന്തയേയും, മാങ്കോയിക്കൽകുറുപ്പിനേയും, ഹരിപഞ്ചാനനനേയും, ഉമ്മിണിപ്പിള്ളയേയും, രാമവമ്മമഹാരാജാവിനേയും, ഇമിറേറഷൻബബ്ളേശ്വരനേയും, ടിപ്പുവിനെയും, ഗൗണ്ഡനെയും, ഇങ്ങിനെ ഇങ്ങിനെ മറെറല്ലാവരെയും ഇത്ര ചാതുര്യത്തോടുകൂടി ഇനിയൊരു ബ്രഹ്മാവില്ലനാതെ സൃഷ്ടിച്ചുവിടാൻ പ്രയാസം. ഒരു പാത്രത്തെ മാത്രം എടുത്തുകാണിച്ചു നിരാശപ്പെടാനെ തൽക്കാലം തരമാകുന്നുള്ളു.

"മറെറാരു വിശ്വാമിത്രസൃഷ്ടിയായി ചിലപ്പോൾ തീൻപോയിട്ടുള്ള ചിലമ്പിനേത്തു ചന്ത്രക്കാര (Mr. K M. Panikkar ആത്മപോഷിണി Book 10 No. 12) നെപ്പററിത്തന്നെ ചിന്തിക്കാം. ഇരുക്കോൽ വട്ടമുള്ള വെള്ളകിൽഗോളത്തിൽനിന്നും ശില്പവിദഗ്ദ്ധന്റെ കരകൌശലംകൊണ്ടു നിർമ്മിക്കപ്പെട്ട ആ രൂപത്തെ അ ഗംപ്രതി പരിശോധിച്ചാലും മിക്കതിന്റെ സൃഷ്ടിയിലും ഈ ഗോളധർമ്മം വിസ്മൃതമാകാതെതന്നെ രൂപനിർമ്മാണം നിർവ്വഹിക്കപ്പെട്ടിരുന്നു എന്നു കാണപ്പെടും. വിസ്തൃതലലാടത്തിനുപുറകോട്ടുള്ള ചരിവും തെളുതെളപ്പും നേത്രഗർത്തങ്ങളിൽനിന്നും ഉന്തിനില്ക്കുന്ന വട്ടക്കണ്ണുകളുടെ മണികൾക്കുള്ള പിംഗളതയും, ചിരിക്കുമ്പോൾ കണ്ണുങ്ങളെ എച്ചിലാക്കുന്ന വായുടെ ദൈർഘ്യവും പത്മനാഭസ്വാമിക്ഷേത്രത്തിലെ മീനമഹോത്സവത്തിൽ നിറുത്തപ്പെടുന്ന പാണ്ഡവപ്രതിമകളിൽ കാണപ്പെടുന്നതുപോലുള്ള ദന്തപ്പരലുകളുടെ വെണ്മയും കഥകളിക്കാരുടെ കറുത്ത കുപ്പായം ശകലിച്ചു പതിച്ചതുപോലുള്ള രോമാവലീഭംഗിയും മിത്രഭേദോപാഖ്യാനത്തിലെ പിംഗളർഷഭന്റെ മുക്കുറയെക്കാത്ത ശബ്ദഘോരതയും ശിവകിങ്കരനായ കണ്ഡോദരന്റെ ഹാലാസ്യപുരാണപ്രസിദ്ധമായുള്ള അതിരോചകതയും സഞ്ചാരത്തിൽ 'പാരിലെന്നെയിന്നാരറിയാതവർ' എന്നു ചോദ്യംചെയ്യുന്ന തലയെടുപ്പും വദനാണ്ഡംകൊണ്ടു ആകാശപത്രത്തിൽ വൃത്തലേഖനം ചെയ്യുന്നതിൽ അന്തർഭവിച്ചിട്ടുള്ള ഉന്മത്തതയുംകൂടി ചേർത്താൽ ആ അമാനുഷന്റെ ആകൃതിയും ഏതാനും പ്രകൃതികളും ഒരുവിധം ഗ്രഹിക്കാവുന്നതാണ്. ചന്ത്രക്കാരൻ വലിയ ദുർമ്മോഹിയും ധനത്തെ മാത്രം ആരാധിക്കുന്ന താന്മാത്രനുമാണ്. ഹരിപഞ്ചാനനന്റെ അവധൂതമാഹാത്മ്യങ്ങളെപ്പററി വർണ്ണിക്കുന്ന ഉമ്മിണിപ്പിള്ളയോടു "മഷിയിട്ടുനോക്കാനറിയാമോ" എന്നാണു കഴക്കൂട്ടംവക നിധി കരസ്ഥമാക്കുന്നതിൽ ഉൽസുകനായ ചന്ത്രക്കാരൻ ചോദിച്ചുപോകുന്നതു്. സ്വാമികൾ ഹൈദരുടെ ചാരനാണെന്നുള്ള സൂചന കിട്ടുമ്പോൾ അയാളുടെ ദ്രോഹബുദ്ധിക്കു വിജൃംഭണമുണ്ടായി 'ആകായംചൂന്ന ഇരുളനെ' കെട്ടിയെടുപ്പിച്ചു സൽക്കരിച്ചുകളയാമെന്നു തീച്ചപ്പെടുത്തി. സ്വാമിയും ശിഷ്യനും സുദർശനപാശുപതങ്ങൾപോലെയാണ്. സ്വാമികളുടെ ഗീർവ്വാണപദപ്രയോഗങ്ങളും വളച്ചുകെട്ടും കാപട്യവും ചന്ത്രക്കാരന്റെ ശുദ്ധദ്രാവിഡവാണിക്കും ഒരുമ്പോക്കിനും കുമ്പിട്ടുപോകുന്നു. പകവീട്ടാനുള്ള പുകച്ചിലും നിധിയെപ്പററിയുള്ളകൊതിയുമാണ് ചന്ത്രക്കാരനെ സ്വാമിപൂജക്കു പ്രേരിപ്പിക്കുന്നതു്. സ്വാമികൾ പണംപണമെന്നുജപിക്കുമ്പോൾ അച്ചാരംകിട്ടാൻ നാക്കുനുണക്കുന്നു. എന്റെ സ്വാമീ അതിനൊത്തിരി ചങ്കിളിക്കും എന്നു ശിഷ്യൻ ഉറച്ചുകഴിയും. പടത്തലവനെ ചതിച്ചു കൊല്ലുന്നതിനുപകരണമായി സ്വാമികൾ വിഷമുനക്കറാര സമ്മാനിച്ചപ്പോൾ ചന്ത്രക്കാരന്റെ ആജ്ജവത്തിനും പൗരുഷത്തിനും ഉണച്ചയുണ്ടായി "ഞങ്ങക്കതൊഴിലില്ലസാമീ. നേർ കത്തി, കുറുന്തടി, കവൺകല്ല്, അവനോൻ കയ്യ് ഇവകൊണ്ടു് വെല്ലാക്കായ്യം വേണ്ട വേണ്ടെന്നുവച്ചേയ്യാം. അവനോൻറുള്ളം അവനോന്നു്—" ഹരിപഞ്ചാനനന്റെ പഞ്ചാനനത്വം ഇവിടെ ജംബുകത്വംകൈക്കൊണ്ടുപോകാനേ തരമുള്ളു. കുപ്പനെ കൊന്നു് രാജകോപത്തിനു പാത്രമായി സ്വന്തഗൃഹത്തിൽ ബന്ധനസ്ഥനായി ഉഴറി രായ്ക്കുരാമാനം നാടുവിട്ടോടുന്നതിനു തീരുമാനിച്ച് ഇരുട്ടിലേക്കിറങ്ങിയ ചന്ത്രക്കാറൻ തന്റെ ഇഷ്ടദേവതയായ തമസ്സിനെ സംബോധനചെയ്യുന്നതു നോക്കുക. "എടാ ഇരുളാ വിഴുങ്ങു് വാതുറന്നു് ഈ മൊണ്ണയാനെ, നീയല്ലാണ്ടു് കാലമേതു് ഖലിയേതു്? ഉശിരുടയാൻ കാലനും നീതന്നൊടാ പടച്ചപൊരുളേ. നീയല്ലാണ്ടു് പൂലവത്തു് ആരെടാ നെട്ടനിലകൊള്ളുന്ന പെരുമ്പൊലിമ. തായെന്നുചൊല്ലിയവടെ കടലിരുട്ടിൽ തോററി മരുഷ്യവരെ പെരട്ടിരുട്ടിൽ ഇരുട്ടെ വെടിയെപെട്ടലന്നുതിരിമ്പി പാംകുഴിയിരു



'ഭൂധരപാരാവാരസംഗമം മനോഹരം'—വക്കല.

Courtesy ലളിതസദനത്തു് എം. വേലായുധൻനായർ.

ട്ടിൽ പൊലയണ്ണ ഇക്കൊണംകെട്ട ഈ രിരുളത്തു് കരിംപ്പരിരുളേ നീയേനെട്ടുഫലതി." ചന്ത്രക്കാരൻെറ ലോകപരിജ്ഞാനത്തിനും സംസ്കാരത്തിനും ഇതിൽക്കവിഞ്ഞ ഒരു സ്തോത്രം ഉണ്ടാവാനില്ല.

എന്നാൽ ഈ 'വിശ്വാമിത്രസൃഷ്ടി' സഞ്ചാരംകൊണ്ടു് സംസ്കൃതചിത്തനായി ത്തീരുന്നു. ടിപ്പുവിൻെറ ഉപദേഷ്ടാവായ തിരുമലരായരെക്കൂടി കമ്പിടീക്കത്തക്ക വൈദഗ്ദ്ധ്യം കാളിപ്രഭാവഭട്ടൻെറ പ്രഭാവത്തെ പ്രത്യക്ഷമാക്കുന്നു. ചാരവിദഗ്ദ്ധനായ കുഞ്ചൈക്കുട്ടിയും ഗൗണ്ഡനെ തുടന്നു് ആരെന്നു കണ്ടുപിടിക്കാൻ വിഷമിക്കുന്നു. "മൂക്കു പൊളിഞ്ഞുപോയെങ്കിലും ദേഹം മുഴുവൻ അതുള്ളതുപോലെ വട്ടംകറക്കി എന്നു ദിവാൻജിയെ അറിയിക്കുന്നു. ഇങ്ങിനെയാണു് ചന്ദ്രക്കാറൻെറ പ്രാഗത്ഭ്യത്തിനു സഞ്ചാരംവരുത്തിയ സംസ്കാരം. പെരിഞ്ചക്കോടനുമായുള്ള ഇടപാടുകളും എല്ലാററിനും ഇടയിൽ എൻപിള്ളനയംപ്രയോഗിച്ചു മീനാക്ഷിക്കും സാവിത്രിക്കും ഉണ്ണിത്താനും വേണ്ട രക്ഷകൾ ചെയ്യുന്നതും ചന്ത്രക്കാരസൃഷ്ടിയൽ കവിയുടെ ഭാവനാശക്തിയെ പ്രസ്ഫുടമാക്കുന്നു. മാങ്കാവിൽ അറയ്ക്കകത്തുവച്ചു് കുറുങ്ങോടൻ കാവൽനിന്നു് കേശവനുണ്ണിത്താനെ ഗൗണ്ഡസന്നിധിയിൽ പ്രവേശിപ്പിക്കുന്നു. അനന്തിരവൻെറ അപേക്ഷകൾക്കു മറുപടിയായി 'ദ്രോഹംകൊണ്ടല്ലാതെ ഭജനത്താൽ രാമവർമ്മമഹാരാജാവാൽ താൻ അഭിമാന്യനാവുകയില്ലെന്നും ടിപ്പുവോടുള്ള പ്രതിജ്ഞ 'ആൺതതപം' നിറയ്ക്കുമ്പോൾ ലംഘിച്ചുകൂടാത്തതാണെന്നും അദ്ദേഹം യുക്തിവാദംചെയ്യുന്നതു നോക്കുക. ടിപ്പുവിൻെറ ഘോരാട്ടഹാസങ്ങൾ കേട്ടു കലുങ്ങാതെ ചന്ത്രക്കാരതപം അവിടെയും എതിർവാദത്തിനു മുതിരുന്നു. കവി ഈ കഥാപാത്രത്തെ കേവലം ഒരുൽക്കപോലെ എരിഞ്ഞവസാനിക്കുന്നതിനു വിട്ടനില്ല. ടിപ്പുപ്പാളയത്തിൽ നിന്നും സാവിത്രിയെ രക്ഷിച്ചു അന്നത്തെ പെരിയാറു കടത്തി ഈ പരാക്രമധാമം നീറ്നാകളുടെ വായിൽ പെട്ടു നശിക്കുന്നു. ചന്ത്രക്കാരകഥാപാത്രത്തിൻെറ ആരംഭം മുതൽ അവസാനംവരെ സശ്രദ്ധം വായിക്കുന്ന ഒരുവനും ആ പാത്രസൃഷ്ടിയിൽ കവി പ്രയോഗിച്ചിട്ടുള്ള അനതിശയനീയമായ പ്രാഗത്ഭ്യത്തെ വിഗണിക്കാൻ സാദ്ധ്യമല്ല. മററു കഥാപാത്രങ്ങളെയും ഇങ്ങിനെ തുടന്നു പരിശോധിച്ചാൽ സി. വി രാമൻപിള്ളയവർകളുടെ പാത്രസൃഷ്ടിവൈദഗ്ദ്ധ്യത്തെപ്പററി പറയാൻ പുറപ്പെടുന്നതാണു് മൗഢ്യമെന്നു തോന്നിപ്പോകും. അദ്ദേഹം ഒരു ബ്രഹ്മാവും അദ്ദേഹത്തിൻെറ നോവലുകൾ ഒരു പുതിയലോകവുമായി നമുക്കനുഭവപ്പെട്ടാൽ അതിലും അത്ഭുതമില്ല.

പാത്രസൃഷ്ടിയിൽ സംഭാഷണത്തിനു് വലിയ സ്ഥാനമുണ്ടു. "പെരിഞ്ചക്കോടൻ ആരെടാ?" എന്നുണ്ടായ ഉണ്ണിത്താൻെറ ചോദ്യം വജ്രസൂചികൾപോലെ കൊടന്തയിൽ തറച്ചുകേറുന്നു. ഹാക്കിം, ടിപ്പു, ഇവരുടെ സംഭാഷണരീതി മലയാളശൈലിയിൽനിന്നും ഭിന്നമാണു്. ഹിന്ദുസ്ഥാനിയുടെ തർജ്ജിമയാണോ എന്നു് വായനക്കാക്കു തോന്നാതിരിക്കയില്ല. ഉമ്മിണിപ്പിള്ളവാ



ശ്രീമാൻ ഗോപിനാഥൻപിള്ളയുടെ ഗരുഡനൃത്തനം.

Authorised.

ത്തിൻെറ മൊരടിച്ച ശൃംഗാരവും തൃപുരസുന്ദരിക്കുഞ്ഞമ്മയുടെ കോപാട്ടഹാസവും രണ്ടുപേക്കും എത്രകണ്ടിണങ്ങിച്ചേരുന്നു. അഴകൻെറ ഭക്തിക്കു് 'പൊന്നുതമ്പുരാൻ വരമ്പം കൊട്ടവാരില്ലിയോ' ഒന്നാന്തരമായിട്ടുണ്ടു്. മന്ത്രിയുടെ മന്ത്രശാലയിൽ കടന്നുചെന്നു് 'നീയല്ലാണ്ടു് തമ്പുരാനേതെടാ?' എന്നു ഘോഷിക്കുന്ന പെരിഞ്ചക്കോടനോടു് ദിവാൻെറ മറുപടി നോക്കുക! നിൽക്കണേ! ഇതുപോലെ മററു ചിലക്കും ഒരു ഭ്രമമുണ്ടു്. നിറയെ ഉണ്ടുകൊണ്ടു് അങ്ങുചെന്നാൽ എല്ലാം ദഹിച്ചു് വിയത്തു നാറി തിരിച്ചുപോരുന്നതു് അവക്കറിയാം. വെളിയിലിറങ്ങുമ്പോൾ ചിലർ ഞെളിയും' പത്തായത്തിനിടയിൽ തിരുമേനി ഒളിച്ചിരിക്കുമ്പോൾ മാമൻ ഇളകിയാടി 'രാശാക്കായ്യമോ പോച്ചൊല്പ്'; എത്തിനവഷ്ടാച്ചു് സേവിക്കറെതു്' എന്നുതുടങ്ങിയുള്ള വീരവാദങ്ങൾ ധർമ്മരാജാവൊഴിച്ചു മററാരുംതന്നെ തന്നിനിറത്തിൽ വ്യാഖ്യാനിക്കുകയില്ല. രാജപ്രതിനിധിയായ കഴക്കൂട്ടത്തു നിധി കൊള്ളാൻ ചെല്ലുന്ന ദിവാൻജിയും മീനാക്ഷിയുമായുള്ള സംഭാഷണം രണ്ടുപേരുടേയും സ്വഭാവനൈർമ്മല്യത്തിനു് തെളിവായിത്തീന്നിട്ടുണ്ടു്. പുത്രിയാൽ ഭർത്താവായും തന്നാൽ മരുമകനായും വരിക്കപ്പെട്ടിരിക്കുന്ന യുവാവു് മൃത്യുപാശം ചക്രവാതഭ്രമണം ചെയ്യുന്ന യുദ്ധരംഗത്തിലേക്കു തൊഴുകൈയോടെ യാത്രചോദിക്കുമ്പോൾ ആ വീരമഹതി പുത്രിക്കു ശാശ്വതവൈധവ്യംതന്നെ സംഭവിച്ചേയ്ക്കാമെന്നു ഭയപ്പെട്ടപ്പോഴും പറയുന്നതു നോക്കുക. "ജയിച്ചുവാ വിക്രമാ; നിൻെറ അച്ഛനും പടത്തലവനമ്മാവനും എങ്ങനെ തൃപ്പാദം സേവിച്ചു എന്നതു് നിനക്കു വഴികാട്ടട്ടെ. കുലത്തിനു് ദുഷ്യശസ്സു് വരുത്തരുതു്. ദേവി ചാമുണ്ഡി രക്ഷിക്കട്ടെ." സ്പാർട്ടൻവീരമാതാക്കളെംക്രൂടി കമ്പിടത്തക്ക കുലമഹിമ മീനാക്ഷി ഇവിടെ പ്രദശിപ്പിക്കുന്നു. സി. വി. യുടെ പാത്രസൃഷ്ടികളിൽ കഞ്ചൈക്കുട്ടിപ്പിള്ള പ്രഥമസ്ഥാനത്തെ അർഹിക്കുന്നു. യുദ്ധാനന്തരം രാജപ്രജാരത്നങ്ങൾ കഞ്ചൈക്കുട്ടിപ്പിള്ളയെപ്പററി സംഭാഷണംചെയ്യുന്ന ഭാഗമിതാണു്.

മഹാ—"............അവനോ. എന്തൊരുസൃഷ്ടിയോ എന്തൊരദ്ഭുതമോ ഭഗവാനറിയാം.

ദിവാൻ—".........കല്പിച്ചു് എന്തായാലും തിരുവുള്ളം കലുഷിക്കരുതു്. അടിയങ്ങടെ വിധി പലവിധത്തിൽ ഇങ്ങനെ കഴിയും. ഒരു പുരുഷരത്നം രാജ്യത്തിനു് പക്ഷെ നഷ്ടമായെന്നു തോന്നുന്നു.

മഹാ—"............മഹാദയാലു, ന്യായസ്ഥൻ, നിർദ്ദാക്ഷിണ്യവാൻ. അനന്ത

(ശേഷം ഇരുപത്തിമൂന്നാംപുറം)

ചെറുകഥാപംക്തി.

# ആനന്ദവികൃതി.

കെ എസ്സ്. പരമേശ്വരൻപിള്ള, എരമല്ലൂർ.

'കേരളരാജ്യം' ദിനപത്രത്തിന്റെ പോലീസ്സ്റിപ്പോർട്ടർ— കുററങ്ങളേയും കേസ്സുകളേയുംപററി റിപ്പോർട്ടുചെയ്യുന്ന ലേഖകൻ മി. വിശ്വനാഥമേനോൻ അറിയാത്തവരായി കലാകൃത്തുകളിലോ, നർത്തകരിലോ, സംഗീതകുശലന്മാരിലോ ആരുമുണ്ടായിരുന്നില്ല. അതിനാൽ, അടുത്തകാലത്തു നാടകരംഗത്തിൽ വലിയ കീർത്തിസമ്പാദിച്ച ആനന്ദവല്ലിയുടെ മാനേജർ മി. ചാമുമേനോൻ അദ്ദേഹത്തെ സന്ദർശിക്കാൻ വന്നപ്പോൾ, അദ്ദേഹത്തിനു പരിചയക്കുറവോ അത്ഭുതമോ തോന്നിയില്ല. അദ്ദേഹം ചോദിച്ചു:—'കാണാനിടയായതിൽ വളരെ സന്തോഷം, എന്താണിങ്ങോട്ടു കടന്നതു്?'

ചാമു: 'ഞങ്ങൾ നിങ്ങളെപ്പററി ധാരാളം കേൾക്കുന്നുണ്ടു; കേരളത്തിന്റെ ഒരററംമുതൽ മറേറഅററംവരെ. നിങ്ങൾ ഒരത്ഭുതമനുഷ്യനാണെന്നാണു് ആനന്ദത്തിന്റെ അഭിപ്രായം. അവർ കൂടെക്കൂടെ നിങ്ങളെപ്പററി സംസാരിക്കുന്നു. ആ രാമലിംഗംസെററുകാരെപ്പററി നിങ്ങൾ എഴുതിയ കഥ എത്ര ആശ്ചര്യജനകമായിരുന്നു! ഈ പരമാർത്ഥങ്ങൾ നിങ്ങൾ എങ്ങനെഅറിയുന്നു എന്നാണു് എന്റെ വിചാരം.'

വിശ്വ:—'അവ എന്നെത്തേടി വന്നുകൊള്ളുന്നു! അതിരിക്കട്ടെ. നിങ്ങൾ വന്നതെന്തിനെന്നു പറയുക. നാടകറാണി ആനന്ദവല്ലിയുടെ മാനേജർ 'കേരളരാജ്യ'ത്തിന്റെ പോലീസ്സുവകുപ്പിന്മേൽ പുഷ്പവൃഷ്ടി ചെയ്യാൻ വന്നിരിക്കയാണെന്നു എനിക്കുവിചാരിക്കാൻ വയ്യ. ചുരുക്കിപ്പറഞ്ഞാൽ മി. ചാമുമേനോൻ, നിങ്ങൾക്കെന്തുവേണം? കോഴിക്കോട്ടുവച്ചു സാമൂതിരിപ്പാട്ടതിരുമനസ്സുകൊണ്ടു മിസ്സ് ആനന്ദത്തിനു സംഭാവനംചെയ്ത വജ്രഖചിതമായ കണ്ഠാഭരണവും അംഗുലീയങ്ങളും പക്ഷേ കളവുപോയോ? അങ്ങനെയാണെങ്കിൽ ഞങ്ങളുടെ പരസ്യഡിപ്പാർട്ടുമെന്റുകാർ അവർക്കു വല്ലസഹായവും ചെയ്തേക്കാം.'

ഇത്രയുംപറഞ്ഞു് മി. മേനോൻ ഉറക്കെ ഒന്നു് ചിരിച്ചു. മി. ചാമുമേനോനും ചിരിച്ചുകൊണ്ടു പറഞ്ഞു:—'അത്രയ്ക്കു താഴ്ന്നു് കീർത്തിസമ്പാദിക്കേണ്ടനിലയിലായിട്ടില്ല മിസ്സ് ആനന്ദവല്ലി.'

ഇതിനിടയ്ക്കു മി. വിശ്വനാഥമേനോൻ ചെല്ലം നീക്കിവച്ചു് അതിഥിയെ വെററില മുറുക്കാൻ ക്ഷണിച്ചു. മി. ചാമുമേനോൻ മുറുക്കിക്കൊണ്ടു തുടർന്നുപറഞ്ഞു:—'ഇല്ല, സർ, ഞങ്ങൾ അങ്ങനെയൊന്നും ചെയ്യാറില്ല. അനേകം പ്രസ്സ് ഏജൻറന്മാർ ഞങ്ങൾക്കില്ല. അതാണല്ലോ ഞാൻ ഇപ്പോൾ ഇവിടെ വന്നതും.'

മാനേജർ തുടർന്നുപറവാൻ സംശയിക്കുന്നതുകണ്ടു് മി. വിശ്വനാഥമേനോൻ പറഞ്ഞു:—'മുഴുവൻകേൾക്കട്ടെ. സംശയിക്കേണ്ട.'

ചാമു:—'ഞാൻ പറയാൻപോകുന്നതു കേട്ടാൽ നിങ്ങൾ ക്ഷോഭിക്കയില്ലെന്നു ആദ്യം സമ്മതിക്കുക.'

വിശ്വ:—'അതു് ഏതായാലുമില്ലല്ലോ.'

ചാമു:—'എന്നാൽ പണംകൊണ്ടുണ്ടാക്കാവുന്ന ഏററവും യോഗ്യനായ ഒരു പ്രസ്സ്ഏജൻറിനെ ഞങ്ങൾക്കാവശ്യമുണ്ടു്. നിങ്ങൾ ആവശ്യപ്പെടുന്ന തുക നിങ്ങൾക്കു തരാമെന്നാണു് ആനന്ദത്തിന്റെ അഭിപ്രായം.'

മാനേജർ ഈ നിർദ്ദേശം പുറപ്പെടുവിച്ചിട്ടു്, കസേരയിലേക്കു ചാരി, മി. വിശ്വനാഥമേനോന്റെ മുഖത്തേക്കു ഉൽക്കണ്ഠയോടുകൂടി നോക്കിക്കൊണ്ടിരുന്നു.

"വേറെവിധംപറഞ്ഞാൽ, മാന്യമായ എന്റെ ഇപ്പോഴത്തെ തൊഴിൽവിട്ടു് മിസ്സ്, ആനന്ദവല്ലിയുടെ സേവകവർഗ്ഗത്തിൽ ഒരാളാകണം ഞാൻ; അല്ലേ?"

"പ്രസ്സ്ഏജൻറു്" എന്നു് ചാമുമേനോൻ തിരുത്തി. "ശമ്പളത്തുകനിങ്ങൾ നിശ്ചയിക്കുന്നതു്" എന്നു വീണ്ടും എടുത്തു പറഞ്ഞു.

മി. വിശ്വനാഥമേനോൻ സാധാരണയായി കൂടെക്കൂടെ ചിരിക്കുന്ന പ്രകൃതമല്ല; എന്നാൽ ഈ സന്ദർശനവേളയിൽ അദ്ദേഹം വീണ്ടും പൊട്ടിച്ചിരിച്ചു. എന്നിട്ടു പറഞ്ഞു:—'മിസ്സ് ആനന്ദവല്ലിയമ്മയോടു് അവരുടെ ദയയ്ക്കായി നന്ദിപറയുന്നു എന്നാൽ അതു എനിക്കു സ്വീകരിക്കാൻ നിവൃത്തിയില്ലെന്നു് അവരെഅറിയിച്ചേക്കുക.'

ചാമു:—വേണ്ട, കുറച്ചുകൂടി ആലോചിച്ചിട്ടു മറുപടി പറഞ്ഞാലും മതിയാകും.'

മന്ദഹസിച്ചുകൊണ്ടും, തലയിളക്കിക്കൊണ്ടും മി. വിശ്വനാഥമേനോൻ മറുപടി പറഞ്ഞു: 'ഇല്ല, ഇതെനിക്കു യോജിക്കയില്ല. കള്ളം പറവാൻ എനിക്കു സാധിക്കയില്ല. യാഥാർത്ഥ്യങ്ങളെപ്പററിയല്ലാതെ എനിക്കു എഴുതുവാൻ വയ്യ. നിങ്ങളുടെ പ്രസ്സ്ഏജൻറിനു കല്പനാശക്തിയും കലാകൗശലവുംമററും ആവശ്യമാണു്. എനിക്കിതൊന്നുമില്ല.'

ചാമു:—'നിങ്ങളുടെ തീരുമാനത്തിൽ ഞാൻ വളരെവളരെ ഖേദിക്കുന്നു. മിസ്സ് ആനന്ദവും അത്യന്തം വ്യസനിക്കുമെന്നു എനിക്കറിയാം.

വിശ്വ:—'എന്തുചെയ്യാം. എനിക്കും വളരെ മനസ്താപമുണ്ടു്.'

ചാമു:—'മിസ്സ്, ആനന്ദം അർഹിക്കുന്ന പ്രസിദ്ധി ഇപ്പോൾ അവർക്കു ലഭിക്കുന്നില്ല. മൂന്നുനാലുമാസമായി പത്രപംക്തികളിൽ അവരുടെപേരു് ഒരിക്കലും കാണാറില്ല.'

വിശ്വ:—'അതുകളവു്. സ്വാമി യോഗപ്രിതനുമായുണ്ടായ അവരുടെ രഹസ്യവിവാഹത്തെപ്പററി ഏതോ പത്രത്തിൽ വായിച്ചതായി ഓർക്കുന്നുണ്ടു്. നാടകരംഗത്തിൽനിന്നുമാറി മിസ്സ്, ആനന്ദവല്ലി നിയമപഠനത്തിനു പോകുന്നതിനെസംബന്ധിച്ചും രണ്ടോ മൂന്നോകാളം എഴുതിയിരിക്കുന്നതായി കണ്ടു.'

ഇത്തവണ ചാമുമേനോനാണു് മന്ദഹാസം വന്നതു്.

ചാമു:—'അതു് ആറുമാസം മുമ്പായിരുന്നു. ആറുമാസത്തെ പഴക്കമുള്ള പ്രസിദ്ധികൊണ്ടു് ആനന്ദവല്ലിയെപ്പോലുള്ള ഒരു ഒന്നാംകിട നാടകക്കാരിക്കു ജീവിക്കാൻ കഴികയില്ല. അവരോടു താരതമ്യപ്പെടുത്തിയാൽ മൂന്നാംതരക്കാരിമാത്രമായ വിജയവല്ലിയെപ്പററി ആഴ്ചയിലൊരിക്കലെങ്കിലുംഏതെങ്കിലും പത്രത്തിൽ പ്രശംസിച്ചെഴുതിയിരിക്കുന്നതു കാണാം.'

വിശ്വനാഥമേനോൻ കുറഞ്ഞൊന്നു ആലോചിച്ചിട്ടു്, 'അപ്പോൾ നിങ്ങളുടെ പ്രസ്സ്ഏജൻറുദ്യോഗം ഞാൻ സ്വീകരിക്കുന്നില്ലെങ്കിൽ, മറെറന്തോ നിങ്ങൾ ആവശ്യപ്പെടുന്നുണ്ടു്. അതുകേൾക്കട്ടെ.'

കസേരവലിച്ചു കുറച്ചുകൂടി മി. മേനോന്റെ അടുത്തിരുന്നിട്ടു്, മാനേജർ പറഞ്ഞു:—'ഇന്നുരാത്രിയോ, വേറെഒരുദിവസമോ, നാടകശാലയിൽനിന്നു തിരിച്ചുവരും വഴി, വേഷംമാറി, മുഖംമൂടിക്കെട്ടിയ ചിലർ ഒരുപച്ചമോട്ടോർകാറിൽ ആനന്ദവല്ലിയെ ബലാൽക്കാരേണ എടുത്തുവച്ചുകൊണ്ടുപോയി എന്നു വിചാരിക്കുക.

വിശ്വ—'ഒരു നീലമോട്ടാറിലാകട്ടെ. പക്ഷേ, മി. മേനോൻ, ഈ അത്ഭുതകർമ്മത്തിനു് ഞങ്ങളുടെ പത്രത്തിൽ രണ്ടുവരികിട്ടുകയില്ല. എന്നാൽ അഡ്വെർടയിസ്സ് വകുപ്പിൽനിന്നു ഏതാനും സ്ഥലം നിങ്ങൾക്കു വിലയ്ക്കു വാങ്ങിക്കാം. ആവശ്യമുള്ളതു് അതിൽ എഴുതുകയും ചെയ്യാം. യഥാർത്ഥത്തിലുള്ളകുററങ്ങളെപ്പററിയല്ലാതെ എന്റെ വകുപ്പുകാർ ഒന്നും എഴുതുകയില്ല'.

ചാമു:—'എന്നാൽ '

വി—എന്റെ അധീനത്തിലുള്ള പത്രസ്ഥലത്തിൽ മിസ്സ് ആനന്ദവല്ലി ശോഭിക്കണമെന്നു വിചാരിക്കുന്നുവെങ്കിൽ, അതിനും നിഷ്പ്രയാസം കഴിയും. അവർ ഒരു പോലീസ്സുകാരനെ വെടിവയ്ക്കട്ടെ, ഒരു ചാട്ടയുംകൊണ്ടു് നിങ്ങളെ നാടകശാലയ്ക്കു ചുററുമിട്ടോടിക്കട്ടെ. അല്ലെങ്കിൽ പണപ്പെട്ടി കവരുകയോ, രഹസ്യപ്പോലീസ്സുദ്യോഗസ്ഥനു വിഷം കൊടുക്കയോ ചെയ്യട്ടെ. ഇങ്ങനെ എന്തെങ്കിലും ചെയ്താലേ എന്റെ നിയന്ത്രണത്തിലുള്ള പത്രസ്ഥലത്തു് അവരുടെപേർകാണുമാറ് സാധിക്കൂ.

സന്ദർശനം അവസാനിപ്പിക്കാനെന്നമട്ടിൽ മി. വിശ്വനാഥമേനോൻ എഴുന്നേററു. ആനന്ദവല്ലിയുടെ മാനേജരും അദ്ദേഹത്തെ അനുകരിച്ചു. അനന്തരം, നിവൃത്തിയുണ്ടെങ്കിൽ അവരെ മി. മേനോൻ ഒന്നു കാണണമെന്നു് മാനേജർ അപേക്ഷിച്ചു.

വിശ്വ—ഇല്ല, മാനേജർ. ഞാനും മ

നഷ്യനാണല്ലോ. നിങ്ങളുടെ മനോഹാരിണിയായ യജമാനത്തിയെ എതിക്കാൻ ഞാൻ ശക്തനായേക്കുകയില്ല.

ഇങ്ങനെ ആ സന്ദർശനം നിരാശാജനകമായി പര്യവസാനിച്ചു.

കാലവ്യത്യാസം! 'കേരളരാജ്യ'ത്തിന്റെ പോലീസ്സ് റിപ്പോർട്ടർക്ക് സഹിക്കാൻ വയ്യാത്തവണ്ണം തൊഴിലില്ലാതെയായി. പട്ടണത്തിൽ ഏതാനും മാസമായി മോഷണാലോചനകളോ, വലിയ ആളുകളുടെ അന്തർദ്ധാനമോ, കള്ളനാണയക്കേസ്സോ, കൊലപാതകമോ ഒന്നും ഉണ്ടാകുന്നില്ല. വലിയ ഹോട്ടലുകളിൽ വന്നുകൂടുന്ന യാത്രക്കാരുടെ ഇടയിൽ സഞ്ചരിച്ചുനോക്കിയിട്ടും കുററമൊന്നും കാണുന്നില്ല. ഒരിക്കലും വിശ്രമിക്കാൻ ആഗ്രഹമില്ലാത്ത മി. വിശ്വനാഥമേനോൻ വൃഥാ 'സമയംകൊന്നു'കഴിഞ്ഞുകൂടിയെന്നു പറഞ്ഞാൽ അദ്ദേഹം സ്വയം ക്ഷോഭിക്കും. സ്വല്പം അവധിയെടുക്കാൻ പത്രാധിപർ ഉപദേശിച്ചതിൽ അദ്ദേഹം അതിനും വഴിപ്പെട്ടില്ല. അങ്ങനെയിരിക്കെ, ഒരുദിവസം വൈകുന്നേരം പട്ടണത്തിലെ ഒരു വലിയ ഹോട്ടലിന്റെ സമീപത്തുകൂടി സവാരിചെയ്യുമ്പോൾ, അദ്ദേഹം ഒരു മനോഹരാംഗിയെ കണ്ടുമുട്ടി.

അവൾ ഒരു റിക്ഷയിൽനിന്നിറങ്ങി, മി. മേനവനെ നോക്കി മന്ദഹസിച്ചു. അദ്ദേഹവും അപ്രകാരം ചെയ്തു. എന്നാൽ അവൾ ആരാണെന്നു എത്ര ശ്രമിച്ചിട്ടും മി. മേനവന് ഓർമ്മിക്കാൻ കഴിഞ്ഞില്ല. അവളുടെ മുഖകമലം ക്ഷണികവിസ്മൃതിയിൽപെട്ടുപോകത്തക്ക ഒന്നല്ലാതിരുന്നതിനാൽ, തന്റെ ഓർമ്മക്കുറവിനെപ്പററി അദ്ദേഹം അത്ഭുതപ്പെട്ടു. അത്ര സുന്ദരമായ വദനവും, നീണ്ടിടംപെട്ട ശ്യാമളനയനങ്ങളും, ഹൃദയാകർഷകമായ കടാക്ഷവീക്ഷണവും സുലഭദർശനങ്ങളല്ലായിരുന്നു.

"മി. വിശ്വനാഥമേനോൻ, നിങ്ങൾക്കു സുഖംതന്നെയോ? എന്താ, എന്നെ അറികയില്ലേ." അഭിമാനഹാനിയെ ദ്യോതിപ്പിക്കുന്ന ഒരു മുഖഭാവത്തോടുകൂടിയാണ് അവർ രണ്ടാമത്തെ ചോദ്യംചോദിച്ചതു്.

വിശ്വ—അറിയുമല്ലോ. പക്ഷേ - ബാക്കി പറവാൻ അദ്ദേഹം സംശയിച്ചു. സ്വല്പം ഓർമ്മക്കുറവുണ്ട്.

ഒരു ചെറിയ അരുവിയുടെ പതനനിർഘോഷത്താൽ—അത്തരമായിരുന്നു അവളുടെ ചിരി—അവിടം മുഖരീകൃതമായി.

'എന്നെ ഈ ഹോട്ടലിലേക്ക് അനുഗമിക്കയും എനിക്കു ചായതരികയും ചെയ്യണം. നിങ്ങളുടെ ഓർമ്മക്കുറവിനുള്ള ശിക്ഷയതാണ്.'

അവളെ എവിടെവെച്ചാണ് കണ്ടിരിക്കാവുന്നതെന്നു മി. മേനോൻ അവളോടുകൂടി ഹോട്ടലിലേക്കു നടന്നപ്പോൾ നല്ലവണ്ണം ആലോചിച്ചു. അദ്ദേഹത്തിന് ഒരു നിശ്ചയവുമുണ്ടായില്ല.

ചായ, ജിലേബി, ബോളി, മി. മേനവന് എരിവുള്ളതു വല്ലതും വേണമെങ്കിൽ അതു്, എല്ലാം കൊണ്ടുവരിക എന്നു് യഥാസ്ഥാനത്തിരുന്നിട്ട് ആ സുന്ദരിതന്നെ വിളിച്ചുപറഞ്ഞു.

"ഞാൻ നിങ്ങളെ കാണാൻതന്നെ വന്നതാണ്. ഒരുമണിക്കൂറായി നിങ്ങളെ ഞാൻ പിന്തുടരുന്നു. ആഫീസ്സിൽ ചെന്നപ്പോൾ അവിടെയില്ല. പിന്നെയും പലേടത്തും നോക്കി. ഞാനാണ് മിസ്സ്—"

വിശ്വ — ആനന്ദവല്ലിയമ്മ.

ഈ പേർ ഉച്ചരിച്ചുകഴിഞ്ഞപ്പോൾ മി. മേനവന്റെ മുഖത്ത് പെട്ടെന്നൊരുകൂക്കശഭാവം കളിയാടി.

ആന—ഭയവുവിചാരിച്ച് ഈ ഭാവം മാററുക. പ്രസന്നതവരട്ടെ. എന്നെ അറിയുന്നവർ എന്റെ സമീപത്ത് ഇങ്ങനെ ഇരിക്കുന്നതിന് അവരുടെ തലപോലും വേണമെങ്കിൽ ഉപേക്ഷിക്കും. നിങ്ങൾക്കെന്താ ഈ വൈരാഗ്യഭാവം "

വിശ്വ: യോഗ്യമായപെരുമാററം എനിക്കു നല്ലവശമില്ല. വിശേഷിച്ചും ഞാൻ പെട്ടെന്നു് അത്ഭുതാധീനനായിപ്പോയ സംഗതിയും നിങ്ങൾഓർമ്മിക്കണം.'

അവർ പെട്ടെന്ന് അദ്ദേഹത്തിന്റെ നേരേനോക്കി. ആ നടനകുശലയുടെ നയനങ്ങൾ ആ അവസരത്തിൽ അത്യന്തം പ്രദീപ്തങ്ങളായിരുന്നു.

"നിങ്ങൾ എന്നെ ഭയപ്പെടുന്നുഅല്ലേ? ഞാൻനിങ്ങളെ വശീകരിക്കാൻ പോകയാണെന്നാണോവിചാരം?"

വിശ്വ:—'അതേ,എന്റെ തൊഴിൽസംബന്ധമായ കാര്യങ്ങളാൽ എനിക്കു നിങ്ങളെ ഭയപ്പെടേണ്ടിയിരിക്കുന്നു?

'ഇതാ അങ്ങേയ്ക്കു ചായ' എന്നുപറഞ്ഞു് അതു നീക്കിവച്ചുകൊടുത്തിട്ട് അവർ വീണ്ടുംതുടർന്നു "ലേശവും ബുദ്ധിമുട്ടും ഹൃദയവേദനയും കൂടാതെയല്ല മി. മേനോൻ, ഞാൻ ഒരുനാടകറാണിയായതിന്നതു്. കുറച്ചുമുമ്പ് ഞാനും ഒരു പത്രറിപ്പോർട്ടർ ആയിരുന്നു?.

വിശ്വ: — 'അതുകൊണ്ടു് നിങ്ങളുടെ കഥ കേരളരാജ്യം' സ്വീകരിക്കണമെന്നോ? എന്നാൽ അതുകേൾക്കട്ടെ. പക്ഷെ അയ്യായിരംപവന്റെ ആഭരണങ്ങൾ നിങ്ങളുടെ മുറിയിൽനിന്നുമോഷണം പോയിരിക്കാം. അതിനുവേണ്ടതെളിവുകൾ നിങ്ങളുടെ പക്കലുണ്ടായിരിക്കാം. അവ ധരിച്ചുകൊണ്ടുള്ള ഇപ്പോഴത്തേയും ബാല്യത്തിലേയും ഫോട്ടോകൾ നിങ്ങളുടെ പെട്ടിയിൽ ഉണ്ടായിരിക്കാം. അവയും അണിഞ്ഞു്, ആദ്യത്തെ നാടകകണ്ട്റാക്ററനുസരിച്ച്, നിങ്ങളുടെ ഗ്രാമഗൃഹത്തിൽനിന്ന് ഒരു റോൾസുറോയിസ്സിൽ കയറി പുറപ്പെടാൻതുടങ്ങുമ്പോൾ എടുത്ത ഫോട്ടോയും നിങ്ങൾ വച്ചിട്ടുണ്ടായിരിക്കാം — '

ആനന്ദവല്ലി ഇത്രയുംകേട്ടപ്പോൾ ചിരിച്ചുപോയി. "ഇതൊന്നുമല്ല ഞാൻ പറയുന്നതു്. നിങ്ങളുടെ പത്രത്തിന്റെ ഒരുവശംമുഴവൻ ഒരു കുററചരിത്രമെഴുതാനുള്ള പ്രത്യേകാവകാശം എനിക്കു ലഭിക്കണം."

വിശ്വ:—'ഇത്രയേഉള്ളോ? അതു വളരെ മിതമായിരിക്കുന്നു. ആകട്ടെ, എന്തിനെപ്പററിയാണു നിങ്ങൾ എഴുതാൻപോകുന്നതു്.?'

ആന: 'ഒരു വലിയരഹസ്യമാണ് എനിക്കു പുറത്താക്കാനുള്ളതെന്നു വിചാരിക്കുക. ഈ തുറന്നസ്ഥലത്തുവച്ച്, ഈ പകൽ വേളയിൽ നിങ്ങളോടു പറയാൻ പാടില്ലാത്ത രഹസ്യം. നിങ്ങളെ വിശ്വസിപ്പിക്കത്തക്ക തെളിവുകൾ കണ്ണിനുമുമ്പിൽ കാണിച്ചുകൊണ്ടു് പറയേണ്ടതാണ് ആ രഹസ്യം.

മി. മേനോൻ നിശ്ശബ്ദനായിരുന്നു. ആനന്ദവല്ലി മുന്നോട്ടുചാഞ്ഞ് മൃദുസ്വരത്തിൽ പറഞ്ഞു: 'ഇവിടെനിന്നു എട്ടുമയിൽ അകലെ ഒരു കുന്നിൻപുറത്ത് ഒരു ചെറിയ ഗൃഹമുണ്ടു്. ആ സ്ഥലം തീരെ വിജനമാണ്. കുറെമുമ്പ് ഞാൻ അതു വാടകയ്ക്കെടുത്തു. അവിടെ, ഞാനിതുവരെ ആരോടും പറഞ്ഞിട്ടില്ലാത്ത ഒരു സംഗതി കണ്ടുപിടിക്കാനിടയായി '

വിശ്വ: —'അതിപ്പോൾ എന്നോടു പറയാൻപോകയാണ്! അതിനുമുമ്പ്, അതെന്താണെന്ന് ഞാൻ പറയട്ടെ. അതൊരസ്ഥിക്കൂടമാണ്. മനുഷ്യന്റെ അസ്ഥിക്കൂടം. അതു് നിങ്ങളുടെ പ്രിയപ്പെട്ട ചെമ്പകമരത്തിന്റെ ചുവട്ടിൽ കുഴിച്ചിടപ്പെട്ടിരുന്നു. അതിന്റെ കഴുത്തിൽ ഒരു നിധിയുടെ കഥയുമെഴുതിക്കെട്ടിയിരുന്നു. കോടീശ്വരനായ കളത്തിൽ കുഞ്ഞുവക്കിത്തരകന്റെ —ആദായനികുതി കൊടുക്കാൻ കഴികയില്ലാത്തതിനാൽ തന്റെ ധനംമുഴുവൻ കുഴവിടാമുക്കിൽ കെട്ടിത്താഴ്ത്തിയ കുഞ്ഞുവക്കിത്തരകന്റെ —അസ്ഥിക്കൂടമാണതു്.

ആന:—'അല്ല, അല്ല' മി. മേനോന്റെ സംഭാഷണാവസരത്തിൽ ആനന്ദവല്ലി അദ്ദേഹത്തെ ബഹുമാനപൂർവം നോക്കി. എന്നിട്ടു ഇങ്ങനെ പറഞ്ഞു:—'എന്തുമാതിരി പ്രസ്സ്ഏജൻറാണു എനിക്കു നഷ്ടമായതു്!'

വിശ്വ:—'എന്നാൽ പാതാളത്തിലുള്ള ഒരു ഗുഹയിലേക്കുള്ള രഹസ്യവാതിലായിരിക്കാം നിങ്ങൾ കണ്ടുപിടിച്ചതു് ? ആ ഗുഹയിൽ '1986 നു് മുമ്പ് തുറക്കരുതു്' എന്നു് രേഖപ്പെടുത്തിയിട്ടുള്ള ഇരുമ്പുപെട്ടികൾ അടുക്കിവച്ചിരുന്നിരിക്കാം.!?

ആന: —'ഇതൊന്നുമല്ല. എന്താണെന്നു ഞാൻ നിങ്ങളോട് ഇപ്പോൾ പറയുന്നില്ല. എന്റെ കാർ ഉടൻ ഇവിടെവരാൻ ഏർപ്പാടുചെയ്തിട്ടുണ്ട്. നമുക്ക് ഒരുമിച്ചുപോകാം. റെയണിൽ വിശേഷസംഭവങ്ങളൊന്നുമില്ല. അത്രത്തോളം പറവാൻമാത്രം പത്രലോകപരിചയം എനിക്കുമുണ്ടെന്നറിയാമല്ലൊ. നിങ്ങൾക്കു അന്വേഷണംനടത്താൻ വേണ്ടുവോളം ഉൽക്കണ്ഠയുണ്ടോ.?'

മി. മേനോൻ ഒരുനിമിഷനേരത്തേക്കേ സംശയിച്ചിരുന്നുള്ളു. 'ഉണ്ടു്, നമുക്കു പോകാം' എന്നാദ്ദേഹം പറഞ്ഞു. അഞ്ചുമിന്നിട്ടുകഴിഞ്ഞു് ഒരു ടൂസീററിൽ മി. മേനവനേയും കയററിക്കൊണ്ടു ആനന്ദവല്ലിതന്നെ ഓടിച്ചുപോയി.

* * * *

രണ്ടുദിവസംകഴിഞ്ഞു 'കേരളരാജ്യ'ത്തിന്റെ മാനേജിംഗ് എഡിററും, ന്യൂസ് എഡിററും, മി. വിശ്വനാഥമേന്റെ ഒരു അസിസ്റ്റൻറു റിപ്പോർട്ടറുംകൂടി, മാനേജിംഗ് എഡിററുടെ മുറിയിൽകൂടി, ഒരാലോചന നടത്തി. മി. മേനവൻ ആഫീസ്സിൽചെന്നിട്ടു രണ്ടുദിവസമായി- അങ്ങനെ ഒരിക്കലും ജോലിയില്ലെങ്കിൽപോലും, അദ്ദേഹം ഹാജരാകാതിരിക്കാറില്ല. അദ്ദേഹത്തിന്റെ തൊഴിൽമൂലം പല അക്രമികളുടേയും വിരോധത്തിനു് അദ്ദേഹം പാത്രമായിരുന്നു. ചില വലിയ സ്ഥാനങ്ങളിലുള്ളവരും, ചില കാരണങ്ങളാൽ മി. മേനവനെ വെറുത്തിരുന്നു. അതുകൊണ്ടു ഒരപായശങ്ക മാനേജിംഗ് എഡിററർമുതലായവരുടെ ഉള്ളിൽ ഉ

(ശേഷം ഇരുപത്തൊന്നാംപുറം)



ഈ ഇത്തവണ ഔഷധവിദ്യയ്ക്കുള്ള നോബൽ സമ്മാനം മൂന്നു അമേരിക്കാക്കാർക്കാണു നൽകിയിരിക്കുന്നതു്.

* * *

പേഴ്സ്യയുടെ ഒരു മഹാകവിയായ ഫെർഡൗസിയുടെ സഹസ്രവാർഷികം ലണ്ടനിലും ആഘോഷിക്കപ്പെടുന്നു. പേഴ്സ്യൻസാഹിത്യത്തിൽ കുതുകികളായ അനേകം ബ്രിട്ടീഷുകാർ അതിൽ പങ്കുകൊണ്ടു.

* * *

അവിവാഹിതന്മാരും അവിവാഹിതകളും ഏകമായുള്ള ജീവിതം വെടിഞ്ഞു ദാമ്പത്യജീവിതം കൈക്കൊള്ളുവാൻ ഉൽബോധിപ്പിച്ചുകൊണ്ടു ബർലിൻപത്രങ്ങൾ എല്ലാം വാദിക്കുക ഒരു പതിവായിരിക്കുന്നു.

* * *



ബ്രിട്ടീഷ് വറൽഡ് ടെന്നിസ് ചാംപ്യനായ മി. 'ഫ്റെഡ് പെരി' ടെന്നിസ്സുകളിച്ചുകൊണ്ടിരിക്കുന്നതായി ചലനചിത്രത്തിലേയ്ക്കു ഫിലിം എടുപ്പാൻ അനുവദിക്കണമെന്നും ൨൦൦൦ പവർ പ്രതിഫലം നൽകുന്നതാണെന്നുംഉള്ള അപേക്ഷയെ നിരസിച്ചിരിക്കുന്നു. ഹോളിവുഡിൽ ചലനചിത്രതാരമായ 'ബെററിഡേവിസ്സു'മായി സംഭാഷണംചെയ്തുകൊണ്ടിരിക്കുന്നതാണു് ചിത്രം.

* * * *

ആസ്ത്രിയായിൽ വീണ്ടും കാറും കോളും കാണപ്പെടുന്നു. ഇനിയും ഒരു സോഷ്യലിസ്റ്റ് വിപ്ലവം ഉണ്ടാകുമോ എന്നു സംശയിക്കപ്പെടുന്നു. ഷുസ്നിഗ്ഗിൻെറ സൈന്യവും, ഹെയിംവെർസൈന്യവും തമ്മിൽ വിരോധഭാവത്തിൽ ആയുധസജ്ജീകരണംചെയ്യുന്നു.

* * *

ഇംഗ്ലണ്ടിലെ മുൻസിപ്പൽകൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പു നവംബർ ൧-ാം തീയതി നടന്നു. ആകെ ൨,൦൦൦-സ്ഥാനാർത്ഥികൾ നാമിനേഷൻപേപ്പർ സമർപ്പിച്ചിട്ടുണ്ടു്. ഇതിൽ ൧൭൭ പേരെ എതിരില്ലാതെ തിരഞ്ഞെടുത്തിട്ടുണ്ടു്. ബാക്കി സ്ഥാനാർത്ഥികൾ ൧,൧൩൭-സീററുകൾക്കു വേണ്ടിയാണു പൊരുതുന്നതു് ഈ സ്ഥാനാർത്ഥികളുടെ കൂട്ടത്തിൽ ൪൩൦ സ്ത്രീകളും ഉണ്ടെന്നു കാണുന്നു.

* * *

രണ്ടുലക്ഷം ബവേറിയൻപ്രോട്ടസ്റ്റൻറുകർഷകന്മാരായ നാസികൾ ഹിററ്ലരോടു് ധൈര്യമായി നേരേകേറി ചിലതൊക്കെ പറഞ്ഞിരിക്കുന്നു. എല്ലാ മതവിഭാഗങ്ങളും ഒരു റൌണ്ട് ടേബിൾകാൺഫറൻസു നടത്തി പരസ്പരം സഹകരിക്കണമെന്നു് ഹിററ്ലർ ആഗ്രഹിക്കുന്നതായി കാണുന്നു.

* * *

ഈയിടെ സ്പെയിനിൽ ഉണ്ടായ കലാപങ്ങളുടെ ഫലമായി പട്ടാളത്തിലും പോലീസിലും കൂടി 22 ആഫീസർമാർ ഉൾപ്പടെ 220 പേർ മരിക്കയും 743 പേർക്കു പരുക്കപററുകയും 46 പേരെ കാണാതാകയും ചെയ്തിരിക്കുന്നതായി പ്രധാനമന്ത്രി ലൊറോ പ്രസ്താവിക്കുന്നു

* * *

സമാധാനത്തിനും സൽഭരണത്തിനും ഹാനികരമെന്ന കാരണത്താൽ തെക്കുപടിഞ്ഞാറേ ആഫ്റിക്കയിലെ ഗവർമ്മെൻറു് ക്രിമിനൽലാഭേദഗതി നിയമപ്രകാരം നാസിക്കക്ഷിയേയും അവരുടെ വർഗ്ഗീയപ്രചരണങ്ങളേയും നിരോധിച്ചിരിക്കുന്നു.

* * *



പ്രശസ്ത ചലനചിത്രതാരമായ മേരി പിക്ക്ഫോർഡ്.

ഇവരുടെ പ്രശസ്തിയുടെ ഉച്ചാവസ്ഥയിൽ 'ലോകത്തിലെ പരമാനന്ദദായിനി' എന്നപേരിലാണു് ഇവർ പ്രഖ്യാതയായിരുന്നതു്. ടാക്കികൾ വന്നതോടുകൂടി ഇവരുടെ 'കുന്തൽചുരുളുകൾ' നഷ്ടമാകേണ്ടിവന്നു. വീണ്ടും പ്രസ്തുതചുരുളുകൾസഹിതം അവർ ചലനചിത്രലോകത്തിൽ പ്രവേശിച്ചിരിക്കുന്ന വേഷമാണു മുകളിൽ കാണുന്ന ചിത്രം.

* * * *


ഇക്കഴിഞ്ഞകൊല്ലത്തെ കണക്കുപ്രകാരം ബ്രിട്ടനിൽ ഇതുവരെ ഉണ്ടായതിൽ എത്രയോ കൂടുതലായി വിവാഹമോചനങ്ങൾ ഉണ്ടായതായി കണ്ടിരിക്കുന്നു. ആകെ 4,969 വിവാഹമോചനഹർജികൾ ഇക്കൊല്ലം ഉണ്ടായിരുന്നു. ഇതു കഴിഞ്ഞകൊല്ലത്തേക്കാൾ 3ꞌ1 എണ്ണം അധികമാണു്. 1933-ൽ 3,988 വിവാഹമോചനം കോടതികൾനല്കിയിരുന്നു. ഇതിൽ 746എണ്ണം ഭർത്താക്കന്മാരുടേയും, 2,24൨ ഭാര്യമാരുടേയും ആവശ്യപ്രകാരമാണു്. സാധുക്കളായ 1,0൨8 പേരുടെ കേസ്സുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടു്. ഭർത്താവിനെ കോടതിയുടെ സഹായത്തോടുകൂടെ തിരിച്ചുകിട്ടുവാനായി പത്തുകേസ്സുകൾ ഉണ്ടായിരിക്കുന്നു. ഭാര്യയെ കിട്ടാനായി ഭർത്താവും കേസ്സുകൊടുത്തിരുന്നു.

* * *



ബ്രാഡ്ഗേജ് റെയിൽവേ ഉൽഘാടനാവസരത്തിൽ കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു "ഗാർഡ് ആഫ് ആണർ" പരിശോധിക്കുന്നതു്.

Royal Studio, Ernakulam.



"ക്വീൻമേരി," ലോകത്തിലേക്കു ഏററവും വലിയ കപ്പൽ.

കണാർഡർ 534 എന്നറിയപ്പെട്ടിരുന്ന ലോകത്തിലെ ഏററവും വലിയ ആവിക്കപ്പലിനു ഈയിടെ ചക്രവർത്തിനി സ്വനാമധേയം നൾകുകയുണ്ടായി. അതിൻെറ ഒരു മാതൃകയാണു മേൽക്കാണുന്നതു്. ക്രായിഡണിൽ ഇതു പ്രദർശിപ്പിക്കയുണ്ടായി

U. P. S.

പോളണ്ടിൽ സകല പൌരന്മാരും നിർബന്ധമായി സൈനികപരിശീലനം നടത്തി സൈനികസേവനത്തിനു സന്നദ്ധരായിരിക്കണമെന്നു കാണിച്ചു് ഗവർമ്മെൻറു പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവിൽ സ്ത്രീകളേക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടു്. ഈ ഉത്തരവനുസരിച്ചു 17 മുതൽ 69 വരെ വയസ്സു് പ്രായമുള്ള സകല പുരുഷന്മാരും അവിടത്തെ പട്ടാളത്തിലെ അംഗങ്ങളാണെന്നു പരിഗണിക്കപ്പെടുന്നു.

* * *

ഒരു പുതിയ ആംഗ്ലോജർമ്മൻ ധനകാര്യസന്ധി താമസിയാതെ ഒപ്പുവെയ്ക്കപ്പെടുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇതിനെപ്പററിയുള്ള പ്രധാനഭാഗം ഇരുകൂട്ടരും ഇതിനു മുൻപേ സമ്മതിച്ചുകഴിഞ്ഞതാണെങ്കിലും ഒപ്പുവയ്ക്കുന്നതിനുമുൻപേ വളരെയധികം സംഗതികൾ ആലോചിച്ചു തീർച്ചപ്പെടുത്തേണ്ടതായുണ്ടെന്നു അറിയുന്നു. ബ്രിട്ടനു ജർമ്മൻകാർ കൊടുക്കുവാനുള്ള 40-ലക്ഷം പവനെപ്പററിയുള്ള വിഷയവും ഭാവിയിലെ ബ്രിട്ടീഷു ഇറക്കുമതിസംഗതിയുമായിരുന്നു പ്രധാന വാദപ്രതിവാദവിഷയങ്ങൾ. പുതിയ കരാറനുസരിച്ചു ഒരു പരിഷ്കരിക്കപ്പെട്ട കടം തീക്കൽ ഏർപ്പാടുണ്ടാകുമെന്നു ആശിക്കപ്പെടുന്നു.

* * *

വിദേശശക്തികൾക്കുവേണ്ടി ചാരവൃത്തിനടത്തിയ പലരെയും ജർമ്മൻകോടതികളിൽ വിചാരണനടത്തിയതായി അറിയുന്നു. അവരിൽ പലരെയും കൊല്ലുവാനും മററുചിലരെ കഠിനതടവിനും ആണു ശിക്ഷിച്ചിരിക്കുന്നതു്. ഇപ്പോൾ ശിക്ഷിക്കപ്പെട്ടിരിക്കുന്നവരുടെ കൂട്ടത്തിൽ പല സുപ്രസിദ്ധരാജ്യതന്ത്രജ്ഞന്മാരും ഉണ്ടായിരിക്കുമെന്നു സംശയിക്കപ്പെടുന്നു. ജർമ്മനിയുടെ ആയോധനപദ്ധതികൾ ഒരു വിദേശശക്തിയെ അറിയിച്ചതിനായി റീച്ച്വാർമിനിസ്റ്ററിയിലെ രണ്ടു വനിതകളായ ക്ലാക്കുകളെ അറസ്ററുചെയ്യുകയും അവരെ വെടിവെച്ചു കൊല്ലുകയും ചെയ്തിരിക്കുന്നു.

* * *

അമേരിക്കൻ ഐക്യനാടുകളിലെ 48 സംസ്ഥാനങ്ങളിൽ 47 വിധത്തിലുള്ള വിവാഹമോചനനിയമമാണുള്ളതു്. വിവാഹമോചനത്തിനുള്ള കാരണങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ചു സംസ്ഥാനങ്ങൾ മാത്രമേ പരസ്പരം യോജിക്കുന്നുള്ളു. നിവേദായിൽ ആറാഴ്ചത്തെ താമസശേഷം വിവാഹമോചനവിധി ലഭിക്കുന്നു. വിധി ലഭിച്ചു 24 മണിക്കൂർ കഴിഞ്ഞാൽ ആ ഭാര്യാഭർത്താക്കന്മാർക്കു വീണ്ടും വിവാഹം ചെയ്യാം. തെക്കേ കാരോലിനായിൽ കോടതികൾ വിവാഹമോചനം അനുവദിക്കുക എന്നൊരു പതിവില്ല. വിവാഹമോചനത്തിൽ അന്തർഭവിക്കുന്ന കക്ഷികൾക്കു 19 സംസ്ഥാനങ്ങളിൽ മാത്രമേ ഉടൻ വീണ്ടും വിവാഹം ചെയ്യാൻ അനുവാദമുള്ളു. മററു 26 സംസ്ഥാനങ്ങളിൽ വിവാഹമോചനത്തിനു അപേക്ഷിക്കുന്ന കക്ഷികൾക്കു മാത്രമേ വീണ്ടും വിവാഹംചെയ്യാൻ അനുവാദമുള്ളു. തെക്കെഡെക്കോട്ടായിൽ കുററക്കാരനായ ഭർത്താവിനു വിവാഹവിമുക്തയായ ഭാര്യയുടെ ജീവിതകാലത്തു വേറെ വിവാഹം ചെയ്തുകൂടാ. ഇതേ നിയമംതന്നെയാണു് ന്യൂയാർക്കിലുള്ളതു്. പക്ഷേ അവിടെ പ്രതിക്കും പുനർവിവാഹത്തിനു അനുവാദം അപേക്ഷിക്കാം. പെൻസിൽവേനിയാ, ടെനസ്സീ എന്നീ സംസ്ഥാനങ്ങളിൽ, പ്രതിയായ കക്ഷിക്കു മോചനം ലഭിച്ച പങ്കാളിയുടെകാലത്തു കൂട്ടുപ്രതിയെ വിവാഹംചെയ്യാൻ അനുവാദമില്ല. അമേരിക്കൻ ഐക്യനാടുകളിൽ ഏററവും കൂടുതൽ വിവാഹമോചനം നടക്കുന്ന സംസ്ഥാനം നിവേദായാകുന്നു. വിവാഹമോചനനിയമത്തിൽ ഒരു ഐകരൂപ്യം വരുത്തുന്നതിനു അമേരിക്കൻ നിയമനിർമ്മാതാക്കളുടെ സംഘം ശ്രമംനടത്തിവരുന്നുണ്ടു്.

# പ്രശ്നം.

(കൈരളീദാസൻ)

അവികലവർണ്ണങ്ങളഞ്ചുമെൻെറ
സുവിദിതനാമത്തിൽകണ്ടിടുന്നു
അതുലശ്രീഭാസിക്കുമെന്നെക്കാണ്മാൻ
കതുകത്തോടെത്തുന്നുലോകരെല്ലാം
ഉരുതരംനാലുമൂന്നഞ്ചു വർണ്ണം
ഒരുമിച്ചാൽകാണാംശിവൻെറനാമം
അതുമല്ല, ഒന്നുരണ്ടഞ്ചുനാലും
പുതുകൊണ്ടൽവർണ്ണൻെറപേരുതന്നെ
മഹിളാമണികൾക്കുമാററിയററും
മഹിതമാംപര്യായശബ്ദമെൻെറ
വിലയേറുംവർണ്ണങ്ങൾമൂന്നുമൊന്നും
സുലഭമായ്ചേർത്തിന്നാൽകണ്ടിടാമേ
അരിശമെഴുന്നവിരോധികൾക്കും
അരിയോരുവർണ്ണങ്ങളഞ്ചുനാലും
ശരിയായിയോജിപ്പിച്ചെന്നുവന്നാൽ
കരുതുവിൻപര്യായംതത്രകാണാം
തിരയുവിൻപിന്നെയുംനാലുമൂന്നും
സ്വരുപിച്ചാൽ'പമ്പ'ന്നുമുണ്ടതിങ്കൽ
ഇതുമട്ടിൽഖ്യാതിയുംഭൂരിശ്രീയും
പുതുമയുമുള്ളൊരെൻപേരുനിങ്ങൾ
ഉരചെയ്യിൻപദ്യമായ്തന്നെവേഗം
വിരചിച്ചുപാടുവിൻകേട്ടിടട്ടെ.

താഴെക്കാണുന്ന കൌപ്പൺസഹിതം അയച്ചുതരപ്പെടുന്ന (പദ്യരൂപത്തിൽ) ശരിയായ ഉത്തരങ്ങൾമാത്രം പ്രസിദ്ധംചെയ്യുന്നതാണു്.

കൌപ്പൺ.

പേരു്.........................

മേൽവിലാസം..................

മലയാളരാജ്യം ചിത്രവാരിക.


## കാമകലാസഞ്ചികകൾ

| | | |
|---|---|---|
| സ്ത്രീപുരുഷബന്ധം | അണ. | 4 |
| സ്ത്രീപുരുഷതത്വം | ,, | 3 |
| പുരുഷധർമ്മം | ,, | 3 |
| വശ്യം അഥവാ ധാതുപുഷ്ടി | ,, | 4 |
| കൃത്രിമമായ ഇന്ദ്രിയസുഖം | ,, | 4 |
| വന്ധ്യതയും നിവാരണമാർഗ്ഗങ്ങളും | ,, | 4 |
| ജനനനിയന്ത്രണം | ,, | 4 |

പ്രസ്തുത ഗ്രന്ഥങ്ങൾ ശരിയായി വായിച്ചറിഞ്ഞാൽ മനുഷ്യജീവിതം പരമസുഖപ്രദം. അല്ലെങ്കിൽ ദുർവ്വഹഭാരം. ദമ്പതിമാർ അനുഷ്ഠിക്കേണ്ട ഗൂഢതത്വങ്ങൾ എല്ലാം അടങ്ങിയിരിക്കുന്നു.

ഏഴിനുംകൂടി 1 രൂ 8 ണ.

ശ്രീരാമവിലാസം ബുക്കുഡിപ്പോ,
കൊല്ലം.

# മലയാളരാജ്യം

1110 തുലാം 20-ാംനു- തിങ്കളാഴ്ച

മഹാമഹിമശ്രീമന്നത്യശാലിയായ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിലെ 22-ാമാട്ടത്തിരുനാൾ പൂർത്തിയാകുന്ന സുദിനം വിശേഷവിധിയായി കൊണ്ടാടത്തക്കതാകുന്നു. പ്രായപൂർത്തി പ്രാപിക്കുന്നതിനുള്ള പരമാവധികാലഘട്ടം ഇരുപത്തിഒന്നുവയസ്സാണെന്ന പക്ഷം അനുസരിച്ചുനോക്കുമ്പോൾ ഇത്തവണത്തെ തിരുനാൾ തിരുമനസ്സിലേയ്ക്കു പ്രായപൂർത്തി കഞ്ഞതിനുശേഷമുള്ള പ്രഥമജന്മർക്ഷമഹോത്സവമാണെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ട് കൗമാരസീമയെ പിന്നിലാക്കി പൌരുഷദശയിലേക്കു തിരുമനസ്സുകൊണ്ടു കടന്നിരിക്കുന്നുവെന്നു ഈ ഇരുപത്തിരണ്ടാംതിരുനാൾ വ്യംഗ്യമായി വിജ്ഞാപനം ചെയ്തിരിക്കുന്നു.

കഴിഞ്ഞ തിരുനാൾഘോഷത്തിനുശേഷം ഈ തിരുനാളിനുള്ളിലായി നാട്ടിൽനടന്നിട്ടുള്ള ഗുരുതരങ്ങളായ സംഭവങ്ങൾ ഈ അവസരത്തിൽ അവിസ്മരണീയങ്ങളാകുന്നു. ഒന്നാമതായി തിരുമനസ്സിലെ വാത്സല്യഭാജനമായ കനിഷ്ഠസഹോദരി ശ്രീമൽ കാർത്തികതിരുനാൾ കൊച്ചുതമ്പുരാട്ടിയുടെ പള്ളിക്കെട്ടുമഹോത്സവമാണ് ഞങ്ങളുടെ ഓർമ്മയിൽ മുന്തിനിൽക്കുന്നതു്. രണ്ടാമതു് ഇന്ത്യൻവൈസ്രായി വെല്ലിംഗ്ടൺപ്രഭു അവർകൾ പത്നീസമേതം തിരുമനസ്സിലെ അതിഥിയായി ഈ സംസ്ഥാനം സന്ദർശിച്ചസംഗതി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പിന്നെ ആലിൻഡ്യ ഉദ്യോഗപദത്തിൽ നിന്നുപിരിഞ്ഞതും സുപ്രസിദ്ധനായ സർ മഹമ്മദ് ഹബീബുള്ള തൽസ്ഥാനത്തു് അധികൃതനായതും പ്രസ്താവയോഗ്യമാകുന്നു. തീർത്ഥയാത്രികനായി പുറപ്പെട്ട കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ടു് തിരുമനസ്സിലെ അതിഥിയായി ഇവിടെ എഴുന്നള്ളിയിരുന്നകാര്യവും ഈ കൂട്ടത്തിൽ ഗണ്യമാകുന്നു. നാട്ടുകാർക്കാണെങ്കിൽ സാമ്പത്തികാധഃപതനദുർഘടത്തിന്റെ ശമനത്തിനു കണ്ടുകൃഷിയുൾപ്പെടെ ഒരംശം കരം ഇളവു ചെയ്തും, സ്റ്റാമ്പ്ഫീസ് ലഘൂകരിച്ചതും പലിശവകയിൽ ചെയ്ത സൌജന്യവും കൃതജ്ഞതാപൂർവം സ്മരിക്കപ്പെടേണ്ടതാകുന്നു. തിരുവനന്തപുരംനഗരത്തിലേയ്ക്കു ശുദ്ധജലവിതരണമേർപ്പെടുത്തിയതും കൊല്ലത്തു് വൈദ്യുതദീപപ്രയോഗംനടപ്പാക്കിയതും പള്ളിവാസൽ വൈദ്യുതശക്തിസമ്പാദനമാരംഭിച്ചതും ചാക്കയിൽ റബ്ബർഫാക്ടറി സ്ഥാപനപ്രക്രമവുംമറ്റും മഹാഫലങ്ങളുളായ മറ്റുസംഗതികളാകുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ അഗ്നിബാധ നേരിട്ടിട്ടും കുലദേവതയായ പത്മനാഭസ്വാമിയുടെവാത്സല്യത്തെ ലേഹനംചെയ്യാൻ സാധിക്കാതെ വിഷ്വക്സേനഗൃഹവുമായി പടവെട്ടി അഗ്നി ശമിച്ചുകാണുവാൻതിരുമനസ്സിലെ ദൈവാനുകൂലത പ്രകാശിച്ചു. "മറ്റൊന്നിതിൽപരം മന്നക്കാജ്ഞകൊണ്ടാമോ" എന്ന രാമപുരത്തുവാര്യരുടെ വാക്യം ജനങ്ങൾക്കു് ഗാനവിഷയമായിരിക്കുന്നു.


ഇങ്ങനെ ദിനപ്രതി ജനഹിതൈകതാനനായി സ്വസുഖവിമുഖനായി ദയാലുവും ഹൃദയാലുവുമായി വർത്തിക്കുന്ന മഹാരാജാവുതിരുമനസ്സിലേക്കും അമ്മമഹാറാണി തിരുമനസ്സിലേക്കുംപ്പെടെയുള്ള മററു് രാജകുടുംബാംഗങ്ങൾക്കും ജന്മനക്ഷത്രമഹാസുദിനത്തിൽ വിനീതഭക്തിപൂർവം ആയുരാരോഗ്യഭാഗ്യാദികളും ഈ സുദിനത്തിന് നൂറിൽപരം ആവൃത്തികളും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

* * *

നാളികേരത്തിനുപകരം കൂടുതൽ ആദായകരമായി ഉപയോഗിക്കാവുന്ന സോയാബീനിന്റെകൃഷി ലോകത്തിൽ എല്ലായിടത്തും വർദ്ധിച്ചുവരുന്നു. സോയാബീനിന്റെ സ്വദേശം ചൈനായും, മഞ്ചൂറിയായും ആണ്. കൊറിയയിലും, അമേരിക്കയിലെ യൂണൈറ്റഡ്സ്റ്റേറ്റ്സിലും അതു് ധാരാളമായി കൃഷിചെയ്യുന്നു. റഷ്യ അതിന്റെ സോയാബീൻ കൃഷിസ്ഥലങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കയും ചെയ്യുന്നു. ലോകത്തിൽ ആകപ്പാടെ ഉണ്ടാകുന്ന 130 ലക്ഷം ടൺ സോയാബീനിൽ 50 ലക്ഷം ടണ്ണും മഞ്ചൂറിയായിലാണ് കൃഷിചെയ്യപ്പെടുന്നതു്. ആകപ്പാടെ നോക്കുമ്പോൾ സോയാബീൻ നാളികേരത്തേക്കാൾ കൂടുതലായി ലോകത്തുണ്ടാകുന്നു എന്നു കാണാവുന്നതാണ്. മുൻപു് വെളിച്ചെണ്ണ ഉപയോഗിച്ചിരുന്ന വ്യവസായങ്ങൾക്കു് സോയാബീനിന്റെ എണ്ണ കൂടുതൽ ആദായകരമായി ഉപയോഗിക്കാമെന്ന് കണ്ടുപിടിച്ചിരിക്കുന്നു. ചുരുക്കത്തിൽ ഇന്നു് നാളികേരവ്യാപാരത്തിനു വന്നുകൂടിയിരിക്കുന്ന അധഃപതനത്തിനു കാരണം, സിലോണിന്റെ മത്സരവും അതോടൊപ്പം, ഇംഗ്ലണ്ടു് ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങൾ സോയാബീൻ ഉപയോഗിക്കുന്നു എന്നുള്ള വസ്തുതയും ആണ്. മഞ്ചൂറിയായിൽനിന്ന് സോയാബീനും, അതിൽനിന്നുള്ള ഉൽപ്പന്നങ്ങളും യൂറോപ്പിലേക്കും, അമേരിക്കയിലേക്കും കൊണ്ടുപോകാൻ, ഇന്ത്യയിൽനിന്നു് നാളികേരോല്പന്നങ്ങൾ കൊണ്ടുപോകാനുള്ളതിനേക്കാൾ ചെലവു കുറവാകുന്നു. അതിനാൽ, പാശ്ചാത്യരുടെ കമ്പോളങ്ങളിൽ സോയാബീനും, നാളികേരവും തമ്മിലുള്ള മത്സരം മൂത്തുവരുന്നു. ഇതിന്റെ ഫലമായി ഒടുവിൽ നാളികേരം അതിന്റെ വമ്പിച്ച വിഹാരരംഗത്തിൽനിന്നു് പുറംതള്ളപ്പെടാൻ വളരെ എളുപ്പമുണ്ടു്. ഇതും നാം അഭിമുഖീകരിക്കേണ്ട ഒരു മുഖ്യപ്രശ്നമായി ഭവിക്കുന്നു.

* * *

കാൺഗ്രസ്സ് ഇതുവരെ അനുവർത്തിച്ചിരുന്ന സൃഷ്ടിപരമായ പരിപാടികളോടുകൂടി നിയമസഭാപ്രവർത്തനവും നടത്തേണ്ടതാവശ്യമായിത്തീർന്നിരിക്കുന്നതിനാൽ സൃഷ്ടിപരമായ പരിപാടികളുടെ നിർവഹണത്തിനു പ്രതിബന്ധമുണ്ടാക്കാതെതന്നെ ലെജിസ്ലേറ്റിവ് അസംബ്ലിയോടു സമാന്തരമായി പ്രവർത്തിക്കത്തക്കവണ്ണം കാൺഗ്രസ്സ് നല്ല ഒതുക്കവും കാര്യക്ഷമതയുമുള്ള ഒരു സംഘടനയായിത്തീരേണ്ടതു അത്യാവശ്യമായിത്തീർന്നു. അതുകൊണ്ടാണ് അഖിലേന്ത്യാ നൂൽനൂൽപുസംഘം, അഖിലേന്ത്യാഹരിജനസേവകസംഘം എന്നീ രണ്ടു മഹാപ്രസ്ഥാനങ്ങളുടെ പരിധിയിൽ ഒതുങ്ങാതെ ശേഷിക്കുന്ന ഗ്രാമീണവ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുംപ്രോത്സാഹനത്തിനുംവേണ്ടി കാൺഗ്രസ്സിന്റെനിയന്ത്രണത്തിൽനിന്നു സ്വതന്ത്രമായ അഖിലേന്ത്യാ ഗ്രാമീണവ്യവസായസംഘം രൂപവൽക്കരിച്ചുകൊണ്ടു ഗാന്ധിജി കാൺഗ്രസ്സിന്റെ ഘടനയിൽ മൗലികമായ ചില മാററങ്ങൾ നിർദ്ദേശിച്ചതു്. ജനസാമാന്യവുമായി ഇടപഴകിച്ചെയ്യേണ്ട സൃഷ്ടിപരമായ പ്രവൃത്തികളും നിയമസഭകളിൽ അനുവർത്തിക്കേണ്ട പരിപാടികളും ഫലപ്രദമായിത്തീരണമെങ്കിൽ ഓരോന്നിലും അന്തർഭവിക്കുന്ന പ്രവർത്തകന്മാർ അതിൽതന്നെ ശ്രദ്ധമുഴുവൻ ചെലുത്തി പ്രവർത്തിക്കേണ്ടതു ആവശ്യമാകയാൽ കാൺഗ്രസ്സ് ഭരമേററിട്ടുള്ള ഖാദി, അയിത്തോച്ചാടനം, ഗ്രാമീണോദ്ധാരണം എന്നീപ്രവർത്തനങ്ങൾക്കായി മൂന്നു സ്വതന്ത്രഅഖിലേന്ത്യാസംഘടനകൾ രൂപീകരിച്ചശേഷം കൌൺസിൽപ്രവർത്തനപരിപാടിയുടെ കാര്യക്ഷമമായ നിർവഹണത്തിനായി കാൺഗ്രസ്സിന്റെ ഘടനയിൽ സാരമായ മാററങ്ങൾ നിർദ്ദേശിക്കപ്പെട്ടു. അഞ്ഞൂറുപ്രാഥമികകാൺഗ്രസ്സ് അംഗങ്ങൾക്കു ഒരു പ്രതിനിധിവീതം കാൺഗ്രസ്സിൽ രണ്ടായിരംപ്രതിനിധികളുണ്ടായിരിക്കേ,ഈ രണ്ടായിരംപ്രതിനിധികൾചേർന്നു കാൺഗ്രസ്സ് അദ്ധ്യക്ഷനെയും എ. ഐ. സി. സി.യെയും തെരഞ്ഞെടുക്കുക, എ. ഐ. സി. സി. യിൽ ഓരോ പ്രാവിൻസിനും ഉള്ള അംഗങ്ങളെക്കൂടാതെ എല്ലാം നൂററികയ്യുന്നതിനു വേണ്ട മെമ്പറന്മാരെക്കൂടെ ചേർത്തു് പ്രാദേശികക്കമ്മിററികളെ രൂപീകരിക്ക, ആറുമാസമെങ്കിലും പ്രാഥമികമെമ്പറായിരുന്നിട്ടില്ലാത്തവർക്കു വോട്ടുചെയ്യാൻ അനുവാദമില്ലാതിരിക്ക എന്നിവയാണ കാൺഗ്രസ്സ ഘടനയിൽ വരുത്തിയിട്ടുള്ള പ്രധാനമാററങ്ങൾ. കാൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സൃഷ്ടിപരമായ വിവിധപ്രവർത്തനങ്ങൾ നടത്തുന്ന തൊഴിലാളികൾക്കു കാൺഗ്രസ്സിൽ മതിയായ പ്രാതിനിധ്യം ലഭിക്കത്തക്കവണ്ണം നൂൽനൂൽപുനിയോജതവും തൊഴിൽനിയോജകതവും നടപ്പാക്കുന്നതും ഘടനാപരമായി മൂലസ്പർശിയായ ഒരു ഭേദഗതിയാകുന്നു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം വരുത്തിയിരിക്കുന്ന ഈ ഭേദഗതികൾ കാൺഗ്രസ്സ്പ്രവർത്തനത്തെ പല ഡിപ്പാർട്ടുമെന്റുകളായിത്തിരിക്കയും ഓരോ വകുപ്പിന്റെയും കാര്യക്ഷമമായ നടത്തിപ്പിനു വ്യവസ്ഥചെയ്യുകയും ചെയ്യുന്നു.




കാൺഗ്രസ്സ് നഗരിലെ ഖാദിപ്രദർശനം

അതൃത്തിദേശഗാന്ധി, ഖാൻ അബ്ദുൽജാഫർഖാൻ അക്ടോബർ 20 ാംനു- ഖാദിപ്രദർശനം ഉൽഘാടനംചെയ്ത അവസരത്തിൽ എടുത്ത ഫോട്ടോ.

G. S. A.



കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു ചെങ്ങന്നൂർ സന്ദർശിച്ച അവസരത്തിൽ കോവിലെഴുന്നള്ളിയപ്പോൾ എടുത്ത ഫോട്ടോ.



ഖാദിപ്രദർശനോൽഘാടനാവസരത്തിൽ ഖാൻ അബ്ദുൽജാഫർഖാൻ പ്രസംഗിക്കുന്നതു്.

G. S. A.




കൊച്ചി മഹാരാജാവുതിരുമനസ്സിലെ നേത്യാരമ്മ ചെങ്ങന്നൂർ
ക്ഷേത്രദർശനത്തിനായി വന്നപ്പോൾ എടുത്ത ഫോട്ടോ.

('മലയാളരാജ്യ'ത്തിനു പ്രത്യേകം.)

Photo, Revi Studio, through Malayala Rajyam Agent, Thiruvalla.

(നാലാംപേജത്തുനിന്നും)

മാത്രാപാവനശീലയാസഹസുഖം ദേശാന്തരം സഞ്ചരൻ
ഗോത്രാപാലനചാതുരീമഭിനവാംസമ്പാദയൻസാദരം
വൃത്രാരാതിസമാനകാന്തിരനഘശ്രീവഞ്ചിഭൂമീപതി-
ശ്ചിത്രാതാരമഹോത്സവംകലയതേ ലോകൈകഭാഗ്യോദയം.

തുംഗഭാഗ്യജലധേ മഹാമതേ
മംഗളാംഗ മഹനീയവൈഭവ
മംഗളിനമയി രാമഭൂപതേ
മംഗലം ദിശതു കഞ്ജലോചന.

അനന്തപുരത്തുകൊട്ടാരത്തിൽ പൂരാടംനാൾ തമ്പുരാട്ടി.

ചിരം യുവമഹീപതേ! ഭരണസമ്പ്രദായങ്ങളാൽ
പരംജനതവാഴ്ത്തിടും വിവിധസമ്പ്രദാനങ്ങളാൽ
വരോചിതപരിഷ്കൃതസ്ഥിതികലംചേർന്നവഞ്ചീശപുരീ-
പുരോഗമനവേളയിൽ പുകളിനിലാവിലാറാടണം.

പരുത്തിക്കാട്ടു ഗോപാലപിള്ള ബി ഏ.

സമ്മോദംമനുജക്കണച്ചുസതതം വന്മാലകററിപ്പരം
ധർമ്മാസക്തികലന്നൊരീധരണിപൻശ്രീചിത്രനക്ഷത്രജൻ
നിമ്മായംഭുവിഭവ്യമേകിസസുഖം വഞ്ചിക്ഷമാമണ്ഡലം
ചെമ്മേകാത്തുഭരിപ്പതിന്നുഭഗവാൻത്ര്യക്ഷൻകടാക്ഷിക്കണം

കല്ലുങ്കാട്ടു്, പി. പരമേശ്വരൻനായർ.

ധമ്മം സ്ഥാപിക്കുവാനായ് ധരണിയിലവതാ-
രങ്ങൾകൈക്കൊണ്ടു രക്ഷാ-
കമ്മംനിത്യംനടത്തും ഹരിയെയരിയഹ്വൽ
പങ്കജത്തിങ്കലാക്കി
ഇമ്മന്നിൻഭാരമേററിട്ടവശത ലവമേ-
ശാതെയാശാനുകൂലം
നമ്മേക്കാക്കുന്ന ചിത്രർക്ഷജനൃപതി ചിരം
മേവണേ ഭൂവിലേവം.

ആശ്രാമം കെ. പി. കേശവനാചാരി.

പൂമാതിൻകമനിയകാന്തി ചിതറി-
ട്ടന്നോരപാംഗാമൃതം
സാമോദം നുകരുന്ന രമ്യതനുവി,-
ശ്രീചൈത്രനക്ഷത്രജൻ
സീമാതീതഗുണൗഘമാൻ നെട്ടനാ-
ളേറം ഭരിച്ചിട്ടവാൻ
ഭാമാവല്ലഭ! പോററിടേണമതിനായ്
പ്രാത്ഥിച്ചിട്ടുന്നനഹം.

പരവൂർ പി. ഗോവിന്ദപ്പിള്ള.

വഞ്ചിക്ഷോണീവധൂടിമണിയുടെതിരുഫാ-
ലസ്ഥലത്തുല്ലസിക്കും
വഞ്ചാരുശ്രീകലർന്നുള്ളൊരു തിലകമതാം
ചിത്രനക്ഷത്രജാതൻ.
ചാഞ്ചല്യം തൻപ്രവൃത്തിക്കൊരുപൊഴുതുമുദി-
ക്കാതെയുത്തുംഗഹഷം
തഞ്ചിപ്രാഗത്ഭ്യമോടീധരണിയെയിനിയും
പാലനംചെയ്തു നീണാൾ!

വിളക്കുമാടം, പി. എൻ. നാരായണൻനായർ.

മുന്പുവഞ്ചിയെവരിച്ച വയ്പുപുലരുന്ന
വന്ദ്യനരനാഥർതൻ
പിമ്പുവാഴ്ചയെവഹിച്ച ചിത്രധരണീധ-
വൻ ജിതപുരന്ദരൻ
അമ്പുപൂണ്ടുജനരക്ഷണംസപദിചെയ്തു
കൊണ്ടുചിരകാലമി-
ത്തമ്പുരാൻസകലസൽഗുണത്തൊടിളകാത്തു
മുത്തൊടുവിളങ്ങണം.

എടപ്പാമ്പള്ളി നീലകണ്ഠൻനമ്പൂതിരിപ്പാട്.

സന്താപവൻതിമിരഭാസ്കര;നാശ്രിതക്ക
സന്താനശാഖി,നിഖിലാമലധമ്മസാരം;
ഹന്താതിഭാഗ,മവനീവധുചാത്തുമോമൽ-
പ്പൊൻതാലി,പൊന്നുതിരുമേനി,വിളങ്ങിടട്ടെ.

തത്തമത്തുമഠത്തിൽ മനോരമത്തമ്പുരാട്ടി

ജയിക്ക വിശേഷാത്തരപുണ്യപൂരമേ
ജയിക്ക വഞ്ചിക്ഷിതിതൻെറ ഭാഗ്യമേ
ജയിക്ക സർവ്വോത്തമചിത്രതാരമേ
ജയിക്ക നാട്ടാരുടെനല്ലൊരോണമേ.

അനേകലക്ഷം ജനതാഹൃദന്തമി-
ന്നമായമായ് മംഗളമോതിടുന്നതേ
അനാമയ നീവിജയിക്കവഞ്ചിത-
ന്നമോഘദീപാവലിതൻ പ്രകാശമേ

പരംനൃപൻനിർമ്മലരാജ്യലക്ഷ്മിതൻ
കരംഗ്രഹിച്ചിന്നു പരമ്പരാഗതം
ചിരംപ്രജാപാലനമാണ്ടുവാഴുവാൻ
ചിരന്തനൻ നൾക നിരന്തരം വരം.

അനന്തലോകസ്ഥിത പാലലോലനീ-
യനന്തതൻനാഥനഖണ്ഡപൂരുഷൻ
അനന്തതല്പേശയനാദിനായകൻ
മനംതെളിഞ്ഞെന്നുമനുഗ്രഹിക്കമേൽ.

എൻ. ലളിതാംബികഅന്തർജ്ജനം.

സത്യം,സാധുജനാനുകമ്പ,വിനയം,
വിദഗ്ദ്ധതാമിത്യാദിയാ
മത്യുൽകൃഷ്ടവിശിഷ്ടസൽഗുണമെഴും
ശ്രീചിത്രനക്ഷത്രജൻ
മുദമോടൊത്തിരുപത്തിരണ്ടുതിരുനാൾ
കൊണ്ടാടി,നൂറാണ്ടിനി
പൃഥ്വീവല്ലഭനല്ലൽവിട്ടമരുവാൻ
കണ്ണൻകടാക്ഷിക്കണം.

ഈ. കെ. ശ്രീധരമേനോൻ പൂഞ്ഞാർ.

ഇന്നു പൊന്നുതിരുമേനി ചിത്തിരമഹീപ-
തിക്കു തിരുനാൾമഹം
വന്നുകണ്ടിതിരുപത്തിരണ്ടു വരിഷത്തി-
നൊത്തിഹ ദിവാകരൻ
തന്നുനൽതിരുവയസ്സു നൂററിരുപതേററു
വാണരുളുവാൻ വരം
കുന്നുപോലെ വരിഷിക്കണേ! സകല
സിദ്ധിയാം "കുസുമമഞ്ജരി!"

ആർ. കൈമൾ എം. എ. എൽഎൽ. ബി.


വേണാടിൻ പുണ്യപൂരം, ചപലകൾമണിയാം
ശ്രീയ്ക്കു ശശ്വന്നിവാസം
വാണീദാസക്കു മേന്മേൽ പുകഴൊളി പുകഴാൻ
നവ്യഭവ്യൈകധാമം,
കാണാനാവോക്കുനിത്യം മഹിതകരുണതൻ
രമ്യ പാരമ്യ ഭാവം
നീണാൾ കാക്കട്ടെ നമ്മെജ്ജഗദധിപകൃപാ-
പാത്ര ചിത്രാവനീശൻ.

എൻ. ബാപ്പുറാവു ബി. ഏ. ബി. എൽ.

(കളകാഞ്ചി)

വിമലനൃപകുലതിലക!കുശലനിധിയാമങ്ങു-
വാഴ്കവിജയൈകലക്ഷണലക്ഷ്യമായ്
വിബുധപതികരകലിതകുലചിലകുലച്ചുരോ
മാനത്തെ രക്ഷിച്ചുപോരുന്നതില്ലയോ
അമൃതമയകലശഭരതരളതരമൗലിയായ്
കല്പദ്രുവങ്ങുയ്ക്കുധീനങ്ങളല്ലയോ
പടുപടഹമുടമയൊടുതാങ്ങിനവേലയിൽ
രത്നാകരംവന്നുപാക്കുന്നതില്ലയോ?
കളഭവരലളിതഗതികലരുമധികോന്നത
വന്മഹീഭൃത്തിങ്ങുകാവലിനില്ലയോ
പ്രകൃതികൃതസുകൃതഗതിയിതിലധികമെന്തുവാൻ
രാമരാജ്യംജഗൽപൂജ്യംഭവൽപദം
കമലമകളൊളിതിരളുമമലലളിതാപാംഗ
ലീലാവലോകാവലൈകവിലാസമേ
വിമലനൃപകുലതിലക!ശതസമകളിങ്ങനെ
വാഴ്കവിജയൈകലക്ഷണലക്ഷ്യമായ്.

പേരൂർ, സി. മാധവൻപിള്ള.




## ഭാരതം.

സിലോണിലെ ബാങ്കിംഗിനെപ്പററി അന്വേഷിക്കുവാൻ നിയുക്തനായിരുന്ന സർ. സൊറാബ്ജി അദ്ദേഹത്തിൻെറ റിപ്പോർട്ട സമർപ്പിച്ചുകഴിഞ്ഞു. സാധുജനങ്ങളുടെ ജീവിതരീതി ഇന്ത്യയിലേതിനേക്കാൾ സിലോണിൽ ഉയന്നതാണെന്നും, അവിടത്തെ സാധുജനങ്ങൾ ഇന്ത്യയിലെ സാധുജനങ്ങളേക്കാൾ കൂട്ടതൽ പോഷണകരമായ ആഹാരം കഴിക്കുന്നുണ്ടെന്നും സൊറാബ്ജി പറയുകയുണ്ടായി. സിലോൺ കർഷകപ്രധാനമായ ഒരു രാജ്യമാണെങ്കിലും ഫാക്ടറികൾ സ്ഥാപിക്കുവാൻ സാധിക്കുമെന്നാണ അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുള്ളതു്.

* * *

"സിലോണിൽവരുന്നവരുടെ കത്തവ്യം തങ്ങളുടെമാത്രം താല്പര്യങ്ങൾ നോക്കുക എന്നതല്ല. അവർ ചുററുമുള്ളവരുടെതാല്പര്യങ്ങളേയും നോക്കേണ്ടതാണു്." എന്നാണ സിലോണിലെ ഇന്ത്യാഗവർമ്മെൻറിൻെറ ഏജൻറായ ടി. എൽ. ആർ. ചന്ദ്രൻ ബദുള്ള എന്നസ്ഥലത്തെ ഇന്ത്യൻ അസോസിയേഷനിൽചെയ്ത പ്രസംഗത്തിൽ പ്രസ്താവിച്ചതു്. സിലോണിലെസമുദായങ്ങളോട വളരെ ബഹുമാനത്തോടുകൂടിവേണം അവർ പെരുമാറേണ്ടതെന്നും അദ്ദേഹം പ്രസ്താവിച്ചു. അവരുടെപ്രവൃത്തികളിലനിന്നാണു് ഇന്ത്യാക്കാരെപ്പററി സിലോൺകാർ ധരിക്കുവാൻ ഇടയാകുന്നതു്. കാൻഡിയിയിൽ അശരണരായ കൂലി വേലക്കാർക്കുവേണ്ടി ഒരു മന്ദിരവും എസ്റേററിലെ വേലക്കാർക്കുവേണ്ടി വിശ്രമമന്ദിരങ്ങളും പണിചെയ്യിക്കണമെന്നുള്ള മി. ചന്ദ്രൻെറനിർദ്ദേശത്തെ പിൻതാങ്ങി സമ്മേളനം ഒരു നിശ്ചയം പാസ്സാക്കി.

* * * *

"ചെംകുപ്പായപ്രസ്ഥാനത്തെപ്പററി ഖാൻ അബ്ദുൾഗാഫർഖാൻ ഇൻഡ്യൻ ക്രിസ്ത്യൻസമ്മേളനത്തിൽവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. 1930 മാർച്ചിൽ 500 അംഗങ്ങളോടുകൂടി ആരംഭിച്ച ഈ പ്രസ്ഥാനത്തിൽ മൂന്നുമാസംകൊണ്ടു 40000 അംഗങ്ങൾ ഉണ്ടായതെങ്ങനെയെന്നു വിശദമാക്കിക്കൊണ്ടു അക്രമരാഹിത്യആദർശം മുൻനിറുത്തി സത്യം, സ്വാതന്ത്ര്യം, സ്നേഹം എന്നീ അടിസ്ഥാനങ്ങളിന്മേൽ ഇതു നിർമ്മിക്കപ്പെട്ടിരിക്കുന്നുഎന്നു അദ്ദേഹം കാരണസഹിതം തെളിയിച്ചു. അതിർത്തിപ്രദേശങ്ങളിലെ ആളുകളുടെ സാമുദായികപരിഷ്കരണവും പുരോഗതിയും ലാക്കാക്കി പ്രവത്തിക്കുന്ന ഈ പ്രസ്ഥാനത്തിനു്, ഇതിനെ നശിപ്പിക്കുവാൻ ഒരുമ്പെട്ട ഗവർമ്മെൻറു പറഞ്ഞതുപോലെ, ഒരു രാഷ്ട്റീയവശമില്ലെന്നാണു ഇദ്ദേഹം പറഞ്ഞതു്. ഗവർമ്മെൻറു ഈ ശ്രമം തുടന്നുകൊണ്ടിരിക്കുമ്പോൾതന്നെ ഈ പ്രസ്ഥാനം വളന്നുവരുന്നുഎന്നും, അതിൻെറ അംഗങ്ങളുടെ സംഖ്യ മൂന്നുലക്ഷമായി പരിണമിച്ചുഎന്നും അവക്കു (ഗവർമ്മെൻറിനു) മനസ്സിലായി. അഭ്യർത്ഥനകളും ഭീഷണികളും അറസ്ററുകളും എല്ലാം നടന്നിട്ടും ഈ പ്രസ്ഥാനം അഭിവൃദ്ധിപ്പെട്ടുകൊണ്ടുതന്നെയിരുന്നു. സ്നേഹം, അക്രമരാഹിത്യം, സത്യം എന്നീ അടിസ്ഥാനങ്ങളിന്മേൽ ഇതു ഉറച്ചുനിന്നതിനാൽ യന്ത്രത്തോക്കുകൾക്കോ ബയണററുകൾക്കോ ഇതിനെ അടിച്ചമർത്തുവാൻ സാധിച്ചില്ലെന്നു ഇദ്ദേഹം പ്രസ്താവിച്ചു.

* * *

കോൺഗ്രസ് നിന്നുപോകയോ അടിച്ചമർത്തപ്പെടുകയോ ചെയ്തിട്ടില്ലെന്നു് എത്ര അസൂയാശങ്കയുള്ളവരെയും ബോംബെ കാൺഗ്രസ്സമ്മേളനം ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. കാൺഗ്രസ്സിൻെറ ശക്തിയെ പരിഗണിക്കാതെ യാതൊന്നും സാദ്ധ്യമല്ലെന്നു് അതു് ലോകത്തെ മനസ്സിലാക്കിയിരിക്കുന്നു. കോൺഗ്രസ്സിൻെറ സഹകരണംകൂടാതെ ഇന്ത്യൻപ്രശ്നത്തിനു ഒരു തീരുമാനമുണ്ടാക്കുവാൻ സാദ്ധ്യമല്ലെന്നു് നിഷ്പക്ഷപാതികളും ദീർഘദൃഷ്ടിയുള്ളവരും ആയ സകലരും സമ്മതിക്കുന്നതാണു്" എന്നാണു് ഈയിടെ എതിരില്ലാതെ അസംബ്ളിയിലേക്കു തിരഞ്ഞെടുക്കപ്പെട്ട മുൻഷി ഈശ്വരസാരൻ ഒരു അഭിമുഖസന്ദർശനത്തിൽ പ്രസ്താവിച്ചതു്. മി. സാരൻ ഇങ്ങനെ തുടന്നുപറഞ്ഞു — "കോൺഗ്രസിൽനിന്നും ഗാന്ധിജിയുടെ ശരീരമല്ലാതെ മനഃശക്തി ഒഴിഞ്ഞുമാറിനിൽക്കുകയില്ലെന്നു എനിക്കു ദൃഢമായ വിശ്വാസമുണ്ടു്. ആരെങ്കിലും എന്തെങ്കിലും പറഞ്ഞുകൊള്ളട്ടെ. ഇന്നു ഇന്ത്യയുടെ ഭാഗധേയം നയിക്കുവാൻ ശക്തിയുള്ള ഏകമനുഷ്യൻ ഗാന്ധിജിയാണെന്നുള്ളതു എത്രയും വ്യക്തമാകുന്നു."



അഖിലേന്ത്യാ കാൺഗ്രസ്സ്കമ്മിററിയോഗത്തിൽ ഗാന്ധിജി പ്രസംഗിക്കുന്നതു്.

G. S. A.



ബോംബെ കോൺഗ്രസ്സ്നഗരിൽ സമ്മേളിച്ച അഖിലേന്ത്യാ കാൺഗ്രസ്സ്കമ്മിററിയോഗത്തിലെ ഒരു രംഗം — മഹാത്മാഗാന്ധി കാൺഗ്രസ്സിൽനിന്നും പിന്മാറരുതെന്നു് മാളവ്യജി അഭ്യർത്ഥിക്കുന്നു. മാളവ്യജി മൈക്രോഫോണിൻെറ അടുക്കൽനിന്നു പ്രസംഗിക്കുന്നു.

G. S. A.


—o—

## കേരളം.


നംപൂതിരിയോഗക്ഷേമമഹാസഭയുടെ 27-ാമതുവാർഷികം തിരുവിതാംകൂറിൽ ഹരിപ്പാട്ടുവച്ചു് ഈ വരുന്ന ധനുമാസത്തിൽ നടത്തുന്നതിനു നിശ്ചയിച്ചുകൊണ്ടു ഒരു സ്വീകരണസംഘം രൂപവൽക്കരിച്ചിരിക്കുന്നു.

* * *

സ്വരാജ്യസഹകരണദിനം ഈമാസം 18-ാം തീയതി ശനിയാഴ്ച കേരളത്തിൻെറ നാനാഭാഗങ്ങളിലും ആഘോഷിച്ചിരിക്കുന്നു. പരസ്പരസ



കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ടു ഷൊറണ്ണൂർ എർണാകുളം ബ്രാഡ്ഗേജു റെയിൽവേഉൽഘാടനം ചെയ്യുന്ന അവസരത്തിൽ.
എസ്. ഐ. ആർ. ഏജൻറ് സിഗ്നൽതുറക്കുവാൻ അഭ്യർത്ഥിക്കുന്നതാണു ചിത്രം.



ഷോറണ്ണൂർ—എറണാകുളം ബ്രാഡ്ഗേജ്ലൈൻ ഉൽഘാടനംചെയ്ത അവസരത്തിൽ നടന്ന ലഞ്ചിയൺപാർട്ടി സംബന്ധിച്ചു് എടുത്ത ഫോട്ടോ. P. N. A.
ഇടത്തുനിന്നും:— ഈ. കെ. മേനോൻ അവർകൾ, സർവ്വാധി, മഹാരാജാവു തിരുമനസ്സുകൊണ്ടു്, ദിവാൻജി, എ. ഡി സി. മി. മന്നാടിയാർ.

ഹായപ്രസ്ഥാനത്തെപ്പററി പല വൻപിച്ച പൊതുയോഗങ്ങളിലുംനടന്ന പ്രസംഗങ്ങൾ വിജ്ഞാനപ്രദങ്ങളായിരുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

*　　*　　*

കൊച്ചിയിലെ സ്റേറററവടിഷ്ച്ചുഴ്സുകാൺഫറൻസിൽ ആദ്ധ്യക്ഷംവഹിക്കാൻ വരുന്ന ഡാക്ടർ ജേംസു് എച്ചു് കസിൻസു് തിരുവനന്തപുരം തിയാസഫിസംഘക്കാരുടെ ക്ഷണമനുസരിച്ചു നവംബർ 18-ാംതീയതി തിരുവിതാംകൂറിൽ എത്തുന്നതും, അദ്ദേഹം തിരുവനന്തപുരം ജീവകാരുണ്യസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുകയും, "ഭാരതീയകലകളെപ്പററി" മാജിക്ക്ലാന്റേൺ ലച്ചർ നടത്തുകയും ചെയ്യുന്നതും ആണെന്നറിയുന്നു.

*　　*　　*

കാർഷികോൽപ്പന്നങ്ങളുടെ വിലഇടിവു തുടർന്നുകൊണ്ടിരിന്നതിനാൽ സ്റേററ്റ ലാൻറ റവന്യൂവിൽ പന്ത്രണ്ടരശതമാനം ഇളവുചെയ്യുവാൻകൊച്ചിഗവർമ്മെൻറ തീരുമാനിച്ചിരിക്കുന്നു. കൊച്ചി നക്കാർജന്മഭൂമികൾ കൈവശംവച്ചുകൊണ്ടിരിക്കുന്ന തിരുവിതാംകൂറിലെ കുടിയാനവന്മാർക്കും ഈ സൗജന്യം അനുഭവിക്കാവുന്നതാണു്.

*　　*　　*

ഈമാസം 25-ാംതീയതി തിരുവനന്തപുരത്തു സമ്മേളിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന വിമൻസു എഡ്യൂക്കേഷണൽകാൺഫറൻസു് വൃശ്ചികം2-ാം തീയതിക്കു മാററിയിരിക്കുന്നു. കാൺഫറൻസിൽ ആദ്ധ്യക്ഷംവഹിക്കാമെന്നു ഡാക്ടർ മിസ്സിസ്സ്മുത്തുലക്ഷ്മിറെഡ്ഡി സദയം സമ്മതിച്ചിരിക്കുന്നതായി കാണുന്നു.

*　　*　　*

കൊച്ചിതുറമുഖത്തിലെ വ്യാപാരഗതിയെയും ഇക്കഴിഞ്ഞ ജൂൺമാസംവരെയുള്ള ഒരുവർഷത്തെ പ്രവർത്തനത്തെയുംസംബന്ധിച്ചു കൊച്ചിയിലെ വ്യാപാരസംഘം രേഖപ്പെടുത്തീട്ടുള്ള അഭിപ്രായത്തിൽ, കയററുമതിയിൽ ഒരുകോടി ഉറുപ്പികയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും, നെല്ലരിയുടെ ഇറക്കുമതി കഴിഞ്ഞവർഷം, 309134-ടൺആയിരുന്നതു് പ്രസ്തുതകൊല്ലത്തിൽ 385914 ടൺ ആയി വർദ്ധിച്ചുഎന്നും(40-ലക്ഷം ക) റിക്കാർട്ടുചെയ്തിരിക്കുന്നു.

*　　*　　*

ശ്രീമതി ഹവ്വാബീബി എന്നൊരു മുസ്ലിംവനിത ഇക്കഴിഞ്ഞ ബി. എ. പരീക്ഷയിൽ പ്രശസ്തമാംവിധം വിജയിനിയായിരിക്കുന്നു കേരളമുസ്ലിംസ്ത്രീകളിൽ ഇദംപ്രഥമമായി ബി. എ. ഡിഗ്രിഎടുത്ത ഈ വനിതയെ അനുമോദിക്കുവാനായി കഴിഞ്ഞയാഴ്ച കായംകുളത്തുകൂടിയ മുസ്ലിംവനിതാസമ്മേളനത്തിൽവച്ചു് മുസ്ലിംസ്ത്രീകളുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിമാർഗ്ഗങ്ങൾക്കു സഹായമായി വേണ്ടതു പ്രവർത്തിക്കുന്നതിനു ഒരു സംഘം രൂപീകരിക്കണമെന്നും അതിനായി വൻപിച്ച ഒരു മുസ്ലിംലേഡികാൺഫറൻസു് വിളിച്ചുകൂട്ടണമെന്നും തീരുമാനിച്ചിരിക്കുന്നു.

*　　*　　*

## വിഷയവിവരം


| | | പേജ്ജ് |
|---|---|---|
| 1. | തിരുനാൾമംഗളാശംസ | 4 |
| 2. | ശാസ്ത്രമുഖം | 5 |
| | കെ. രാമകൃഷ്ണൻനായർ ബി. ഏ. | |
| 3. | ആസന്നഭാവിയിലെ അത്ഭുതകരമായ കണ്ടുപിടിത്തം | 7 |
| | മാത്യു എം. കുഴിവേലി ബി. ഏ. | |
| 4. | ആനന്ദഭാരം (കവിത) | 8 |
| | എൻ. ലളിതാംബിക അന്തർജ്ജനം. | |
| 5. | സി. വി-യും കവിതയും | 9 |
| | വി. ഗോപാലപിള്ള ബി. ഏ. എൽ. ടി. | |
| 6. | ആനന്ദവികൃതി (ചെറുകഥ) | 11 |
| | കെ. എസ്സ്. പരമേശ്വരൻപിള്ള. | |
| 7. | ലോകചക്രം | 13 |
| 8. | പ്രശ്നം (കവിത) | 14 |
| | കൈരളീദാസൻ. | |
| 9 | വിമർശനം | 15 |
| I0 | ഭാരതം | 19 |
| 11. | കൃഷിയും കൈത്തൊഴിലും | 25 |
| | പള്ളകൽ. എൽ. ഗോമതിഅമ്മ ബി. ഏ. | |
| 12. | ബെർനാർഡ്ഷായുടെ നേരമ്പോക്കുകൾ | 27 |
| | വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ. | |






ഇൻറർനാഷണൽ ലേബർ ആഫീസ് ഡിപ്ലോമാററിക്ക ഡിവിഷൻമെമ്പറും തിരുവിതാംകൂർ സ്വദേശിയുമായ മി. കെ. കുഞ്ഞനും അദ്ദേഹത്തിന്റെ പത്നിയായ ആംഗലമഹിളയും

(പന്ത്രണ്ടാംപുറത്തുനിന്നും തുടച്ച്)

ഭിച്ചയന്ന്. മിസ്സ് ആനന്ദവല്ലിയും മേനവനുമായുണ്ടായ സന്ദർശനത്തെപ്പററി ഇതിനിടയിൽ അവർ കേട്ടറിഞ്ഞു. അവരോടന്വേഷിക്കാനായി അസിസ്ററൻറുറിപ്പോർട്ടരെ നിയോഗിക്കയും ചെയ്തു. ആനന്ദവല്ലി സന്ദർശനകഥ സംവദിച്ചെങ്കിലും, അനന്തരസ്ഥിതിയെ സംബന്ധിച്ച് ഒന്നുംഅറിഞ്ഞുക്രടെന്നാണു ആദ്യം പറഞ്ഞതു്. പിന്നീട്, താൻ എന്തെങ്കിലും പറഞ്ഞാൽ, അതു മി. മേനവനോടു നീതിചെയ്കയായിരിക്കയില്ലെന്നു സൂചിപ്പിച്ചപ്പോൾ ക്രടിക്കാഴ്ചയിൽ ആവശ്യമില്ലാത്തതു പറഞ്ഞുപോകുമെങ്കിൽ, പത്രത്തിൽ എഴുതിയാലുംമതി എന്ന് അസിസ്ററൻറുറിപ്പോർട്ടർ നിർദ്ദേശിക്കയും, അവർ അതിനെ മനസ്സില്ലാമനസ്സോടെ അംഗീകരിക്കയുംചെയ്തു.

അതൊരു വ്യാഴാഴ്ചയായിരുന്നു. ശനിയാഴ്ച വൈകുന്നേരമായപ്പോൾ, അന്നത്തെ 'കേരളരാജ്യ'ത്തിൽഅശ്രുതപൂർവമാംവണ്ണം ക്ഷോഭജനകമായ ഒരു യഥാർത്ഥകഥ—മി. വിശ്വനാഥമേനവൻെറ അന്തർദ്ധാനകഥ—ചേർത്തിട്ടുണ്ടെന്നുള്ള വർത്തമാനം ടൌണിലെല്ലാംപരന്നു. ശത്രുപക്ഷത്തിലെ ചില പത്രങ്ങൾപോലും 'കേരളരാജ്യ'ത്തിൻെറ ഈ അപൂർവമാഹാത്മ്യലബ്ധിയിൽ അതിനെ മുൻക്രട്ടി അനുമോദിച്ചു ക്രടുതൽ പ്രതീക്ഷിച്ചവർ നിരാശപ്പെടേണ്ടിവന്നില്ല; ഒന്നും ആശിക്കാത്തവർ അത്ഭുതപരതന്ത്രരായി; എന്തുകൊണ്ടെന്നാൽ അന്നത്തെ പത്രത്തിൽ പത്രത്തിൻെറ രണ്ടുവശങ്ങൾ ഒരുമിച്ചുചേർത്തു വലിയ 'വെണ്ടയ്ക്ക'തലക്കെട്ടിൽ അതിൻെറ പോലീസ്സറിപ്പോർട്ടരുടെ നിഗ്രൂഢമായ തിരോധാനത്തെപ്പററി അദ്ദേഹത്തിൻേറയും അതെഴുതിയ ആളിൻേറയും ഫോട്ടോകളോടും മററുപല പടങ്ങളോടും ക്രടിയ ഒരു പ്രത്യേകലേഖനമുണ്ടായിരുന്നു. ലേഖനമെഴുതിയതു്, വിശ്വവിശ്രുതയായ നാടകറാണി, സംഗീതകോകിലം, നർത്തനരംഭ,മിസ്സ് ആനന്ദവല്ലിയമ്മയാണെന്നുക്രടി അറിഞ്ഞപ്പോൾ ജനഹൃദയം വല്ലാതെ ഇളകിവശായി.

മി. വിശ്വനാഥമേനവൻെറഗൃഹം ബ്രി. മലബാറിൽ എവിടെയോ ആണെന്നല്ലാതെ ക്രടുതൽവിവരങ്ങൾ ആർക്കുമറിയാൻ പാടില്ലായിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ കുടുംബചരിത്രത്തെപ്പററി ലേഖനത്തിലുണ്ടായിരുന്ന വിവരങ്ങൾ ജനങ്ങൾക്കു അത്ഭുതപൂർവകമായ ആശ്ചര്യത്തെ ഉളവാക്കി.

മി. വിശ്വനാഥമേനോൻ ചാത്തരജന്മികുടുംബത്തിലെ ഇപ്പോഴത്തെ മൂപ്പുകാരനാണു്. അദ്ദേഹത്തിൻെറ പിതാവിനെ, പിതാമഹൻ എന്തോ കാരണവശാൽ വളരെ ഉപദ്രവിക്കയും, തന്മൂലമുണ്ടായ വൈരാഗ്യത്താൽ മേലാൽ താൻ കുടുംബത്തിൽ കേറുകയോ, കുടുംബകാര്യങ്ങളിൽ സഹകരിക്കയോ ചെയ്കയില്ലെന്നു് ശപഥംചെയ്കയുംചെയ്തുപോയിട്ടുണ്ടു്. ഈ കുടുംബത്തിലെ മൂപ്പുകാരനു 'പ്രഭു'സ്ഥാനം കല്പിച്ചുകിട്ടിയിട്ടുള്ളതാണു്. എന്നാൽ ഏഴുകൊല്ലംക്രടുമ്പോൾ ഏഴുദിവസമെങ്കിലും ഗൃഹത്തോടനുബന്ധിച്ചുള്ള പഴയകോട്ടയിൽ മൂപ്പുകാരൻ താമസിച്ചില്ലെങ്കിൽ ഈസ്ഥാനം നിന്നുപോകുന്നതും, വസ്തുവകകൾ, ഗവൺമെൻറിലേക്കു കണ്ടുകെട്ടുന്നതുമാണു്. രണ്ടുമൂന്നുമാസമായി തൻെറ അച്ഛൻ അനാരോഗ്യത്താൽ സ്ഥാനത്തുനിന്നൊഴിഞ്ഞിരിക്കയാണെന്നും, അതിനാൽ തന്നെ അന്വേഷിച്ച് അദ്ദേഹത്തിൻെറ ആളുകൾ, വേണ്ടിവന്നാൽ ബലാൽക്കാരം പ്രയോഗിച്ചും പിടിച്ചുകൊണ്ടുപോകാനായി ഏതാനും മാപ്പിളമാർസഹിതം ടൌണിൽ ചുററിസഞ്ചരിക്കുന്നുണ്ടെന്നും മി. മേനവൻ ലേഖനകർത്രിയോടു പറകയുണ്ടായത്രെ. പരമാർത്ഥത്തിൽമൂന്നുപ്രാവശ്യം അവർ അദ്ദേഹത്തെ വളഞ്ഞുവെന്നു മിസ്സ് ആനന്ദവല്ലി അറിഞ്ഞു. അവർ തുടർന്നെഴുതിയിരിക്കയാണു്: "വിധിവശാൽ ഞങ്ങൾ ഒരുമിച്ച് എൻെറ കാറിൽ സായാഹ്നസവാരിക്കു അന്നു ഗ്രാമപ്രദേശങ്ങളിലേക്കാണു പോയതു്. ടൌണിൽനിന്നു ഏകദേശം നാലുമയിലകലെ ഒരു വിജനപ്രദേശത്തുവച്ച് റോഡിൽ വിലങ്ങെയിട്ടിരുന്ന ഒരു വടംകൊണ്ടു ചിലർക്രടി ഞങ്ങളുടെ കാർ പിടിച്ചുനിർത്തി. പിന്നെ കുറെനേരത്തേക്കു ഭയംകൊണ്ടു ഞാനൊന്നുമറിഞ്ഞതില്ല. ഒടുവിൽ നരച്ചതാടിമീശയോടുക്രടിയ ഒരു ദീർഘകായൻ, മി. മേനവൻെറ കൈകളിൽ ശക്തിയായി പിടിച്ചിരിക്കുന്നതും, മി. മേനവൻ എന്നെ നോക്കി എന്തോ പറയുന്നതും, മുഖംകൊണ്ടു തിരിച്ചുപൊയ്ക്കൊള്ളാൻ എന്നോടു ആംഗ്യം കാണിക്കുന്നതും ഞാൻ കണ്ടു. സമയം സന്ധ്യകഴിഞ്ഞുപോയതിനാൽ ഭയത്താൽ വിറപൂണ്ടും, ആത്മരക്ഷയിൽ ആശയാണ്ടും ഇതികർത്തവ്യതാമൂഢയായി, ഏതായാലും ഞാൻ തിരിച്ചുപോരേണ്ടിവന്നു എന്നുപറഞ്ഞാൽ കഴിഞ്ഞല്ലോ."

ലേഖനം കണക്കിനുകൊണ്ടു വായനക്കാർ വികാരതരളിതരായി. ഈ കഥയിൽ നടന്ന ചില സംഭവങ്ങൾ ഒളിച്ചുവച്ചിട്ടുണ്ടെന്നൊരു തോന്നൽ അതു വായിച്ച എല്ലാവർക്കുമുണ്ടായി. മിസ്സ് ആനന്ദവല്ലിയുടെ നടനകലാപാടവമോ, സാഹിത്യവ്യവസായമോ ഏതാണു ക്രടുതൽ പ്രശംസനീയമെന്നു ജനങ്ങൾതമ്മിൽ പൊതുസ്ഥിരത്തുകളിലും മററും വാദപ്രതിവാദംചെയ്തു. അടുത്തകാലത്തു ഇത്ര സർവകലാവല്ലഭയായ ഒരു നാടകതാരം രംഗപ്രവേശം ചെയ്തിട്ടില്ലെന്നു മിക്കവരും അഭിപ്രായപ്പെട്ടു.

ഇതിനിടയ്ക്കു ചാത്തര എന്നു പേരുള്ള ഒരു ജന്മികുടുംബം ബ്രി. മലബാറിലില്ലെന്നു അവിടങ്ങളിൽ പരിചയമുള്ള ചിലർ വാദിച്ചു. എന്നാൽ ബുധനാഴ്ചയിലെ 'കേരളരാജ്യ'ത്തിൽ മി. വിശ്വനാഥമേനവനിൽനിന്നു തനിക്കു പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടുണ്ടെന്നും, പിറേറന്നാളത്തെ പത്രത്തിൽ അതു പ്രസിദ്ധീകരിക്കുന്നതാണെന്നും മിസ്സ് ആനന്ദവല്ലിയുടെ ഒരു പ്രസ്താവനക്രടി കണ്ടപ്പോൾ ജനങ്ങൾ ഉല്ക്കണ്ഠാകുലരായി.

എന്നാൽ ചൊവ്വാഴ്ചരാത്രിയിൽ ഒരാകസ്മികസംഭവം നടന്നു. അന്നു നാടകമുള്ള ദിവസമായിരുന്നു. 'ദുർഗ്ഗേശനന്ദിനി'യിലെ അയിഷയുടെ വേഷം മിസ്സ് ആനന്ദവല്ലി പലകുറി കെട്ടിയിട്ടുണ്ടു്. പക്ഷെ, അന്നു രംഗസ്ഥിതരുടെ ഹസ്തതാഡനഘോഷത്താൽ വാസ്തവംപറഞ്ഞാൽ അവൾക്കു അഭിനയിക്കാൻ വയ്യാത്തവിധമായിപ്പോയി! എന്തൊരഭിനന്ദനം! എത്രസമ്മാനദാനങ്ങൾ! നാടകംകാണ്മാൻ നാടുവാഴുന്ന തമ്പുരാൻ പോലും അന്നു സന്നിഹിതനായിരുന്നു. അവിടുന്നു കല്പിച്ചുനൽകിയ ഒരു വജ്രഹാരം ആനന്ദവല്ലി അതു കിടക്കേണ്ട സ്ഥാനം കൊണ്ടുതന്നെ നമ്രശിരസ്കയായി സ്വീകരിച്ചപ്പോൾ, എന്തൊരാഹ്ലാദപ്രകടനമാണു് ആ നാടകഹാളിൽ നടന്നതെന്നു വർണ്ണിച്ചുക്രടാ. നാടകം കഴിഞ്ഞുടൻ അവർ താമസസ്ഥലത്തേക്കുപോയി. വ്യാഴാഴ്ചയിലെ പത്രത്തിലേക്കുള്ള ലേഖനം എഴുതിയിട്ടു ഉറങ്ങിയാൽമതിയെന്നു നിശ്ചയിച്ചിട്ടു അനർഘങ്ങളായ അവരുടെ ആഭരണസഞ്ചയം—അന്നു കിട്ടിയ വജ്രമാല്യം ഉൾപ്പെടെ—അഴിച്ചു പെട്ടിയിൽവച്ചുകൊണ്ടിരുന്നപ്പോൾ, 'കൈ കിഴോട്ടു ഇട്ടു് എഴുന്നേററുനിൽക്കുക—അനങ്ങിയാൽ' എന്നൊരു ഗംഭീരാജ്ഞയും, വെടിപൊട്ടുന്നതു പോലുള്ള ഒരു ശബ്ദവുംകേട്ടു മോഹാലസ്യപ്പെട്ടു വീണുപോയി. ഭൃത്യന്മാരും മററും ഓടിയെത്തുന്നതിനുമുമ്പു മോഷ്ടാവു് അപ്രത്യക്ഷനമായി. ചുരുക്കത്തിൽ, പരിഭ്രമവും ഭയവുംനീങ്ങി പരിശോധിക്കപ്പെട്ടപ്പോൾ, ആനന്ദവല്ലിയുടെ വിലപിടച്ച ആഭരണങ്ങൾ—ഏകദേശം പതിനയ്യായിരംരൂപയെങ്കിലും വിലവരുന്ന ആഭരണങ്ങൾ—ഒന്നും അവിടെ അവശേഷിച്ചിരുന്നില്ല.

*        *        *

'കേരളരാജ്യ'ത്തിൻെറ ന്യൂസ്സ്എഡിററർ മാനേജിംഗ്എഡിററരുടെ മുറിയിൽ ഓടിച്ചെന്നുപറഞ്ഞു:—'ആനന്ദവല്ലിയുടെ ആഭരണങ്ങൾ മോഷണംപോയി"

അദ്ദേഹത്തിനതു വിശ്വാസമായില്ല.

മാനേ—'കളവു്. ഇതും ഒരു പരസ്യപ്പെടുത്തലായിരിക്കും. പക്ഷെ, ഇപ്പോഴത്തെക്കാൾ കേൾവി അവൾക്കെന്തിനു്?

ന്യൂസ്സ്:—'ഇതു സത്യമാണു്. അവർ വ്യസനിക്കുന്നതും ഭ്രാന്തുപിടിച്ചതുപോലെ വിലപിക്കുന്നതും നമ്മുടെ അസി. റിപ്പോർട്ടർ കണ്ടതല്ലേ?'

ആഭരണങ്ങളുടെ വിലയെപ്പററിയും മററും അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മിസ്സ് ആനന്ദവല്ലിതന്നെ അവിടെ സന്നിഹിതയായി. സങ്കടം മൂർത്തീകരിച്ചതുപോലെ, കരഞ്ഞുകരഞ്ഞു കണ്ണുകലങ്ങിയും മൂക്കുചുമന്നും ആനന്ദവല്ലിയുടെ പ്രേതംപോലെ ഒരു സ്വരൂപം! മുഖവുരയൊന്നുംക്രടാതെ അവർപറഞ്ഞു:—'ഇതെല്ലാം എൻെറ കുററംതന്നെയാണു്. ഞാൻ എന്തൊരു മൂഢയാണു്! വഴിക്കു അദ്ദേഹം എന്നോടുപറഞ്ഞു, ഈ ടൌണിൽ വലിയ ഒരു തസ്കരസംഘമുണ്ടെന്നും, അവർ എൻെറ ഗൃഹത്തിൽ ദൃഷ്ടിവയ്ക്കുന്നുണ്ടെന്നും അദ്ദേഹം അതു സൂക്ഷിച്ചുകൊള്ളാമെന്നും......'

മാനേ:—'നിങ്ങൾ ആരെപ്പററിയാണു് സംസാരിക്കുന്നതു്?

ആന:—'മി. വിശ്വനാഥമേനവനെപ്പററി. ഞാൻ ഒരു മൂഢ, വലിയ മൂഢതന്നെയാണു്! അദ്ദേഹം നേരമ്പോക്കുപറകയാണെന്നായിരുന്നു എൻെറ വിചാരം. ഞാനാണെങ്കിൽ, പ്രസിദ്ധിയ്ക്കാശിച്ചു ...'

മാനേജിംഗ്എഡിററർ ഈ അവസരത്തിൽ ഗൗരവസമന്വിതം ചോദിച്ചു:—'അപ്പോൾ മിസ്സ് ആനന്ദവല്ലിയമ്മ മി.

മേനവനെ എന്തുചെയ്തിരിക്കയാണ്? അ ദ്ദേഹത്തിന്റെ അന്തർദ്ധാനത്തിന നിങ്ങ ൾതന്നെയോ ഹേതുഭൂത?'

അവൾ ഗദ്ഗദത്തോടെ പറഞ്ഞു:— 'അദ്ദേഹത്തെ ഞാൻ ഒരു കുന്നിൻപുറത്തു ള്ള എന്റെ ഒരു ചെറിയ വിജനഗൃഹത്തി ലാക്കി പൂട്ടിയിരിക്കയാണ്. അവിടെ ഒ രാൾക്ക രണ്ടാഴ്ചക്കാലത്തേക്ക വേണ്ടതെ ല്ലാം ഉണ്ട്. പ്രസിദ്ധി സമ്പാദിക്കാനുള്ള മോഹത്താൽ......'

മാനേ.—'അങ്ങനെയെങ്കിൽ നിങ്ങളുടെ ആഭരണങ്ങൾ പോയതു നന്നായി. എ ന്നാൽ മനുഷ്യരെ ബലാല്ക്കാരമായി ബന്ധി ച്ചുവയ്ക്കുന്നതു് കുററകരമാണെന്ന് നിങ്ങൾ ക്കറിവില്ലേ?'

ആനന്ദവല്ലി ഒരു ദീർഘനിശ്വാസംചെ യ്തു. കുറച്ചു കഴിഞ്ഞപ്പോൾ മാനേജിംഗ് എഡിററരും ആനന്ദവല്ലിയും ആഫിസ്സുകാ റിൽകയറി ആ വിജനഗൃഹത്തിലേക്കുള്ള വഴിയിലൂടെ യാത്രയായി. ആനന്ദവല്ലി ആ സന്ദർഭത്തിൽ കേവലം ഒരു 'സങ്കടവ ല്ലി'യായിരുന്നു. താൻ കുഴിച്ച കുഴിയിൽ താൻതന്നെ ചാടിയതിനെപ്പററി പശ്ചാ ത്താപം പ്രകടിപ്പിച്ചും മറേറാരോന്നു സം സാരിച്ചും അവർ നിശ്ചിതസ്ഥലത്തു എ ത്തിച്ചേർന്നു.

വിജനഗൃഹം തുറന്ന് അവർ അകത്തു പ്രവേശിച്ചപ്പോൾ, മി. വിശ്വനാഥമേ നോൻ മി. ശങ്കരക്കുറുപ്പിന്റെ 'രാഗലഹ രി'യും വായിച്ചു ആനന്ദിച്ചുകൊണ്ടിരിക്കു ന്നതു കണ്ടു. ആനന്ദവല്ലിയെ തലകു നിച്ചാദരിച്ചും, മാനേജിംഗ്എഡിററരെ ഹസ്തദാനംചെയ്തും മി. മേനോൻ സ്വീക രിച്ചു.

വിശ്വ:—'എന്റെ കാരാവാസം ആക ക്കൂടി വിരസമായിരുന്നില്ല. ഇവിടെ ശേ ഖരിച്ചുകണ്ട ആഹാരസാധനങ്ങൾ എനി ക്കു രുചിച്ചവയായിരുന്നു. ക്ഷൗരത്തിനു ള്ള ഉപകരണങ്ങൾക്കൂടി സജ്ജമാക്കിവച്ചി രുന്നതു കണ്ടപ്പോൾ മിസ്സ് ആനന്ദവല്ലിയ മ്മയെപ്പററി എനിക്കു വളരെ ബഹുമാനം തോന്നി.'

അനന്തരം മാനേജിംഗ്എഡിററരോടു പ്രത്യേകമായി അദ്ദേഹം പറഞ്ഞു:—'അ ങ്ങു നിർദ്ദേശിച്ചതുപോലുള്ള അവധി ഏ തായാലും ഞാൻ ഉപയോഗപ്പെടുത്തി!'

ഗൌരവമൂത്തിയായ മി. വിശ്വനാഥമേ നോന്റെ നയനങ്ങളിൽ ഒരു വിനോദഹാസം തുളുമ്പിനിന്നിരുന്നു.

'ആന:—നിങ്ങളോട്' എന്താണു പറ യേണ്ടതെന്ന്' മി മേനോൻ, എനിക്കു നി ശ്ചയമില്ല. എന്റെ കൌടില്യത്തിനു ത ക്ക ശിക്ഷ എനിക്കുകിട്ടി. ഈ വികൃതിക്കു ശേഷം എന്റെ ആഭരണങ്ങളുടെ പോ ക്കിനെപ്പററി നിങ്ങൾ അന്വേഷിക്കുക സംഭാവ്യമല്ലല്ലോ.'

വിശ്വ: -'എന്തു്? ആഭരണങ്ങളുടെ പോക്കെന്നുവച്ചാൽ?'

മാനേ:—'അവരുടെ ആഭരണങ്ങൾ മോ ഷണംപോയി.'

അതിനെ സംബന്ധിച്ചുള്ള പൂണ്ണ വിവരങ്ങൾ മാനേജിംഗ്എഡിററരും ആ നന്ദവല്ലിയുംകൂടി മി. മേനവനെ പറഞ്ഞു കേൾപ്പിച്ചു.

വിശ്വ: 'ടൌണിലെ തസ്കരസംഘ ത്തെപ്പററി ഞാൻ നിങ്ങളോടു മുൻകൂട്ടിപ്പറ ഞ്ഞില്ലേ? പ്രസിദ്ധിനേടാൻ നിങ്ങൾക്കു കുറച്ചുകൂടി കാത്തിരിക്കാമായിരുന്നു!

ആന:—'എല്ലാം ക്ഷമിക്കണം അവ കണ്ടുപിടിക്കാൻ നിങ്ങളുടെ സഹകരണമു ണ്ടാകണം.'

വിശ്വ:—മിസ്സ് ആനന്ദവല്ലിയമ്മയുടെ ഈ വിനയപ്രദശനത്തിൽ ഞാൻ സന്തോ ഷിക്കുന്നു. ഞാൻ ശ്രമിച്ചുനോക്കാം.'

അവർ ടൌണിലേക്കു തിരിച്ചുപോയി. ആനന്ദവല്ലിയുടെ അക്രമപ്രവൃത്തി ക്ഷമി ക്കപ്പെട്ടതിന്റെ അടയാളമായി മി. മേ നോൻ കാറിൽ അവരുടെ സമീപത്തുത ന്നെ ഇരുന്നു. അവരുടെ അനുഭവങ്ങളെ ആസ്വദമാക്കി അദ്ദേഹം ഒട്ടുവളരെ നേര മ്പോക്കുകൾ പറയുകയും ചെയ്തു.

വിശ്വ:—'ഇനി നിങ്ങൾക്കൊരു പ്രസ്സ് ഏജൻറു ആവശ്യമില്ലായിരിക്കാം. കഴി ഞ്ഞ ശനിയാഴ്ച ഞാൻ നിങ്ങളുടെ താമസ സ്ഥലം കണ്ടപ്പോൾ.........'

ആന:—(അത്ഭുതത്തോടെ) 'കഴിഞ്ഞ ശനിയാഴ്ചയോ?'

വിശ്വ: 'അതേ, അവിടെവന്ന് നി ങ്ങളുടെ കഥ എന്റെ തൊഴിലിനെ—നി ങ്ങളുടെ തൊഴിലിനേയും – എങ്ങിനെ ബാ ധിക്കുന്നു എന്ന് ഞാൻ അന്വേഷിക്കയു ണ്ടായി. നിങ്ങളുടെ കഥ എന്നേയും ഇള ക്കിമറിച്ചു. എന്തൊരു സ്തോഭജനകമായ കഥയായിരുന്നു അതു്.'

ആന:—'നിങ്ങൾ അതു കണ്ടില്ലല്ലോ?'

വിശ്വ:—'എന്തുകൊണ്ടു്? ഞാൻ ക ണ്ടു. വായിച്ചു. ഞായറാഴ്ച രാവിലെ തെ രുവിൽ വില്പനയ്ക്കു പത്രം വന്നപ്പോൾത്ത ന്നെ ഒരെണ്ണം ഞാൻ വാങ്ങി.'

ആനന്ദവല്ലി സംശയാശ്ചര്യങ്ങളോടെ ചോദിച്ചു:—പക്ഷേ, നിങ്ങൾ ജയിലിനക ത്തായിരുന്നല്ലോ?

വിശ്വ:—'അതല്ലേ നിങ്ങൾക്കു തെററി യതു്. ഞാൻ രണ്ടു മണിക്കൂറേ അവിടെ ഇരുന്നുള്ളൂ. നിങ്ങൾ ഒരു നല്ല ലേഖനകർ ത്രിയായിരിക്കാം; എന്നാൽ തന്ത്രപ്രയോഗ ത്തിനു പരിചയം പോര പുറത്തുനിന്നു നിങ്ങൾ വാതിൽ പൂട്ടി. പക്ഷേ അകത്തു നിന്നു് അതു് തുറക്കുകയും ചെയ്യാമായി രുന്നു!'

ആനന്ദവല്ലി ലജ്ജിക്കയല്ലാതെ മറുപടി യൊന്നും പറഞ്ഞില്ല

മാനേജിംഗ് എഡിററർ വഴിക്കു അദ്ദേ ഹത്തിന്റെ ക്ലബ്ബിൽ ഇറങ്ങി. മി. മേന വനും ആനന്ദവല്ലിയും പത്രമാഫീസി ന്റെ ഗേററിങ്കൽവച്ചു പിരിയാൻ തയ്യാറാ യി. അധഃകരിക്കപ്പെട്ട ഹൃദയത്തോടും കുനിഞ്ഞ ശിരസ്സോടും ആനന്ദവല്ലിയും, പു റമെ ശാന്തനായി. എന്നാൽ ഉള്ളിൽ തി ങ്ങിത്തുളുമ്പുന്ന ഉല്ലാസത്തോടെ മി. മേന വനും സ്വല്പനേരം അവിടെ നിന്നു.

ആനന്ദവല്ലി വ്യസനസമേതംപറഞ്ഞു: 'നിങ്ങൾ എനിക്കു മാപ്പുതരികയില്ലെന്നു ഞാൻ ഭയപ്പെടുന്നു'

വിശ്വ:—'വേണ്ട; അതു വേണ്ട. എ ന്നാൽ നാളത്തെ പത്രത്തിൽ നിങ്ങളുടെ കഥയുടെ അസത്യാവസ്ഥയെ സംബന്ധി ച്ചുകൂടി ഒന്നെഴുതിയേക്കണം'

ആന: 'ചുരുക്കത്തിൽ അതും ചെയ്തു ഞാനീടുവാൻ വിടണം! വളരെ വിഷമി ച്ചാണു മി. മേനോൻ, ഞാൻ എന്റെ ഇ ന്നത്തെ നിലയിൽ എത്തിയിരിക്കുന്നതു്. എന്റെ ആഭരണങ്ങളായിരുന്നു എന്റെ സമ്പാദ്യം മുഴുവൻ. അവ പോയതോടുകൂ ടി എന്റെ സമ്പാദ്യവും... ..'

വിശ്വ: - നിങ്ങൾ പ്രസിദ്ധീകരിച്ച ക ഥയോടുകൂടി എന്റെ സൽകീത്തിയും— പോയിരിക്കയാണല്ലോ. എന്നാലും ഈ സങ്കടത്തിൽ നിന്നു ഞാൻ നിങ്ങളെ ഉദ്ധ രിച്ചേക്കാം; ഇതാ! —


ഒരു ചെറിയസഞ്ചി മി. മേനോൻ, വീ ണ്ടും അവർ കാറിൽ കയറിയിരുന്നെടത്തേ ക്കു ഇട്ടുകൊടുത്തു. 'നിങ്ങളുടെ ആഭരണ ങ്ങളെല്ലാം അതിൽ കണ്ടേക്കും' എന്നു പറ യുകയുംചെയ്തു.

'മോഷ്ടാവ്' അപ്പോൾ നിങ്ങൾതന്നെ യായിരുന്നു? എന്നു ആനന്ദവല്ലി ആശ്ച ര്യസമേതം ചോദിച്ചു.

മി വിശ്വനാഥമേനോൻ മന്ദഹസിച്ചു കൊണ്ടു പത്രമാഫീസിലേക്കു കയറിപ്പോ യി.

ആനന്ദവല്ലിയുടെ കഥയുടെ അവാസ്തവി കതയും, തുടർന്നുണ്ടായ സംഭവങ്ങളും അവ രുടെ പ്രസിദ്ധീകരണേച്ഛയുടെ അവസാന ഫലമായ രഹസ്യനിഗ്ഗമനവും എല്ലാം മി. വിശ്വനാഥമേനവന്റെ ഉദ്ദേശപേനയിൽ നിന്നു നിഗ്ഗളിച്ച് പിറേറന്നാളത്തെ 'കേര ളരാജ്യ'ത്തിൽ മുദ്രിതമായി കണ്ടപ്പോൾ ഇല്ലാത്തതുണ്ടാക്കി അതിനെ പിന്നെയും ഇല്ലാതാക്കുന്ന പത്രധമ്മഗതിയെപ്പററി ചി ല രസികശിരോമണികൾ വിപരീതാഭിപ്രാ യം പ്രകടിപ്പിച്ചെങ്കിലും സാമാന്യജനങ്ങൾ അതുവായിച്ചു ഉള്ളഴിഞ്ഞു ആഹ്ലാദിക്കതന്നെചെയ്തു.


## പ്രചാരത്തിനായി മത്സരവില.




വളരെ ബലമുള്ള വെള്ളവല കൊണ്ടുണ്ടാക്കപ്പെട്ടതോ മനോഹര വണ്ണങ്ങളിലുള്ളതോ ആയതും വളരെ ഈടുള്ളതുമായ സ്വദേശി കൊതുകുവലകൾ, ഒരേവിലയ്ക്കു വിൽക്കപ്പെടുന്നു. ഇഷ്ടമുള്ള ഏതു വലിപ്പത്തിലും ആർഡർ കിട്ടിയ 4 മണിക്കൂറിനകം ചെയ്തുതരുന്നതാണ്.

| നീളം. | വീതി. | ഉയരം. | | വില. | |
|---|---|---|---|---|---|
| 6 | 3½ | 2½ | 1 | 14 | 0 |
| 6 | 4 | 4 | 2 | 0 | 0 |
| 6½ | 4½ | 4½ | 2 | 8 | 0 |
| 7 | 5 | 5 | 3 | 0 | 0 |
| 7½ | 6 | 6 | 4 | 0 | 0 |

ഏതെങ്കിലും നാലുവലകൾ ഒരുമിച്ചു വാങ്ങുന്നവക്കു തപാൽചിലവും 6 എണ്ണം വാങ്ങുന്നവക്കു ഇക്കാണുന്ന മനോഹരമായതും 5 വർഷത്തെ ഗാറൻറിയുള്ളതുമായ നിക്കൾ റിസ്ററവാച്ചും ഇനാം. മാതൃക കട്ടിംഗ്സിനു് അപേക്ഷിക്കുക.

Bijaya Shambhu & Co.
Baralazar, Calcutta.



ദശരാ ആഘോഷം സംബന്ധിച്ച ഡർബാറിൽ മൈസൂർമഹാരാജാവും യുവരാജാവും ഇരിക്കുന്നതു്. U. P. S.

(പത്താംപുറത്തുനിന്നും തുടച്ച്)

രാൽ സുസ്ഥിരഭക്തൻ വിചാരിക്കവിചാരിക്കെ അവൻെറ ഗുണങ്ങൾ എണ്ണമില്ലാതെ കണ്ടുവരുന്നു ”

ഈ സംഭാഷണം അനേകാദ്ധ്യായങ്ങൾ കൊണ്ടു സാധിക്കുന്നതിലും കൂടുതൽ കായ്യക്കാരുടെ യോഗ്യതകളെ പ്രഖ്യാപനംചെയ്യുന്നു. ഇങ്ങനെ പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല.

വണ്ണനാവിഷയത്തിൽ കവിക്കുള്ള സാമത്ഥ്യം അപാരമാണു്. മനുഷ്യശരീരത്തിൽ മാംസപേശികൾപോലെ കഥയുടെ മുഴപ്പിനും സൗകമാൎയ്യത്തിനും വണ്ണനകൾ ഉപകരിക്കുന്നു. ഇവിടെയും സൂക്ഷ്മാവലോകനം കൊണ്ടു സമാർജ്ജിച്ചിട്ടുള്ള ജ്ഞാനസമ്പത്തു് ഭാവനാശക്തിയുടെയും അഭ്യാസത്തിൻെറയും ആനുകൂല്യത്താൽ പുതിയ പുതിയ രംഗങ്ങളെ സൃഷ്ടിക്കുന്നതിനുപകരിക്കുന്നു. അനുഭവജ്ഞാനം പിൻതാങ്ങിനില്ലാതെ അദ്ദേഹം ഒന്നും വണ്ണിക്കാറില്ല. അതുകൊണ്ടു് അനുഭവസാരസ്യം വായനക്കാരിൽ മുന്നിട്ടുനിൽക്കുന്നു. ആർട്ടിസ്റ്റ് രവിവർമ്മ തിരുമേനിയുടെ രുഗ്മാംഗദവിജയം, ഭഗവദ്ദൂതു് മുതലായ സമൂഹചിത്രങ്ങളുടെയും ശകുന്തളാപത്രലേഖനം മുതലായ വന്യരംഗങ്ങളുടെയും സൃഷ്ടിവൈചിത്ര്യംപോലെയാണു് സി. വി. യുടെ വണ്ണനകളിൽ കാണുന്ന പ്രത്യേകാസ്വാദ്യതയും.


‘ആശാപാശവിനിർമ്മുക്തനും സവ്വവാസനാവജ്ജിതനും തമോഹങ്കാരവിരഹിതനും എന്നുള്ള നിലയിൽ ഭദ്രപീഠത്തിന്മേൽ സ്ഥിതിചെയ്യുന്ന’ ഹരിപഞ്ചാനനൻെറ ഇരിപ്പു് കവി ഇങ്ങിനെ ചിത്രീകരിച്ചിരിക്കുന്നു. ‘വാമാംഗുഷ്ഠാഗ്രത്തെ ഊന്നി മടക്കിവച്ചിട്ടുള്ള പാദത്തിൻെറ ഊരുവിന്മേൽ ദക്ഷിണപാദവും അതിന്മേൽ വാമഹസ്തവും അതിന്മേൽ ജ്ഞാനമുദ്രയോടുകൂടി ദക്ഷിണഹസ്തവും സ്ഥാപിച്ചു് നമ്രമുഖനായി നാഭിയെ ലക്ഷ്യമാക്കിയുള്ള സ്ഥിരവീക്ഷണത്തോടുകൂടി ശ്രോണിപ്രദേശംകൊണ്ടു പീഠസ്പർശംചെയ്യാതെ കേവലം കാഷ്ഠശരീരനായി ഒരു വിഷമയോഗാസനത്തെ അവലംബിച്ചിരിക്കുന്ന സന്ന്യാസിവയ്യനെ ഇതുപോലെ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്താൻ എത്രപേരുണ്ടാവും. ധർമ്മരാജാവുതിരുമേനിയുടെ ധാർമ്മികനേത്രങ്ങളിൽ ജലംപെരുകിച്ച ഹരികഥാകാലക്ഷേപം കവിയുടെ അന്തന്നേത്രം ദശിക്കുന്നതു് ഇങ്ങിനെയാണു് “ഹരിനാമപൂണ്ണഹ്രദത്തിൽ നിന്നും ഉൽഭ്രുതമായ അമൃതപ്രവാഹം നാട്ടമലഹരിയാദി ഗിരിസാനുക്കളും സാന്ദ്രകരുണമായ ഘണ്ഡപുന്നാഗാദി വനതലങ്ങളും കേദാരവരാട്യാദി ശിലാദീപങ്ങളും സൈന്ധവസൗരാഷ്ട്രാദിവിസ്തൃതികളും ഗൗളമാളവാദി പുരവരങ്ങളും കല്യാണികാമോദരിയാദി ചൈത്രരഥങ്ങളും തോടിഭൈരവിയാദി വിഷമശാദ്ധ്വലങ്ങളും ആഹരിബലഹരയാദി കർദ്ദമപ്രദേശങ്ങളും തരണംചെയ്തു് ആരഭിമൂദുശഷ്പശീതളാനുഭൂതിയോടെ ഭൂപാളഭൂപമാനന്ദസാഗരത്തോടു സംഗമിപ്പിച്ചു മൃഗേന്ദ്രോൽപ്പതനംപോലുള്ള ആരോഹങ്ങളും നദ്ധരികകൾപോലുള്ള അവരോഹങ്ങളും ഗജപ്രൗഢിയോടുകൂടിയുള്ള പ്രതാപങ്ങളും സപ്പപ്പവക്രൃമായുള്ള ഭ്രമണങ്ങളും ആകാശമദ്ധ്യസ്ഥനായ ഗരുഡൻെറ പക്ഷനിശ്ചലതപോലെ പ്രവത്തനംചെയ്യുന്ന സ്വരലയങ്ങളും കൊണ്ടു് സരസ്വതീദേവിയെ സംഗീതാത്മികയായി ആ പ്രാസംഗികഗായകൻ അവിടെ പ്രത്യക്ഷമാക്കി.” എന്തൊരു വണ്ണന! ഹരിപഞ്ചാനനവാടത്തിലെ അഗ്നിപ്രളയം, ടിപ്പുവിൻെറ നിഷ്ക്രാസനം സാധിച്ച ജലപ്രളയം, അഴകൻെറ ഗുസ്തി, ടിപ്പുവിൻെറ രാജസപ്രൗഢമായ ഡർബാർ, മാങ്കോയിക്കൽയുദ്ധം തുടങ്ങി എത്ര എത്ര രംഗങ്ങൾ പകത്തിയാലും തൃപ്തിവരുന്നതല്ല “നവകോടിനാരായണൻചെട്ടി അണ്ണാപ്പട്ടരെ കുത്തികാച്ചൻമാച്ചനെ-എൻെറ പൊന്നമ്മണാ കീറിപ്പിളുന്നു് മലത്തിയിട്ടിരിക്കണൊ-ഇതിൽ കൂടുതൽ ആ സംഭവത്തെപ്പററി ഒന്നും പറയണമെന്നില്ല.

ലോകരഹസ്യങ്ങളെ ഉദ്ധരിച്ചു് പ്രസ്തുതത്തെ സമത്ഥിക്കുന്ന ഒരു രീതി ഇദ്ദേഹത്തിൻെറ കവിതകളിൽ കാണാനുണ്ടു്. ഉമ്മിണിപ്പിള്ളയുടെ വധത്തെ ഹരിപഞ്ചാനനദൃഷ്ട്യാ സാധൂകരിക്കുന്ന ന്യായവാദം ഇതിനു ഒരുദാഹരണമാണു്. ചിലപ്പോൾ ചലനചിത്രങ്ങളിലെ രംഗം തയാറാക്കൽപോലെ കവിയുടെ വണ്ണനകൾ ഭാവിക്കു് രംഗം തയാർചെയ്യാറുണ്ടു്. കുപ്പൻെറ വധരാത്രിയെ വണ്ണിക്കുന്നതു നോക്കുക. “ചെറുതായൊരു മേഘശകലം പ്രാചീനാദ്രിശിരസ്സിൽ ഉദയംചെയ്യുന്നു. സഹ്യപവ്വതനിരതന്നെ ധൂമീകൃതമായതുപോലെ കാർമ്മേഘം പൊങ്ങി ആകാശമെങ്ങും പരന്നു. മന്ദവീജനം ചെയ്തുകൊണ്ടിരുന്ന ജഗൽപ്രാണനും ഹതപ്രാണനായി. ചിലമ്പിനേത്തു ഗൃഹരക്ഷകനായ ഒരു വൃദ്ധശ്വാനൻ, ബുധന്മാക്കും അന്തകദർശനത്തെ സൂചിപ്പിക്കുമാറുള്ള ദീനസ്വരത്തിൽ ദീർഘമായും ഉച്ചത്തിലും മോങ്ങിത്തുടങ്ങി. ഭയങ്കരയായ മഹാകാളിയുടെ കോപാരംഭമായ ആ മുഹൂത്തത്തിൽ സൈ്വരസഞ്ചാരത്തിനു ഏകാകിയായി പുറപ്പാടുതുടങ്ങിയ ഒരു കാട്ടുമാർജ്ജാരവിരഹി അതിനിഷ്ഠുരമായി ചണ്ഡരോദനം ചെയ്തു അന്ധകാരത്തിൻെറയും നിശ്ശബ്ദതയുടെയും പ്രവൽനത്തിനിടയിൽ ഉണന്ന ചിറകിളക്കി ഉന്മേഷംകൊണ്ടു ക്രമസഞ്ചയങ്ങൾ ദൗഷ്ട്യസഹകാരികളായി സ്വസംബോധനകൾകൊണ്ടു ഖലകർമ്മത്തെ അനുവദിച്ചു ” പവതിക്കൊച്ചിയെ ഉണത്തിയ പ്രഭാതവും; കൃഷ്ണക്കുറുപ്പിൻെറ പ്രണയരംഗവും; കേശവപിള്ള, കേശവൻകുഞ്ഞു്; തമ്പി, അന്ന്യൻ; കത്താവു്,തമ്പി; തുടങ്ങിയ കഥാപാത്രങ്ങളെ അഭിമുഖരാക്കിയുള്ള താരതമ്യവണ്ണനകളും കവിയുടെ വണ്ണനാചാതുൎയ്യത്തിനു ദൃഷ്ടാന്തങ്ങളാണു്.

ജാരസംഗമഘോരദുരാചാരത്തെ രാജസംഗമം എന്നു പകത്തി ഉമ്മിണിപ്പിള്ളയുടെയും അണ്ണാവയ്യനെ കീറി മലത്തിയിട്ടിരിക്കുന്നതു കാണുന്നതിനിടയിലും ഒപ്പാരുകൊള്ളുന്ന ആയിമ്മേടെ ആദരണത്തെ സൂക്ഷിച്ചുവീക്ഷിക്കുന്ന പവതിക്കൊച്ചിയുടെയും എഴുത്തുവായിച്ചുരസിക്കുന്ന കുറുങ്ങോടൻെറയും തനിചിത്രങ്ങൾ വണ്ണനാവൈഭവത്തിൻെറ പൊടിക്കൈകളാണു്.

“ഇങ്ങിനെപലയോഗ്യതയും
തിങ്ങിനസീ.വി.പ്രബന്ധമാഹാത്മ്യം”

എന്നിങ്ങനെ പറഞ്ഞുതീക്കാൻ—അദ്ദേഹത്തിൻെറ ഭാഷാരീതി സാമാന്യേന വക്രമാണു്. ഗദ്യത്തിലും സ്വീകരിച്ചിട്ടുള്ള അലംകാരപ്രയോഗങ്ങളും ഓരോ വാക്യത്തിലും അടക്കംചെയ്തിട്ടുള്ള ആശയസമ്പത്തും അദ്ദേഹത്തിൻെറ കാവ്യങ്ങളെ സാമാന്യജനതയ്ക്കു അധൃഷ്യങ്ങളാക്കിയിട്ടുണ്ടു്. ആഹാരവിഷയത്തിൽ ഇന്നത്തെ പരിഷ്കൃതലോകത്തിനുള്ള അരോചകത സാഹിത്യാസ്വാദനത്തിലും കാണ്മാനുണ്ടു്. ലഘുഭക്ഷണം പോലെ ലഘുകാവ്യങ്ങൾ, ചെറുകഥകൾ ഇവയൊക്കെ വായിക്കാനേ ഇന്നു നമുക്കു് സാവകാശമുള്ളു. എന്നാൽ ലഹരിപദാത്ഥങ്ങൾക്കു് പ്രിയം കൂടിവരുന്നതുകൊണ്ടു് ലഹരിയുള്ള കാവ്യങ്ങളും ആസ്വാദ്യങ്ങളാകേണ്ടതാണു്. സീവിയുടെ കവിതകൾക്കു് ലഹരിയുണ്ടു്. ആരംഭഘട്ടങ്ങളിൽ കഷ്ടപ്പെട്ടു വായിക്കാൻ കഴിഞ്ഞാൽ ഈ കാവ്യങ്ങൾക്കുള്ള ലഹരി വായനക്കാരെ വശീകരിച്ചു് പാട്ടിലാക്കിക്കൊള്ളും. താൽക്കാലികദുഃഖങ്ങളെ വിസ്മരിപ്പിച്ചു് ആനന്ദാനുഭൂതി നൽകുന്നതിനു ഇദ്ദേഹത്തിൻെറ കവി




# സൗന്ദര്യം പൊയ്പോകരുത് എങ്കിൽ . . .

## പ്രകൃതിമാതാവു തരുന്ന പരിശുദ്ധ തൈലങ്ങളാൽ നിങ്ങളുടെ ശരീരകാന്തിയെ പാലിക്കുവിൻ.

ലളിതമസൃണമായ ശരീരം അനിഷേധ്യമായ ഒരു ആകർഷണംതന്നെയാണു്. ഭാഗ്യവശാൽ, ഈ വശ്യശക്തി ഏതൊരാൾക്കും സമ്പാദിക്കാവുന്നതുമാണു്. ആദ്യമായി ചെയ്യേണ്ടതു സാവധാനമായും പൂർണ്ണമായും ശുചിപ്പെടുത്തുക എന്നതു മാത്രം. '501 ടോയിലററുസോപ്പ്" — അതിൻെറ സുലഭമായ ഉണ്ടാകുന്ന പത— ഈ ആവശ്യത്തിനു തികച്ചും പററിയതാണു. പ്രകൃതിയിൽനിന്നും കിട്ടുന്ന തൈലങ്ങൾ മാത്രമാണു് ഈ സോപ്പിൽ ചേർത്തിട്ടുള്ളതു്. ത്വഗിന്ദ്രിയത്തെ വേദനിപ്പിക്കയോ വരട്ടുകയോ ചെയ്യുന്ന തീക്ഷ്ണങ്ങളായ യാതൊരു രാസദ്രവ്യങ്ങളും ഇതിൽ കലർന്നിട്ടില്ല. അതു ത്വക്കിനെ മാത്രമല്ല ശുദ്ധീകരിക്കുന്നതു്. ഉള്ളിൽ കടന്നു, രോമക്രൂപങ്ങളിൽ തങ്ങിനിന്നു ഭംഗികുറയ്ക്കാവുന്നഏതൊരു അഴുക്കുകളേയും അകററി നിർമ്മലതയുളവാക്കുന്നു.

പരിശുദ്ധവും, ശാന്തഗുണവും ലളിതമായ മാലതീസൗരഭ്യം പൊഴിക്കുന്നതും ആയ '501' ടോയിലററു സോപ്പിൻെറ വിലയോ അത്ഭുതകരമാംവണ്ണം ലഘു.

• • •

ടോംകോ ടോയിലററുസോപ്പിൽ താഴെപ്പറയുന്ന ദ്രവ്യങ്ങൾ ചേർന്നിട്ടുണ്ടു്.
ഹാമാം, പിച്ചിപ്പൂതൈലം, ഫ്യൂശെർ, കാർനേഷൻ, ലവൻഡർ, ഹെന്നാ, ഖുസ്ഖുസ്, മോടി, ഇയാഡികൊളോൺ, ജയ്.

TOMCO

Tomco Sales Dept.
P. O. Box 31, Madras.

THE TATA OIL MILLS CO., LTD., TATAPURAM.


തകർംക്ഷ ശക്തിയുണ്ടു്. നാളികേരത്തിനു തൊണ്ടും ചിരട്ടയും പ്രതിബന്ധങ്ങളായിരുന്നിട്ടും ആരും അതിൻെറ പരിപ്പിനെ ഉപേക്ഷിക്കാറില്ല. ഇൻഡ്യയ്ക്കു ഹിമാലയങ്ങളും സമുദ്രവും അതിരുകളായിരുന്നിട്ടും വിദേശികളാരും എത്തിനോക്കാതിരുന്നിട്ടില്ല. ഇതുപോലെ സി.വി.യുടെ ഗദ്യസരണി ദുർഗ്രാഹ്യം എന്നു പഴിക്കുന്നവരോട്ടും അകത്തുകടന്നുനോക്കുക വേണ്ടതു അവിടെ കാണും എന്നുപറയാനേ തൽക്കാലം സാധ്യമുള്ളൂ.


**The ROYAL STUDIO PHOTOS - the BEST: & therefore the CHEAPEST.**

P. J. Cherian, Durbar Artist & Photographer (Cochin)

*Managing Proprietor:*

THE ROYAL STUDIO,, ERNAKULAM; Branch:- ALWAYE.

# കൃഷിയും കൈത്തൊഴിലും.

പളുകൽ എൽ. ഗോമതിഅമ്മ ബി എ.

ഇൻഡ്യാമഹാരാജ്യം ആദിമകാലം മുതൽക്കുതന്നെ ഒരു കർഷകരാജ്യമാണ്. ഇൻഡ്യയിലെ ജനസംഖ്യയിൽ ഏറിയകൂറും അന്നും ഇന്നും കൃഷികൊണ്ടാണ് കാലയാപനം ചെയ്തുപോരുന്നത്. മണ്ണിൻെറ ഫലഭൂയിഷ്ഠതയാണ് ഇതിനുള്ള പ്രധാന കാരണം. പ്രകൃതിമാതാവ് ഇത്രത്തോളം അനുഗ്രഹിച്ചിട്ടുള്ള ഒരു രാജ്യം മറേറതെങ്കിലുമുണ്ടോഎന്നുള്ളതു് സംശയമാണ്. തന്മൂലം മാതാപിതാക്കന്മാരുടെ നിസ്സീമമായ പരിലാളനയോടുകൂടി വളരുന്ന ഓമനസന്താനത്തിനുണ്ടാവുന്ന അനുഭവംതന്നെ കാലക്രമേണ ഇൻഡ്യയ്ക്കും അനുഭവസിദ്ധമായി. അല്പപ്രയത്നംകൊണ്ട് കൃഷിയിൽ അധിക ലാഭം കിട്ടിവന്നിരുന്നതിനാൽ ജനങ്ങൾ അചിരേണ അലസന്മാരായും ഇതരജോലികളിൽ വിമുഖന്മാരായും തീർന്നു. ഏറക്കുറെ ഇതുതന്നേയാണ് നമ്മുടെ ഇന്നത്തെ സ്ഥിതി. ഈ സ്ഥിതിതന്നെയാണ് ഭാരതഭൂമിയുടെ ദാരിദ്ര്യത്തിനുള്ള കാരണവും.

ഇന്ന് ലോകത്തിൽവച്ചു ഉന്നതമായ സ്ഥാനങ്ങളെ അർഹിക്കുന്ന അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട്, ജർമ്മനി, ഫ്രാൻസ്, ജപ്പാൻ മുതലായ രാജ്യങ്ങൾ എങ്ങിനേയാണ് മഹൽശക്തികളായിത്തീന്നതെന്നു സൂക്ഷ്മമായി ഗവേഷണം ചെയ്യുന്ന ഏതൊരുവനും അതു് തത്തദ്ദേശീയരുടെ നിരന്തരമായ വ്യവസായപ്രതിപത്തിമൂലമാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിയും. അവർ കൃഷിയേമാത്രം ആശ്രയിച്ചു ജീവിച്ചുവന്നിരുന്നുവെങ്കിൽ അവരുടെ ഇന്നത്തെ നില ഇൻഡ്യയേക്കാൾ തുലോം പരിതാപകരമായിരുന്നേനെ. ഏതെല്ലാം രാജ്യങ്ങളാണോ കൃഷിയേമാത്രം ഗാഢാവലംബമായി ആശ്രയിച്ചുപോരുന്നതു് ആ രാജ്യങ്ങളെല്ലാം ഇന്നൊന്നു മാത്രമല്ല, എന്നന്നേയ്ക്കും ദാരിദ്ര്യാന്ധകൂപത്തിൽ കിടന്നു വലയുകതന്നെ ചെയ്യും. അതിനുള്ള കാരണങ്ങൾ ചുവടേ ചേർക്കുന്നു:—

ഒന്നാമതായി, കൃഷിയിൽനിന്നും കിട്ടുന്ന ഉല്പന്നങ്ങൾകൊണ്ടു മാത്രം ഒരു രാജ്യത്തിൻെറ ആവശ്യങ്ങൾ നിറവേറുന്നില്ല. ഉദാഹരണമായി, ഇൻഡ്യയിൽ നെല്ല്, പഞ്ഞി, ചണമ്പ്, ഗോതമ്പ് മുതലായവ ധാരാളമുണ്ടാകുന്നു. എന്നാൽ ഇവകൊണ്ടുമാത്രം നമ്മുടെ ദൈനംദിനമുള്ള ആവശ്യങ്ങൾ നിറവേറുന്നില്ല. പഞ്ഞി ധാരാളമുണ്ടെങ്കിലും അതിനെ നെയ്തു വസ്ത്രമാക്കിയാൽ മാത്രമേ ഉപയോഗത്തിനുതകുന്നുള്ളു. അവയെ തുന്നി കുപ്പായങ്ങളുണ്ടാക്കണമെങ്കിൽ തയ്യൽസാമഗ്രികൾ അത്യന്താപേക്ഷിതമാണ്. പരിഷ്കാരം പുരോഗതിയെ പ്രാപിയ്ക്കുന്തോറും മനുഷ്യരുടെ ആവശ്യങ്ങളും അനുനിമിഷം വർദ്ധിച്ചുവരുന്നു. ജനങ്ങളുടെ ആവശ്യങ്ങളെ അടിസ്ഥാനമാക്കിയല്ല ഒട്ടനേകം സാധനങ്ങളെ ഇപ്പോൾ നിർമ്മിച്ചുവരുന്നതു്. അവയ്ക്കു ജനസാമാന്യത്തിനിടയിൽ നല്ല പ്രചാരം ലഭിക്കുമെന്നുള്ള പ്രതീക്ഷയിന്മേലാണു അവ ഉണ്ടാക്കപ്പെടുന്നതു് [Today, production is not adjusted to demand, but is made in expectation of demand] നമ്മുടെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നു നാംതന്നെ അറിയുന്നില്ല. അവയെ ആരാഞ്ഞറിയുന്നതിനു് നാം ആഗ്രഹം പ്രദർശിപ്പിക്കുന്നുമില്ല. നേരേമറിച്ചു അനേകായിരം നാഴികയ്ക്കപ്പുറം അധിവസിക്കുന്ന പാശ്ചാത്യർ നമ്മുടെ ആവശ്യങ്ങളെ സൂക്ഷ്മമായി കണ്ടറിഞ്ഞു്, നമുക്കു വേണ്ട സാധനങ്ങളെ നിർമ്മിച്ചു ഇവിടെ ഇറക്കുമതിചെയ്യുന്നു. നാം അവയെ അവർ കല്പിക്കുന്ന വിലതന്നെ കൊടുത്തുവാങ്ങി ഉപയോഗിക്കയുംചെയ്യുന്നു. എന്നാൽ, നാം ഇറക്കുമതിചെയ്യുന്ന സാധനങ്ങളിൽ ഭൂരിപക്ഷവും ഇവിടെനിന്നും കയററുമതിചെയ്യപ്പെട്ട ഉല്പന്നങ്ങളാൽ നിർമ്മിതങ്ങളാണെന്നുള്ള വസ്തുതയാണ് ഏററവും പരിതാപകരമായിട്ടുള്ളതു്. നമ്മുടെ അലസതമൂലമോ അല്ലെങ്കിൽ അറിവില്ലായ്മയാലോ നാം കൃഷിചെയ്തുണ്ടാക്കുന്ന ഉല്പന്നങ്ങളെ തുച്ഛമായ വിലയ്ക്കു വിററിട്ട്, അതേ സാധനങ്ങളെത്തന്നെ മറെറാരു രൂപത്തിൽ ഭീമമായ വിലകൊടുത്തു തിരിയെ സ്വീകരിക്കുന്നു. ഇതു എത്ര ലജ്ജാകരമാണ്. അന്യർ നമ്മുടെ പണത്തിനെ അപഹരിക്കുന്നതോടുകൂടി അവർ വാസ്തവത്തിൽ നമ്മെ പരിഹസിക്കയല്ലേ ചെയ്യുന്നതു്?

എല്ലാ കർഷകരാജ്യങ്ങൾക്കും അവയുടെ ഉല്പന്നങ്ങളുടെ വിൽപ്പനയ്ക്കായി അന്യവ്യാവസായികരാജ്യങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നമ്മുടെ ഉല്പന്നങ്ങൾക്കു എത്രത്തോളം വില കുറയ്ക്കാമോ അത്രയും കുറച്ചു അവയെ നമ്മുടെ പക്കൽനിന്നും അവർ വാങ്ങുന്നു എന്നിട്ട് അവർ അവയിൽനിന്നും കാലസ്ഥിതിയ്ക്കും പരിഷ്കാരത്തിനും യോജിച്ച വിധത്തിലുള്ള പല സാധനങ്ങളും നിർമ്മിക്കുന്നു. ഏതദ്വിഷയത്തിൽ മുതലാളിമാർക്കു വലുതായ ലാഭവും അനേകം തൊഴിലാളികൾക്കു തൊഴിലും ലഭിക്കുന്നു.

രണ്ടാമതായി ഇവിടെ പ്രസ്താവിക്കാനുള്ളതു നമ്മുടെ കയററുമതികളിൽ നിന്നും നമുക്കു ലഭിക്കുന്ന പണംകൊണ്ടു ഇറക്കുമതികളെ നേരിടാൻ സാധിക്കുന്നില്ല എന്നുള്ളതാണ്. നാം ഇറക്കുമതിചെയ്യുന്ന സാധനങ്ങളുടെ വിലയായി നമ്മുടെ കയററുമതിസാധനങ്ങളുടെ വില പോയിട്ടു ഭീമമായതുകകൾ (trade balances) വർഷാന്തവർഷം നമുക്കു അന്യരാജ്യങ്ങൾക്കു കൊടുക്കേണ്ടിവരുന്നു ഇതുംകൂടി കൊടുത്തുകഴിയുമ്പോൾ നമുക്കു ശേഷിക്കുന്നതു ദാരിദ്ര്യവും.

വ്യവസായലോകത്തിൽ ഇന്നു പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു വാസ്തവത്തിൽ അമേരിയ്ക്കൻഐക്യനാടുകളാണെങ്കിലും ബ്രിട്ടീഷുകാരുടെ സ്ഥിതിയും ഒട്ടും അപ്രധാനമല്ല. സൂര്യൻ ഒരിക്കലും അസ്തമിക്കാത്തവണ്ണം ഏററവും വിപുലമായ ഒരു ഭൂഭാഗത്തെ കീഴടക്കി ഭരിയ്ക്കുന്നവരാണല്ലൊ ആംഗലരാജ്യക്കാർ. എന്നാൽ അവർക്കു ജീവസന്ധാരണത്തിനു അത്യന്താപേക്ഷിതമായ ധാന്യങ്ങളിൽ മൂന്നിലൊരംശംപോലും അവരുടെ നാട്ടിൽനിന്നും കിട്ടുന്നില്ല. ഭക്ഷണസാധനങ്ങൾ മിക്കവയും അവർ ഇറക്കുമതി ചെയ്കയാണ്. ഇത്ര 'കേവല'മായ ഒരു നാട്ടിലെ ജനങ്ങളാണു ഇന്നു ലോകമടക്കി ഭരിക്കുന്നതു്! അതിനുള്ള കാരണം അവരുടെ പരിശ്രമശീലവും, വ്യവസായപരിശീലനവും, സ്വരാജ്യസ്നേഹവുമല്ലാതെ മറെറന്താണ്?

കുറഞ്ഞോരുകാലം മുൻപു ജപ്പാൻരാജ്യത്തിൻെറ സ്ഥിതി നമ്മുടേതിനേക്കാൾ എത്രയോ മോശമായിരുന്നു. അവരുടെ ഗാഢനിദ്രയിൽനിന്നു അവർ ഉണർന്നിട്ടു ഉദ്ദേശം പതിനഞ്ചുകൊല്ലങ്ങൾ മാത്രമെ ആയിട്ടൊള്ളുവെങ്കിലും, ഉണർന്നതു മുതൽ ഊർജ്ജസ്വലരായി വർത്തിക്കുകയാൽ അവർക്കു ഇന്നു മററു വ്യാവസായികരാജ്യങ്ങളോടു മല്ലിടാൻ തക്കവണ്ണമുള്ള കെൽപ്പും ഉറപ്പും സിദ്ധിച്ചു കഴിഞ്ഞിട്ടുണ്ട്. അങ്ങാടിയിൽചെന്നാൽഏതുസാധനമായാലും അതു


ഒരേറിനു രണ്ടു പക്ഷിയെക്കൊല്ലാൻ

സുവർണ്ണാവസരം.




പുഴക്കടി ഭേദപ്പെടുത്തുന്നതിനും മഴനനയാതിരിക്കുന്നതിനുംകൂടി, ഞങ്ങളുടെ പുഴക്കടിതൈലം ൧ർ മണിക്കൂർകൊണ്ടു പുഴക്കടിയെ ഭേദപ്പെടുത്തുന്നു. ഇതിനെ പ്രചാരപ്പെടുത്തുന്നതിനായി ൧ർ ഡപ്പി ഒരുമിച്ചു ൩ ക. വിലയ്ക്കു വാങ്ങുന്നവർക്കു ഇനാമായി പട്ടയോടുകൂടിയ ഡമ്മി റിസ്ററുവാച്ചു ൧, ചങ്ങലയോടുകൂടി ഇൻഫൻറ പാക്കററുവാച്ചു ൧, ൧൦ വർഷത്തെ ഗാരൻറിയുള്ളതും കൃത്യമായി സമയം സൂചിപ്പിക്കുന്നതുമായ 'ബി' ടൈംപീസ് ൧, ബാററിയോടുകൂടിയ ടാർച്ചുവിളക്കു ൧, ഫൗണ്ടൻപേന ൧, ബ്ലേഡുസഹിതം സേഫ് ടിറേസർ ൧, ബ്രഷ്, സോപ്പ്, ചീപ്പ് അല്ലെങ്കിൽ കൂടിയതരം വാട്ടർപ്രൂഫ് (മഴക്കോട്ട്) കോട്ട് ൧ പാക്കിംഗും പോസ്റേറജും പ്രത്യേകം (കോട്ടിൻെറനിറവും അളവും അയയ്ക്കണം. ഇഷ്ടകരമല്ലെങ്കിൽ വില തിരിച്ചുതരുന്നതാണ്.)

International Trading Co., Post Box No. 6714 (Sect. No 11, M. Q.)Calcutta.

# എറണാകുളം-ഷൊറണ്ണൂർ ബ്രോഡ്ഗേജ്റയിൽവേഉൽഘാടനം.







(മുകളിൽ ഇടതുവശം) കൊച്ചീമഹാരാജാവുതിരുമനസ്സുകൊണ്ടു ഉൽഘാടനകൃത്യം നിർവ്വഹിക്കുന്നതിനുമുൻപായി എസ്. ഐ. ആർ. ഏജൻറായ സർ പെഴ്സി റോതറ പ്രസംഗിക്കുന്നു. (വലതുവശം) മഹാരാജാവുതിരുമനസ്സുകൊണ്ടു ലിവർഅയച്ചുവിട്ടു വണ്ടി സ്റ്റാർട്ടുചെയ്യുന്നു. (അടിയിൽ) പുതിയ ലയിനിൽ ആദ്യമായി ഓടിയ എസ്. ഐ. ആർ-ലെ ഏററവും വലിയ എഞ്ചിനോടുകൂടിയ ബ്രോഡ്ഗേജ്വണ്ടി.

ജപ്പാൻമേക്കിൽ തുച്ഛമായ വിലയ്ക്കു നമുക്കു വാങ്ങാൻ കഴിയും. ഇന്നത്തെ പരിതഃസ്ഥിതികളെ ആസ്പദമാക്കി ആലോചിയ്ക്കുമ്പോൾ അടുത്തഭാവിയിൽതന്നെ ജപ്പാൻ വ്യവസായലോകത്തിൻെറ മണിമകുടമായി പ്രശോഭിയ്ക്കുമെന്നു ദീർഘദർശനം ചെയ്യാൻ ഒട്ടും മടിക്കേണ്ട ആവശ്യമില്ല.

ഭാരതീയരായ നമുക്കു വ്യവസായകാര്യങ്ങളിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചിട്ടില്ല എന്നുള്ളതു പരസ്യമായ ഒരു രഹസ്യമാണെങ്കിലും നമ്മുടെ അസ്വാതന്ത്ര്യതയെ ഓർത്തു മൌനം ദീക്ഷിക്കുന്നതു ഒട്ടും ഉചിതമല്ല. നമുക്കു കഴിവുള്ളിടത്തോളവും, നമുക്കു സ്വാതന്ത്ര്യമുള്ളിടത്തോളവും വ്യവസായകാര്യങ്ങളിൽ പരിശ്രമിക്കേണ്ടതു അത്യാവശ്യമാകുന്നു. അതിനു പററിയ വിദ്യ കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുക എന്നുള്ളതാകുന്നു. ലോകൈകവന്ദ്യനായ മഹാത്മജിയുടെ ഖദർപ്രചരണപ്രസ്ഥാനത്തിൻെറ ഫലമായി, ഇന്നു ലോകത്തിലെ ഏററവും പ്രധാന നെയ്ത്തുവ്യവസായ കേന്ദ്രമായ മാഞ്ചസ്റ്റർ എന്ന സ്ഥലത്തു അനേകം നെയ്ത്തുശാലകൾ അടച്ചുപൂട്ടേണ്ടതായി വരികയും തന്മൂലം അനേകം തൊഴിലാളികൾക്കു തൊഴിലില്ലാതാകയും ചെയ്തു. ഇൻഡ്യയിലെ ജനസംഖ്യയിൽ അഞ്ചുശതമാനമെങ്കിലും ഖദർ ധരിക്കുന്നുണ്ടോ എന്നുള്ളതു സംശയമാണ് എന്നിട്ടാണു ഇത്ര വലിയൊരു ക്ഷോഭം മാഞ്ചസ്റ്റർവ്യവസായത്തിനു നേരിട്ടതു്. അപ്പോൾ, നമുക്കാവശ്യമുള്ള സാധനങ്ങൾ മുഴവനും നമ്മുടെ നാട്ടിൽതന്നെ ഉണ്ടാക്കുന്നപക്ഷം നമ്മുടെ രക്തം ഊററി ജീവിക്കുന്ന ഇതരരാജ്യക്കാർക്കു എത്രത്തോളം നഷ്ടവും തൽഫലമായി നമുക്കു എത്രത്തോളം ഐശ്വര്യാഭിവൃദ്ധിയും ഉണ്ടാകുമെന്നു നമുക്കുതന്നെ ഊഹിക്കരുതോ?

നമ്മുടെ പുരോഗതിക്കും സ്വാതന്ത്ര്യലബ്ധിക്കും പ്രധാനപ്രതിബന്ധമായി നിൽക്കുന്നതു നമ്മുടെ ദാരിദ്ര്യമല്ലാതെ മററൊന്നുമല്ല. നമുക്കു സ്വാതന്ത്ര്യം വേണമെങ്കിൽ ആദ്യമായി നമ്മുടെ ദാരിദ്ര്യം നീങ്ങണം. ദാരിദ്ര്യം നീങ്ങാൻ ധനംവേണം. ധനമുണ്ടാകണമെങ്കിൽ നമ്മുടെ വ്യവസായങ്ങളെ പോഷിപ്പിക്കണം. ധനമുണ്ടാകുമ്പോൾ ജനങ്ങൾക്കു ശരിയായ രാഷ്ട്രീയബോധവും തദ്വാരാ ശരിയായ സ്വാതന്ത്ര്യവാഞ്ഛയും ജനിക്കും. അപ്പോൾ ഭാരതത്തിൻെറ ദുർദ്ദശയും നീങ്ങും!

---

# ബർനാർഡ്ഷായുടെ നേരമ്പോക്കുകൾ.

വിദ്വാൻ, നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

ജോർജ്ജ് ബർനാർഡ് ഷായുടെ പേരുകേൾക്കാത്ത സാഹിത്യരസികന്മാർ ഇന്നു ലോകത്തിൽ വളരെ അപൂർവമാണ്. ക്രിസ്താബ്ദം 1856-ൽ, അയർലണ്ടിലെ ഡബ്ളിൻപട്ടണത്തിൽ, യാതൊന്നിനുംകൊള്ളാതെ ജീവിതത്തിലെ സർവകാര്യങ്ങളിലും പരാജയം മാത്രം നേടി മടങ്ങിയ ഒരു ചെറിയ ഗവർമ്മേണ്ടുദ്യോഗസ്ഥന്റെ മകനായി പിറന്ന നമ്മുടെ കഥാപുരുഷൻ ഇന്നത്തെ വിശ്വസാഹിത്യകാരന്മാരുടെ ഇടയിൽ അഗ്രഗണ്യമായ ഒരു സ്ഥാനത്തെയാണ് അലങ്കരിക്കുന്നത്.

ഹാസ്യരസത്തെ ഏററവും നവീനമായ രീതിയിൽ ആരുടേയും മുഖം നോക്കാതെ, പലർക്കും മർമ്മഭേദകമായ വിധത്തിൽ, വിചാരിച്ചമാത്രയിൽതന്നെ നിഷ്പ്രയാസം പ്രകാശിപ്പിക്കുന്നതിലാണ് ബർനാർഡ് ഷാ ഇന്നത്തെ മററു സകല സാഹിത്യകാരന്മാരേയും കവിച്ചുവയ്ക്കുന്നത്. നാം എത്രയോ ഗൌരവത്തോടെ കരുതുന്ന കാര്യങ്ങളെക്കൂടി അദ്ദേഹം ഏററവും പരിഹാസത്തോടെയാണ് വീക്ഷിക്കുക. നേരമ്പോക്കും ഫലിതവും ഇത്ര മാത്രം സ്വാധീനമായിട്ടുള്ള ഒരു സാഹിത്യകാരൻ ഇന്നു ലോകത്തിൽ ഇല്ലെന്നുതന്നെ പറയാം. ഒരുകൂട്ടം ആളുകൾ ബർനാർഡ്ഷായുടെ കൃതികളെ ആകാശത്തോളം പൊക്കി സ്തുതിച്ചുകൊണ്ടു, അദ്ദേഹത്തെ ഇന്നത്തെ മഹാപുരുഷന്മാരിൽ ഒന്നാമനായി ഗണിക്കുന്നു; എന്നാൽ യാഥാസ്ഥിതികരിൽപ്പെട്ട ചിലർ, അതേസമയംതന്നെ നിരീശ്വരവാദിയായ അദ്ദേഹത്തെ ലോകത്തിലേക്കുംവച്ചു ഏററവും വലിയ ഒരു വഞ്ചകനായിട്ടാണ് കണക്കാക്കുന്നതെന്ന സംഗതിയും ഇവിടെ മറച്ചുവയ്ക്കുന്നതല്ല. എങ്കിലും ഒരുകാര്യം തീർച്ച് പറയാം. അദ്ദേഹം ഒന്നുകിൽ ഷേക്ക്സ്പീയരേക്കാൾ യോഗ്യനോ, അല്ലെങ്കിൽ വെറുമൊരു കാപ്പിരിയേക്കാൾ മോശക്കാരനോ ആയിക്കൊള്ളട്ടെ. എന്നാൽ ഹാസ്യരസത്തെ പ്രകടിപ്പിക്കുന്ന വിഷയത്തിൽ, അദ്ദേഹത്തിനുള്ളപോലെ നൈപുണ്യം ആധുനികസാഹിത്യകാരന്മാരിൽ ആർക്കുംതന്നെ ലഭിച്ചിട്ടില്ല. ലോകത്തിലുള്ള സകലതും ഒരു പുച്ഛരസത്തോടെയല്ലാതെ അദ്ദേഹം നോക്കാറില്ല. എന്തിനോടും എപ്പോഴും ഒരു പരിഹാസംതന്നെ! സാധാരണമായി ആരും പ്രതീക്ഷിക്കാത്ത തരത്തിലുള്ള ഫലിതങ്ങൾ അദ്ദേഹത്തിന്റെ നാവിൽനിന്നും 'ഉരുളയ്ക്കു ഉപ്പേരിപോലെ' പുറപ്പെടുകയാണ് പതിവു്. മാതൃകയ്ക്കായി അവയിൽ ഏതാനും ചിലതുമാത്രമേ ഈ ലേഖനത്തിൽ കാണിക്കുവാൻ തല്ക്കാലം നിവൃത്തിയുള്ളൂ.

യൂറോപ്പിൽവച്ചു ഏററവും സൌന്ദര്യമുള്ള ഒരു തരുണി, ബർനാർഡ്ഷായുടെ അന്യദുർല്ലഭമായ കീർത്തിയിൽ ഭ്രമിച്ചുകൊണ്ടു ഒരിക്കൽ ഇങ്ങനെ ചോദിച്ചു.

"പ്രിയപ്പെട്ട ഷാ, നമുക്കുതമ്മിൽ വിവാഹം ചെയ്താലെന്താ? അങ്ങനെയായാൽ, അങ്ങയുടെ തലച്ചോറും എന്റെ സൌന്ദര്യവും ഒരുപോലെ സമ്മേളിച്ചുകൊണ്ടു നമുക്കു ഒരു പുത്രൻ ജനിക്കുകയില്ലേ? ഹാ, അപ്രകാരമൊരു കുട്ടിയെക്കാണ്മാൻ സാധിച്ചാൽ, എന്തൊരു കൌതുകമായിരിക്കും?"



ജോർജ്ജ് ബർനാർഡ്ഷാ.

ഏതാണ്ടു വിരൂപനായ ഷാ പെട്ടെന്നു മറുപടിപറഞ്ഞു: "വേണ്ട, എന്റെ ഓമനേ, വേണ്ട. എനിക്കു വളരെ ഭയമാണ്. ഒരുപക്ഷേ എന്റെ സൌന്ദര്യവും നിന്റെ തലച്ചോറുമാണ് കുട്ടിക്കുണ്ടായതെങ്കിലോ?" ഇതുകേട്ടപ്പോൾ നമ്മുടെ യുവതി എത്രത്തോളമാണ് വിഡ്ഢിയായതെന്നു പറയേണ്ടതില്ലല്ലോ.

ലോകത്തിലേക്കുവച്ചു ഏററവുംവലിയ നോബൽസമ്മാനംകൂടി ബർനാർഡ്ഷായ്ക്കു വലിയ പുച്ഛമാണ്. 1925-ൽ വിശ്വസാഹിത്യലോകം അദ്ദേഹത്തെ നോബൽസമ്മാനംകൊണ്ടു ബഹുമാനിക്കുകയുണ്ടായി. ആ സമ്മാനലാഭത്തിനു എന്താണ് കാരണഭൂതമായിത്തീർന്നതെന്നു പിന്നീടൊരിക്കൽ ഒരാൾ ചോദിച്ചപ്പോൾ ഷായുടെ മറുപടി ഇപ്രകാരമായിരുന്നു: ആ കൊല്ലത്തിൽ ഞാൻ യാതൊരു നാടകവും പ്രസിദ്ധപ്പെടുത്തുകയുണ്ടായില്ലെന്നതുതന്നെ."

മഹാത്മാഗാന്ധിയെപ്പററി ഷായ്ക്കു വലിയ ബഹുമാനംതന്നെയാണ്. എങ്കിലും നിസ്സഹകരണവ്രതംകൊണ്ടു കാലക്രമത്തിൽ ഇംഗ്ലീഷുകാരെ സ്വാധീനിക്കാം എന്നുള്ള ഗാന്ധിയുടെ ആദർശത്തോടു ഷായ്ക്കു വലിയ പുച്ഛമാണ്. അദ്ദേഹം പറയുന്നു: "പശുവിന്റെ വളരെക്കാലമായിട്ടുള്ള സൌമ്യസ്വഭാവം വ്യാഘ്രത്തെ ഇതേവരെ ഒരു സസ്യഭുക്കായി മാററിയിട്ടില്ല."

ബർനാർഡ്ഷായ്ക്കു വേറേ ചില നേരമ്പോക്കുകളുണ്ടു്. അദ്ദേഹത്തിനു വളരെ അടിയന്തിരമായി ആരെങ്കിലും ഒരു കമ്പിയടിച്ചുവെന്നു വിചാരിക്കുക എന്നാൽ അദ്ദേഹം അതിനു മറുപടിയായി പലപ്പോഴും വെറുമൊരു പോസ്റ്റ്കാർഡു മാത്രമായിരിക്കും അയയ്ക്കുക. എന്താണ് ഈ 'അലക്ഷ്യ'ഭാവത്തിനു കാരണമെന്നു ആരെങ്കിലും ചോദിക്കുന്നപക്ഷം "അതൊക്കെ ചിലവു ചുരുക്കുവാൻ മാത്രമാണ്" എന്നായിരിക്കും അദ്ദേഹത്തിന്റെ മറുപടി.

ഒരിക്കൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞാൻ ഏതെങ്കിലും ഒരു ക്ലബ്ബിലേക്കോ, ധർമ്മസ്ഥാപനത്തിലേക്കോ ഒരു പൈപോലും സംഭാവന നൽകയില്ലെന്നു ചെറുപ്പകാലത്തുതന്നെ ഒരു പ്രതിജ്ഞചെയ്കയുണ്ടായി. അതുകൊണ്ടാണ് ഇന്നു ഞാൻ ഈ നിലയിൽ എത്തിയതു്."

തന്നെപ്പോലെ പിശുക്കനായിട്ടു ലോകത്തിൽ ആരുമില്ലെന്നു മററുള്ളവരെ ധരിപ്പിക്കുവാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുക എന്നതു ഷായുടെ സ്വഭാവത്തിനുള്ള ഒരു വിശേഷമാണ്. എന്നാൽ വാസ്തവത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഏററവും ദയാർദ്രമാണ്; എന്നാൽ ആ രഹസ്യം അദ്ദേഹം എപ്പോഴും ഒളിച്ചുവയ്ക്കാനേ ശ്രമിക്കയുള്ളൂ. അദ്ദേഹത്തിന്റെ ഔദാര്യശീലം വളരെ പ്രശംസാർഹമാണ്. ചിലപ്പോൾ ഒരു ചെറിയ ലേഖനത്തിനു അഞ്ഞൂറോ അറുനൂറോ പവൻ കൊടുക്കാമെന്നു സമ്മതിച്ചുകൊണ്ടു ചില പത്രാധിപന്മാർ ഷായുടെ സമീപത്തു വന്നു അപേക്ഷിക്കും; എന്നാൽ ഷാ അപ്പോൾ ഏതെങ്കിലുമൊരു സ്നേഹിതനുവേണ്ടി (പ്രതിഫലംകൂടാതെ) വല്ല നാടകം എഴുതുന്നതിലോ, അഥവാ നിസ്സാരമായ മററുവല്ല ജോലിയിലോ ഏർപ്പെട്ടിരിക്കയായിരിക്കും. ഉടനെ അദ്ദേഹം പത്രാധിപരോടു പറയും: "ഇപ്പോൾ സമയമില്ല; പൊയ്ക്കൊൾക" എന്ന്. പിശുക്കരിൽവച്ചു മുമ്പനെന്നു തന്നത്താൻനടിക്കുന്ന നമ്മുടെ ഷാ പലപ്പോഴും തനിക്കു എളുപ്പത്തിൽകിട്ടാവുന്ന വലിയവലിയ സംഖ്യകൾ നിസ്സംശയം ഉപേക്ഷിക്കുക ഒരു പതിവാണ്.

ഒരിക്കൽ 'ഡെയിലിമെയിൽ' എന്ന പത്രത്തിന്റെ അപ്രധാനനായ ഒരു റിപ്പോർട്ടർ ഷായുമായി കൂടിക്കാഴ്ചയ്ക്കു അനുവാദം

ചോദിച്ചു. ഷായുടെ സംഭാഷണം പകർത്തിയെടുത്തു ലേഖനരൂപത്തിൽ പത്രത്തിലേക്കു കൊടുക്കണമെന്നായിരുന്നു റിപ്പോർട്ടരുടെ ആഗ്രഹം. അയാളെക്കണ്ടപ്പോൾ ഷാ ഇങ്ങനെ ചോദിച്ചു. "ഒരു കൃതിക്കാട്ടയ്ക്കു എത്ര പവനാണ് നിങ്ങൾ എനിക്കുതരാൻ ഭാവിച്ചിരിക്കുന്നതു്?"

"എന്റെ കൈയിൽ ഒന്നുമില്ല" എന്നു അല്പം സങ്കോചത്തോടെ ആ ചെറുപ്പക്കാരൻ മറുപടിപറഞ്ഞു

ഷാ ഇങ്ങനെ തുടൎന്നു: "അമേരിക്കയിലെ ചില പത്രങ്ങൾ 300 പവനാണ് ഒരു ചെറുലേഖനത്തിന് എനിക്കു തരാറുള്ളതു്. അങ്ങനെയിരിക്കേ, ഡെയിലിമെയിലിന്റെ പത്രാധിപൎക്കു് എന്തിനാണ് ഞാൻ വെറുതെ ഒരെണ്ണം കൊടുക്കുന്നതു്?"

ആ സാധുറിപ്പോർട്ടർ ഇച്ഛാഭംഗത്തോടെ മടങ്ങി. എന്നാൽ ഉടൻതന്നെ ഷാ അയാളെവിളിച്ചു്, ഇങ്ങനെ ചോദിച്ചു:

"ആട്ടേ, ആ മുന്നൂറുപവൻ പത്രാധിപരിൽനിന്നും നിങ്ങൾക്കു കിട്ടുമോ, ഞാൻ ഒരു ലേഖനംതന്നാൽ? ഞാൻ പണം വേണ്ടെന്നുവയ്ക്കാം. വാസ്തവത്തിൽ, എനിക്കു ഇത്രമാത്രമേ അറിയണമെന്നുള്ളു. എന്തിനാണ് ആ പത്രാധിപൎക്കു ഞാൻ വൃഥാ അങ്ങനെയൊരു ലാഭമുണ്ടാക്കുന്നതു്?"

സഹജമായ അനുകമ്പയോടെ പിന്നീടു ഷാ അയാളോടിങ്ങനെ തുടൎന്നുപറഞ്ഞു: "നോക്കട്ടെ, നിങ്ങളുടെ പത്രത്തിലെ ഒരു കോളത്തിൽ സാധാരണ 1200 വാക്കുകളല്ലേ അടങ്ങിയിരിക്കാറു പതിവുള്ളതു്?"

"അതേ" അയാൾ മറുപടിപറഞ്ഞു. ഷാ തുടൎന്നു: "നിങ്ങളെ ഒരു മണിക്കൂറിനുള്ളിൽ തിരികെ വിളിക്കാം. അപ്പോൾ എന്റെ സെക്രട്ടറി നിങ്ങൾക്കൊരു ലേഖനം തരുന്നതായിരിക്കും"

പറഞ്ഞപോലെ അയാളെ തിരികെവിളിച്ചു് ഷായുടെ സെക്രട്ടറി ഒരു ലേഖനം കൊടുത്തു. നമ്മുടെ റിപ്പോർട്ടർ അതു വാങ്ങിനോക്കിയപ്പോൾ അതിൽ ജി ബി. ഷാ. (ജോർജ്ജ് ബർനാഡ്ഷാ)എന്ന ഒപ്പോടുകൂടി കൃത്യമായി 1200 വാക്കുകൾഅടങ്ങിയിരിക്കുന്നതു കണ്ടു് അത്ഭുതപ്പെട്ടു. ഒരുവാക്കെങ്കിലും കൂടുതലോ കുറവോ ഉണ്ടായിരുന്നില്ല! ആ റിപ്പോർട്ടൎക്കു പത്രാധിപരിൽനിന്നും വലിയൊരുതുക കിട്ടിയെന്നു പറയേണ്ടതില്ലല്ലോ.

ബർനാഡ്ഷായുടെ ചില ആത്മപ്രശംസകൾ കേൾക്കുമ്പോൾ സാധാരണക്കാൎക്കൊക്കെ തെറ്റിദ്ധാരണ ജനിക്കാതിരിക്കയില്ല. ചിലപ്പോൾ ഷാ ഇങ്ങനെ പറയും: "പണ്ടത്തെ വിദ്വാന്മാരിൽ 'ഹോമർ' മാത്രമേ സമൎത്ഥനായ ഒരു സാഹിത്യകാരൻ എന്ന പേരിനെ അൎഹിക്കുന്നുള്ളു. സർ വാൾട്ടർ സ്കോട്ടിനേയും മററും ഒരു നല്ല സാഹിത്യകാരൻ എന്നു പറയാമോ എന്നുതന്നെ സംശയമാണ്. ഷേക്സ്പീയരെക്കുറിച്ചു എനിക്കു പണ്ടുതന്നെ അത്ര മതിപ്പൊന്നുമില്ല. അയാൾ എന്നോടു താരതമ്യത്തിനുതന്നെ അൎഹനല്ല."

ഇതും ഇതിലപ്പുറവും പരസ്യമായി പ്രസ്താവിക്കാൻ ഷായ്ക്കു യാതൊരു കൂസലുമില്ല. Saturday Review എന്ന പത്രത്തിൽ അദ്ദേഹം ഒരിക്കൽ ഇങ്ങനെ എഴുതി:

"ഞാൻ ഒരു അമാനുഷനായ ഹാസസാഹിത്യകാരനും ഫലിതക്കാരനും പ്രതിഭാശാലിയും മററുമാണെന്നു ജനങ്ങളെല്ലാവരും സമ്മതിച്ചിട്ടുണ്ടു്. ഇത്തരത്തിലുള്ള ഒരു പ്രശംസ ഇതിനുമുൻപു ഒരു സാഹിത്യകാരനും ലഭിപ്പാൻ യോഗമുണ്ടായിട്ടില്ല. ഇംഗ്ലണ്ടിലെ ജനസാമാന്യത്തിന്റെയിടയിൽ എന്റെ യോഗ്യതയെപ്പററിയുള്ള മതിപ്പു ഏതാണ്ടു ദൃഢമൂലമായിത്തീൎന്നിട്ടുണ്ടു്; ഇനി അതിനൊരിളക്കം വരുത്തുവാൻ ഭൂമിയിലോ ആകാശത്തിലോ ഉള്ള യാതൊരു ശക്തിക്കും ഒരുകാലത്തും സാധിക്കുന്നതുമല്ല."

ഇത്തരത്തിലുള്ള ആത്മപ്രശംസയും, ആരെയും ഒരു വിലയില്ലായ്മയും കണ്ടിട്ടു പലരും ബർനാഡ്ഷായെ അതികഠിനമായി അധിക്ഷേപിച്ചിട്ടുണ്ടു്. പക്ഷെ ഷാ മററുള്ളവരുടെ ആക്ഷേപങ്ങളെയൊക്കെ 'പുല്ലുപോലെ' കണക്കാക്കുകയേയുള്ളു. താൻ ആത്മപ്രശംസചെയ്യുന്നതിനുള്ള കാരണം അദ്ദേഹം വിവരിക്കുന്നതു ഇപ്രകാരമാണ്. "സ്വതന്ത്രനായ ഒരു 'കിക്ക്'റേറയും, വായിൽത്തോന്നിയതുപറവാൻ അധികാരം ലഭിച്ചിട്ടുള്ള ഒരു വിദൂഷകന്റേയും വേഷമെടുത്താൽ മാത്രമേ ഇക്കാലത്തു ഭൂരിപക്ഷം വായനക്കാരുടേയും ശ്രദ്ധയെ എന്റെ കൃതികളിലേക്കു് ആകർഷിക്കുവാൻ എനിക്കു സാദ്ധ്യമാകയുള്ളു."

എന്നാൽ നിർഭാഗ്യവശാൽ ഹാസസാഹിത്യത്തിലെ രസം ആസ്വദിക്കാൻ എല്ലാ വായനക്കാൎക്കും ഒരുപോലെ സാധിക്കുന്നതായി കാണുന്നില്ല മററുള്ളവർ പൊട്ടിച്ചിരിക്കുന്നതായ നേരമ്പോക്കുകളും ഫലിതങ്ങളും കേൾക്കുമ്പോൾ ചില അരസികന്മാർ നെററിചുളിക്കുകയാണു ചെയ്യുക തന്നിമിത്തം അദ്ദേഹത്തിന്റെ ഉററസ്നേഹിതന്മാരിൽത്തന്നെ ചിലർ ഷായുടെ മർമ്മഭേദകങ്ങളായ പരിഹാസങ്ങളോടു തീരെ വെറുപ്പുകൊണ്ടു് അദ്ദേഹത്തെ കഠിനമായി അധിക്ഷേപിക്കുവാൻ മുതിൎന്നിട്ടുണ്ടു്. എന്നാൽ ഈ 'അധിക്ഷേപ'ങ്ങളും നമ്മുടെ ഷായ്ക്കു ഒരു 'രസ'മാണത്രെ! അദ്ദേഹം തന്നെപ്പററിയുള്ള ശകാരങ്ങൾ കേൾക്കുവാൻ എപ്പോഴും ആഹ്ലാദത്തോടുകൂടി കാത്തുകൊണ്ടിരിക്കും.

ജോൺസൺ എന്ന പണ്ഡിതവര്യൻ സ്കോട്ടുലണ്ടുകാരോടു വലിയ വെറുപ്പായിരുന്നതുപോലെ, അയർലണ്ടുകാരനായ ഷായ്ക്കു ഇംഗ്ലീഷുകാരെ പ്രത്യേകിച്ചും ബഹുപുച്ഛമാണ്. ഒരിക്കൽ ഒരു മാന്യൻ അദ്ദേഹത്തോടു 'മനുഷ്യന്റെ ജീവൻ' എന്നുവച്ചാലെന്താണെന്നു് അഭിപ്രായം ചോദിച്ചു. ഉടനെ ഷായുടെ മറുപടി ഇപ്രകാരമായിരുന്നു:

"'മനുഷ്യന്റെ ജീവൻ' എന്നു പറയുന്നതുതന്നെയാണ് ദൈവം ഇതാണ് എന്റെ അഭിപ്രായം. പക്ഷേ ഒരിംഗ്ലീഷുകാരൻ അതു സമ്മതിക്കയില്ല അയാൾ വാദിക്കുന്നതു ഇപ്രകാരമായിരിക്കും. 'ജീവൻ എന്നു പറയുന്നതൊക്കെ എവിടെയോ കിടക്കുന്ന ഏതോ ഒരു സാധനമാണ്'; എന്നാൽ ദൈവം ഒരിംഗ്ലീഷുകാരനാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല."

ബർനാർഡ്ഷായ്ക്കു പൊതുവേ ഇംഗ്ലീഷുകാരോടുള്ള അതിരുവിട്ട പരിഹാസം കണ്ടിട്ടു സഹിക്കവയ്യാതെ പ്രമാണിയായ ഒരു ആംഗലസാഹിത്യകാരൻ ഒരു പത്രത്തിൽ ഇപ്രകാരം എഴുതി:

"ഈ അയർലണ്ടുകാരനായ ബർനാർഡ്ഷാ അദ്ദേഹത്തിന്റെ കുട്ടിക്കാലംമുതൽക്കുതന്നെ ഇംഗ്ലണ്ടിലെ കലാവിദ്യകളുടേയും കലാകാരന്മാരുടേയും ബദ്ധശത്രുവാണ്. അദ്ദേഹം എല്ലാ കലാകാരന്മാരേയും ഒരുപോലെ കുററംപറയുന്നു നമ്മളെയൊക്കെ വെറും തൃണംപോലെ ഗണിക്കുന്നു. എത്ര വലിയ സാഹിത്യകാരനേയും അദ്ദേഹം അധിക്ഷേപിക്കുന്നു. എല്ലാവരേയും പരിഹസിക്കുന്നു. ഈ ബർനാർഡ്ഷാ നമ്മുടെ നാട്ടുകാരനല്ലെന്നും ഒരു വിദേശീയൻ മാത്രമാണെന്നും ഉള്ള സംഗതി ഈ സന്ദർഭത്തിൽ നാം ഓൎക്കേണ്ടതാണ്. ഇദ്ദേഹത്തെ ഒരു നിലയ്ക്കു നിൎത്തുവാൻ വൈകിയിരിക്കുന്നു."

ബർനാർഡ്ഷാ ഇതു കണ്ടു. അദ്ദേഹത്തിനു ദേഷ്യം സഹിച്ചില്ല. പിന്നത്തെ ലക്കത്തിൽത്തന്നെ ഷാ കൂസൽകൂടാതെ ഇപ്രകാരം മറുപടിയെഴുതി.

"എന്നെ ഇംഗ്ലണ്ടിൽ വന്നു താമസിക്കുവാൻ ആരും 'ദയവുചെയ്തു' അനുവദിച്ചിട്ടൊന്നുമില്ല. ഞാൻ ആരുടേയും 'അനുവാദം' വാങ്ങാതെയാണു ഇംഗ്ലണ്ടിൽ വന്നിട്ടുള്ളതു്. ഞാൻ പേടിച്ചു് ഇവിടെ അഭയം പ്രാപിക്കുവാനായി എവിടുന്നോ ഓടിവന്നതുമല്ല; നേരേമറിച്ചു ഞാൻ ഒരു 'ആക്രമി'യുടെ നിലയിലാണ് ഇവിടെ എത്തിയിട്ടുള്ളതു്."

ഈ മറുപടിയോടുകൂടി മറേറയാൾ ഇളിഭ്യനായെന്നു പറയേണ്ടതില്ലല്ലോ.

ഒരിക്കൽ ബർനാർഡ്ഷായെ പരിഹസിക്കുവാനായി ഏതോ ഒരു പത്രത്തിൽ അദ്ദേഹത്തിന്റെ ചിത്രം വല്ലാത്ത ഒരു വികൃതരൂപത്തിൽ വരച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തി. ഒരു രസികൻ ആ പത്രവുമെടുത്തു ഷായെ ശുണ്ഠിപിടിപ്പിക്കാനായി അടുത്തുചെന്നു കാണിച്ചുകൊടുത്തു. ഷാ ഉടൻതന്നെ ആ പത്രം വാങ്ങി; ആ വികൃതചിത്രത്തിന്റെ അരികെത്തന്നെ, അതിനേക്കാൾ ആഭാസമായ രീതിയിൽ തന്റെ ഒരു ഹാസ്യചിത്രം അപ്പോൾത്തന്നെ വരച്ചുകൊടുത്തു! മറേറയാൾ വിഡ്ഢിയായി മടങ്ങി.

ഷാ ഏതാണ്ടു നാല്പതു നാടകങ്ങളോളം ഇതേവരെയായി പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ മനോധർമ്മങ്ങൾ മുഴവനും സ്വതന്ത്രങ്ങളാണ്; ആശയങ്ങൾ അചുംബിതങ്ങളുമാണ്. സാഹിത്യകലയിൽ അദ്ദേഹത്തിനു സ്വന്തമായിട്ടൊരുപ്രസ്ഥാനംതന്നെയുണ്ടു്. പൂൎവസങ്കേതങ്ങളെ മുഴുവൻ അങ്ങനെതന്നെ ലംഘിക്കുന്നതിൽ ഷാ അദ്വിതീയനാണ്. നാടകങ്ങളിൽ അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ മുഴവൻ ഗദ്യത്തിലല്ലാതെ പദ്യത്തിൽ ഒരിക്കലും സംസാരിക്കുന്നതല്ല മററു നാടകങ്ങളിൽ കാണാറുള്ള ആത്മഗതം, ജനാന്തികം തുടങ്ങിയ കൃത്രിമരീതികളോടു് അദ്ദേഹത്തിനു ബഹുവിരോധമാണ്. മനുഷ്യജീവിതത്തിന്റെ പ്രകാശമാനങ്ങളായ രംഗങ്ങളെയല്ല,

പ്രത്യുത ഇരുളടഞ്ഞ ഭാഗങ്ങളെയാണ് അദ്ദേഹം ചിത്രീകരിക്കാറുള്ളതു്. നാടകങ്ങളിൽ ചേർക്കുന്ന മുഖവുരകളൊക്കെ അതിദീർഘങ്ങളാകുന്ന ഒരു പതിവു് അദ്ദേഹത്തിനുണ്ടു്. ഖണ്ഡനമായാലും മണ്ഡനമായാലും നിരൂപകന്മാർ അവരുടെ കൃത്യം എളുപ്പത്തിൽ നിവ്വഹിച്ചുകൊള്ളട്ടെ എന്നു വിചാരിച്ചിട്ടാണ് ഷാ ഇത്ര ദീർഘമായ വിവരണങ്ങൾ ചേർക്കുന്നതു്.

കേവലം ഒരു കലാകാരൻ മാത്രമായി ജീവിതം നയിക്കാൻ ഷാ ഇഷ്ടപ്പെടുന്നില്ല. ഒരു തത്വചിന്തകനായി ലോകം തന്നെ ഓർമ്മിക്കുവാനാണ് അദ്ദേഹത്തിന്റെ ആഗ്രഹം. 'കലകൾ കലകൾക്കുവേണ്ടി എന്ന ആദർശത്തെ സന്താനമില്ലാത്ത ദാമ്പത്യത്തോടാണ് അദ്ദേഹം ഉപമിക്കുന്നതു്: അപ്രകാരമൊരാദർശം സ്വീകരിച്ചിരുന്നുവെങ്കിൽ താൻ ഒരു വരിപോലും എഴുതുകയില്ലായിരുന്നു എന്നാണ് ഷാ പറയുന്നതു്. വെറുമൊരു നാസ്തികനായ അദ്ദേഹം 'വസ്തു, ജീവചൈതന്യം' എന്നീ രണ്ടു മൌലികതത്വങ്ങളെ മാത്രമേ വിശ്വസിക്കുന്നുള്ളു. അദ്ദേഹം പറയുകയാണ്: 'ദൈവം എന്നൊന്നു് ഉണ്ടെങ്കിൽ മനുഷ്യൻ തീച്ചയായും അടിമയാണ്. എന്നാൽ മനുഷ്യൻ എപ്പോഴും സ്വതന്ത്രനായിരിക്കണം. അതുകൊണ്ടു ദൈവം ഇല്ല,' ഇതാണ് ഷായുടെ മതം. എന്നാൽ ഇന്നത്തെ സ്ഥാപനങ്ങളും ആചാരങ്ങളുമൊക്കെ പാടേ നശിപ്പിച്ചുകളയണമെന്നു അദ്ദേഹത്തിനഭിപ്രായമില്ല; എന്തുതന്നെയായാലും സ്വീകരിക്കുന്നതിനുമുൻപു നല്ലപോലെ ആലോചിക്കണമെന്നേ അദ്ദേഹത്തിനു വാദമുള്ളു. 'വ്യഭിചാരം' അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഒരു പാപമല്ല; പ്രത്യുത സ്വാതന്ത്ര്യത്തിന്റെ ഒരു രൂപഭേദം മാത്രമാണത്രെ!

ഷായെപ്പററി ചിലർ ഇങ്ങനെ ആക്ഷേപിക്കാറുണ്ടു്. "ഷാ ഒരു സ്ഥിതസമത്വവാദിയാണത്രെ! ദരിദ്രന്മാരുടെ പക്ഷത്തിൽ ചേർന്നുകൊണ്ടു്, എല്ലാവരും സമന്മാരായിരിക്കേണ്ടതാണെന്നു് അദ്ദേഹം പ്രസംഗിക്കുന്നു; അദ്ദേഹമാകട്ടെ അളവില്ലാത്ത ധനം സമ്പാദിച്ചു മോട്ടോർകാറും മററുമായി വലിയ പദവിയിൽ കഴിഞ്ഞുകൂടുന്നു. ഇങ്ങനെ മനസ്സാക്ഷിയില്ലാത്ത കൂട്ടരായാൽ വിഷമം തന്നെ"

ഇതിനു ഷായുടെ മറുപടി ഇപ്രകാരമാണ്:—"ഞാൻ ദാരിദ്ര്യത്തിന്റെ മേന്മയെപ്പററിയല്ല, നേരേമറിച്ചു ധനത്തിന്റെ മഹിമയേയും സ്വാധീനശക്തിയേയും പററിയിട്ടേ പ്രസംഗിക്കാറുള്ളു. എന്റെ ധനം മുഴുവൻ സാധുക്കൾക്കു ദാനംചെയ്യുന്നപക്ഷം അതുകൊണ്ടു ലോകത്തിന്റെ സാമ്പത്തികസ്ഥിതിക്കു ഭേദമൊന്നും വരുന്നതല്ല. ധനത്തെ ആപത്തുകൾക്കു മൂലമായി ആരെങ്കിലും വണ്ണിച്ചുകൊള്ളട്ടെ. എന്റെ ദൃഷ്ടിയിൽ ധനം ജീവിതത്തിന്റെ അടയാളമാണ്. ധനം വങ്കന്മാരെ ആപത്തിൽ കൊണ്ടുചെന്നു ചാടിക്കുന്നു; എന്നാൽ ഉത്തമന്മാരെ ഒരു കോട്ടകെട്ടി രക്ഷിക്കുന്നു. പണമുണ്ടായാൽ അവനു് ആരോഗ്യവും ശക്തിയും ബുദ്ധിമതിയും ഔദാര്യവും മുഖശ്രീയും ഒക്കെ തന്നത്താനേ വന്നുകൊള്ളും. ധനത്തിന്റെ അഭാവമാകട്ടെ, അനാരോഗ്യത്തേയും അശക്തിയേയും അവമതിയേയും പിച്ചത്തരത്തേയും വിരൂപതയേയും മാത്രമാണ് പ്രതിനിധീകരിക്കുന്നതു് ദാരിദ്ര്യം അടിമത്തമാണ്. അടിമത്തമാകട്ടെ കൊലപാതകത്തേക്കാൾ നിന്ദ്യവുമാണ്. പുരുഷന്മാർ മോഷണംചെയ്യുന്നതും സ്ത്രീകൾ വ്യഭിചരിക്കുന്നതും ഒക്കെ ദാരിദ്ര്യംനിമിത്തമാണ്. അതുകൊണ്ടു് എല്ലാത്തരം സാമുദായികവിഷമതകൾക്കും ഉള്ള ഏക പരിഹാരമാർഗ്ഗം, അവരുടെ ഇടയിലെ ദാരിദ്ര്യത്തെ പാടേ നശിപ്പിക്കുക മാത്രമാണ്. ദാരിദ്ര്യം, അലസത — ഇവ രണ്ടും വയ്യ. എന്നാൽ ദാരിദ്ര്യം ആദ്യം പോകണം. വ്യക്തിക്കുവേണ്ടി ധനം സമ്പാദിക്കട്ടെ; രാജ്യത്തിനുവേണ്ടി ദാരിദ്ര്യം ഇല്ലാതാക്കട്ടെ. ഇതാണ് എന്റെ ആദർശം"

ബർനാർഡ്ഷായുടെ ദൃഷ്ടിയിൽ, അനുരാഗത്തിനു 'പാവനത്വവും ദിവ്യത്വവും ശാശ്വതത്വവും' മററുമൊന്നുമില്ല. അനുരാഗമുണ്ടെന്നുവച്ചു ഒരു സ്ത്രീയെ ഏതെങ്കിലുമൊരുപുരുഷൻ ആരാധിക്കുന്ന സമ്പ്രദായവും അദ്ദേഹത്തിനിഷ്ടമല്ല. നോവലുകളോമററോ വായിച്ചു അനുരാഗത്തെപ്പററി കാല്പനികതത്തന്നെ മനസ്സിലാക്കിയിരുന്നില്ലെങ്കിൽ, ഒരു വ്യക്തിയും ഈ 'പാവനവും ദിവ്യവും' മററുമായ പ്രേമത്തിൽച്ചെന്നു ചാടുന്നതല്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പലഹാരത്തിലുംമററും നമുക്കു തോന്നുന്ന 'രുചി'പോലെയുള്ള ഒരു വികാരം മാത്രമാണത്രെ അനുരാഗം. വയറുനിറഞ്ഞാൽ രുചിയും നിൽക്കുന്നതുപോലെ, പ്രേമവും ഉത്തരക്ഷണത്തിൽ ശമിക്കുമെന്നു അദ്ദേഹം പറയുന്നു. അനുരാഗംജനിക്കുന്നതു ഒന്നുകിൽ ക്ഷണികമായ ഇന്ദ്രിയവികാരംകൊണ്ടായിരിക്കും; ചിലപ്പോൾ അതു വെറുമൊരു നാട്യം മാത്രമായിരിക്കും; അല്ലെങ്കിൽ വല്ല പുസ്തകങ്ങളിലോ മററോ വായിക്കുകയോ കേൾക്കുകയോ ചെയ്തിട്ടുള്ളതുകൊണ്ടായിരിക്കും. ഈ മൂന്നുവിധത്തിലെ അനുരാഗത്തിൽ ചാടുകയുള്ളുവത്രെ, എത്രത്തോളം വേഗത്തിൽ സാധിക്കുമോ. അത്രക്ഷണത്തിൽ വിവാഹിതയായിത്തീരേണ്ടതു് ഒരു സ്ത്രീയുടെ ചുമതലയാണ്; വിവാഹത്തെ എത്രത്തോളം നീട്ടുവാൻ കഴിയുമോ അത്രത്തോളം നീട്ടിക്കൊണ്ടുപോകാൻ ശ്രമിക്കേണ്ടതു ഒരു പുരുഷന്റെ കത്തവ്യവുമാണ്. ഷായുടെ ദൃഷ്ടിയിൽ സ്ത്രീകൾ സംഗീതാദികലാവിദ്യകളുടെ ദേവതകളോ, സൌന്ദര്യത്തിന്റെ മൂത്തിഭേദങ്ങളോ മററുമൊന്നുമല്ല, നേരേമറിച്ചു പുരുഷന്മാരെപ്പോലെതന്നെ എല്ലും മാംസവും രക്തവുംകൊണ്ടു സൃഷ്ടിച്ചിട്ടുള്ള സത്വങ്ങൾതന്നെയാണ്.

ശിശുക്കൾക്കു സവ്വവിധസ്വാതന്ത്ര്യങ്ങളും നൽകി അവരെ യഥേഷ്ടം വളൻകൊള്ളുവാൻ അനുവദിക്കണമെന്നപക്ഷക്കാരനാണ് ബർനാർഡ്ഷാ. ഒരു കുട്ടി തീയു് കടന്നുപിടിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിൽക്കൂടി അതു തടുക്കരുതത്രെ! ഒരിക്കൽ കൈ പൊള്ളുമ്പോൾ അതു ആപൽക്കരമാണെന്നു അവൻ തന്നത്താൻ പഠിച്ചുകൊള്ളുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ചുരുക്കത്തിൽ, സ്വാതന്ത്ര്യേച്ഛയെ ഒരു വിധത്തിലും നിയന്ത്രിക്കരുതെന്നത്ഥം.

## വമ്പിച്ച സമ്മാനങ്ങൾ.

പ്രവേശനഫീസ് 5 ണ.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | | ■ | 4 | | | 5 |
| | | | ■ | 6 | ■ | 7 | | |
| | | ■ | 8 | | | ■ | 9 | |
| | ■ | 10 | ■ | | ■ | 11 | ■ | |
| ■ | 12 | | | ■ | 13 | | | ■ |
| 14 | ■ | | ■ | 15 | ■ | | ■ | 16 |
| 17 | | ■ | 18 | | | ■ | 19 | |
| 20 | | | ■ | | ■ | 21 | | |
| 22 | | | | ■ | 23 | 24 | | |

ചില്ലുകൾ (അദ്ധാക്ഷരങ്ങൾ) പ്രത്യേകം കള്ളികളിൽ ചേർക്കേണ്ടതാണ്.

വലത്തോട്ടു്;—

(1) മന്ത്രി. (4) മലയാളത്തിലെ ആദ്യനോവൽ. (7) രക്തം. (8) അഷ്ടൈശ്വര്യങ്ങളിൽ ഒന്നു്. (9) പൊൻമാൻ. (12) കുമാരനാശാന്റെ ഒരു കാവ്യം. (13) ഒരപ്സരസ്ത്രീ. (17) വേദന. (18) ചെണ്ടകൊട്ടുന്ന ആൾ. (20) നാവു്. (22) മദിച്ച ആന. (23) മക്കടൻ. (24) മനുഷ്യൻ

കീഴ്പ്പോട്ടു്:—

(1) താമര. (2) മുടി. (3) ബ്രാഹ്മണബാലൻ. (5) പുഴ. (6) ഒരു ഋതു. (10) ഇന്ത്യയിലെ പുരാണപ്രസിദ്ധമായ ഒരു നദി. (11) രാത്രി. (14) ഒരു മലയാളപത്രം. (15) ശബ്ദം. (16) യമൻ. (19) അംശം. (20) ലക്ഷ്മി. (21) കേരളബ്രാഹ്മണരുടെ ഗൃഹം.

### സമ്മാനവിവരം.

പ്രശ്നകത്താവിന്റെ ഉത്തരം സീൽവെച്ചു് മാതൃഭൂമി ആഫീസിൽ ഏല്പിച്ചിട്ടുണ്ടു്. ഈ ഉത്തരം അയച്ചുതരുന്ന ഒന്നാമത്തെ ആൾക്കു് 50 ക. വിലയുള്ള ഒരു ഗ്രാമഫോണും മററുള്ളവക്കു മഹാകവി കുമാരനാശാന്റെ കൃതികൾ മുഴുവൻ അടങ്ങിയ ഓരോ ഗ്രന്ഥവും, ഒരു പിഴ വരുത്തിയവക്കു് ശ്രീമാൻ മൂക്കോത്തു കുമാരൻ എഴുതിയ ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രവും (2 ഭാഗങ്ങൾ) രണ്ടുമുതൽ നാലുവരെ പിഴ വരുത്തിയവക്കു് 8 അണയിൽ കുറയാത്ത വിലയുള്ള മററു പുസ്തകങ്ങളും സമ്മാനമായി കൊടുക്കും. പ്രവേശനഫീസ് ഒരു ഉത്തരത്തിനു് 5 ണ. വീതം. ഈ സംഖ്യ സ്ററാമ്പായിട്ടോ മണിയോർഡറായിട്ടോ 1934 നവംബർ 17-ാംനു-ക്കു മുമ്പായി താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കുക:—

Messrs. K. P. Damodaran Bros.,
Merchants & Commission Agents,
Court Road, Tellicherry.

ഷാ ആകപ്പാടെ ഒരു വിശാലമനസ്കനാണെങ്കിലും, അദ്ദേഹത്തിനു സങ്കുചിതങ്ങളായ ചില ആദർശങ്ങളും ഇല്ലെന്നില്ല. അദ്ധ്യാപകന്മാരെ ഒട്ടാകെപ്പിടിച്ചുകൊണ്ടു അദ്ദേഹംചെയ്യുന്ന നിരൂപണം തുലോം നിർദ്ദയമാണ്! "എന്തെങ്കിലുമൊന്നു പ്രവത്തിക്കാൻ കഴിയുന്നവൻ അതു ചെയ്യുന്നു; പ്രവത്തിപ്പാൻ കഴിയാത്തവനാകട്ടെ, അതു മററുള്ളവരെ പഠിപ്പിക്കുന്നു." ഇതാണ് ഷാ അദ്ധ്യാപകന്മാക്കു് കൊടുക്കുന്ന സർട്ടിഫിക്കററു്!

ഡാക്ടർമാരോടും അദ്ദേഹത്തിനു ഒട്ടാകെ പുച്ഛമാണ്. ഡാക്ടർമാക്കു തുന്ന

ക്കാരേക്കാരം വലിയ വിശേഷമൊന്നുമില്ല" എന്നു പരസ്യമായി പ്രസ്താവിക്കാൻ ഷായ്ക്കു യാതൊരു ക്രൂസലുമില്ല. കേവലംഒരു സസ്യഭുക്കായ അദ്ദേഹത്തിനു എല്ലാത്തരം ലഹരിവസ്തുക്കളോടും വലിയ വെറുപ്പാണു്. അദ്ദേഹം സിഗററുകൂടി ഉപയോഗിക്കാറില്ല.

ലോകോത്തരഗ്രന്ഥമായ 'ബൈബിളി'നെപ്പററി എന്താണു് അഭിപ്രായമെന്നു ഒരിക്കൽ ചിലർ ബർനാർഡ്ഷായോടു ചോദിച്ചു. ഉടനെ ഷാ ഇങ്ങനെ മറുപടി പറഞ്ഞു:

"ബൈബിൾ ഒരൊന്നാന്തരംഗ്രന്ഥമാണു്; അതേ സംശയമില്ല, കാഴ്ചബംഗ്ലാവിൽ പ്രദർശനത്തിനു വയ്ക്കുന്നതിനു്."

മുഖത്തുനോക്കി കൊള്ളിവാക്കുപറയുവാൻ ബർനാർഡ്ഷായ്ക്കുള്ള ക്രൂസലില്ലായ്മയെ വെളിപ്പെടുത്തുന്നതിനു ഒരു ഉദാഹരണംകൂടി കാണിച്ചിട്ടു ഈ ലേഖനം അവസാനിപ്പിച്ചേക്കാം. ഒരിക്കൽ ഒരു പത്രറിപ്പോർട്ടർ ഷായുമായി ഒരു കൂടിക്കാഴ്ചയ്ക്കു പലതവണ ശ്രമിച്ചതൊക്കെ വിഫലമായി അങ്ങിനെയിരിക്കെ യദൃച്ഛയാ അയാൾക്കു ഷായുടെമുൻപിൽച്ചെന്നുപററിക്കൂട്ടുവാൻ സാധിച്ചു. തന്നിമിത്തം വളരെകൃതാൎത്ഥതയോടും അഭിമാനത്തോടുംകൂടി അയാൾ ഇങ്ങനെ പറഞ്ഞു.

"പ്രിയപ്പെട്ടഷാ, ഞാൻ നിങ്ങളുടെ മുൻപിൽ ഇതാ ഹാജരായിരിക്കുന്നു ഇത്തവണ നിങ്ങൾക്കു എന്നെ ഒഴിച്ചുകളവാൻ സാധിക്കുന്നതല്ല"

പെട്ടെന്നുണ്ടായ ഷായുടെ മറുപടി ഇപ്രകാരമായിരുന്നു: "അതേ, അതെ! ഈ പത്രറിപ്പോർട്ടർമാരും മരണവും ഏതുസമയത്താണു് മനുഷ്യന്റെ മുൻപിൽ ഓടിയെത്തുകയെന്നു ആൎക്കും മുൻകൂട്ടി ഊഹിക്കുവാൻ സാധിക്കയില്ല"

എഴുപത്തെട്ടുവയസ്സായെങ്കിലും ഇപ്പോഴും ഒരു യുവാവിനെപ്പോലെ സൎവ്വവിഷയങ്ങളിലും പെരുമാറുന്ന ഈ ഹാസസാഹിത്യചക്രവൎത്തിയെ ആകപ്പാടെ ഒരു വ്യത്യസ്തസൃഷ്ടിയായി കണക്കാക്കേണ്ടതാണു്.


# തുളസീദാസരാമായണം

ഭാഷാഗദ്യം. (൧-ം ൨-ം ഭാഗങ്ങൾ)

പരമഭക്തനായ തുളസീദാസമഹൎഷി ഹിന്ദിഭാഷയിൽ ഗാനംചെയ്ത ഭക്തിമധുരമായ 'ശ്രീരാമചരിതമാനസ'ത്തിന്റെ മലയാളപരിഭാഷയത്രേ ഈ വിശിഷ്ടഗ്രന്ഥം.

തുളസീദാസരാമായണം ഭാരതമൊട്ടുക്കു്, വിശേഷിച്ചും ഉത്തരഭാരതത്തിൽ, വേദഗ്രന്ഥത്തിനു തുല്യമായ പ്രാധാന്യത്തോടുകൂടി പാരായണം ചെയ്യപ്പെടുന്നു അതിലെ ധൎമ്മതത്വപ്രതിപാദനവും ദിവ്യോപദേശങ്ങളും സൎവ്വോപരി ഭക്തിരസപ്രവാഹവും കേവലം അവൎണ്ണ്യമെന്നേ പറവാനുള്ളു കവിതാമാധുൎയ്യമാണെങ്കിൽ അതൊരു വിശിഷ്ടമായ നൂതനസരണിയെ ദൃഷ്ടാന്തീകരിക്കുന്നു. അൎത്ഥഗാംഭീൎയ്യവും അലങ്കാരലളിതൃവും അനുപദമെന്നപോലെ മേളിച്ചിരിക്കുന്ന ഇതിലെ കവിതാവനിത അഭൌമമായ ഒരു ഓജഃപ്രകൎഷം സൎവ്വഥാ പ്രസരിപ്പിച്ചുകൊണ്ടു് ആനന്ദനൃത്തം ചെയ്യുന്നു. പണ്ഡിതന്മാൎക്കും പാമരന്മാൎക്കും പഠിക്കാനുതകുന്ന തത്വങ്ങളും, രസിക്കുന്ന കഥകളും രുചിക്കുന്ന കല്പനകളും ഈ കാവ്യത്തെ ആപാദമധുരമാക്കിത്തീൎത്തിരിക്കുന്നു. ദിവ്യമായ മാനസസരസിൽനിന്നു ഉത്ഭവിച്ചു ഭൂലോകത്തെ പവിത്രീകരിക്കുന്ന ഗംഗാപ്രവാഹമെന്നോണം അനൎഗ്ഗളമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ കാവ്യസമ്പത്തിനെപ്പററി വൎണ്ണിപ്പാൻ തുടങ്ങുന്നതു സാഹസമാകയാൽ അതിലേക്കു ഒരുമ്പെടുന്നില്ല. ഒന്നാം ഭാഗം വില രൂപാ ൧൬.

രണ്ടാം ഭാഗം വില രൂപാ ൧൬.

ശ്രീരാമവിലാസം ബുക്കുഡിപ്പോ—കൊല്ലം.



# THE STATE AIDED BANK OF TRAVANCORE Ltd.

(Under the Patronage of and largely supported by the Government of H. H. The Maharajah of Travancore.)

**CHAIRMAN:- K. C. PANDALAI B. Sc. (LOND.)**

Subscribed Capital :- 15,60,400.

Capital Paid up :- 7,93,589 3 - 11.

Reserve and other Funds :- 2,23,500.

## HEAD OFFICE:- ALLEPPEY.

**Branches· TRIVANDRUM. CHANGANACHERRY, COCHIN & QUILON.**

**SUB-OFFICES: ERNAKULAM, KAYAMKULAM & KOTTAYAM.**

Current Deposit Accounts opened and Fixed Deposits received on terms which may be ascertained on application.

Every kind of Banking Business transacted

For Particulars apply to

**C. KRISHNA MENON M. A.**
**MANAGER ALLEPPEY.**

or to the
**CHAIRMAN**
**COLLEGE BUILDINGS**
**ESPLANADE, MADRAS.**


REG. NO. M 2689 & T. 122.

# THE MALAYALA RAJYAM

5th NOV. 1934.

## CHITRAVARIKA.

Vol. VII No. 9



G. S. A.

48-ാമത്തു ഭാരതമഹാജനസഭയുടെ അദ്ധ്യക്ഷനായ
ബാബുരാജേന്ദ്രപ്രസാദിനെ സ്വീകരണസംഘാംഗ
ങ്ങൾ വിക്ടോറിയാ ടെർമിനസ്സിൽ വച്ചു സ്വീക
രിച്ചു കാൺഗ്രസ്സുമന്ദിരത്തിലേക്കു നയിക്കുന്ന
ഘോഷയാത്ര.
നാലു കുതിരകളെ പൂട്ടിയ രഥത്തിൽ അദ്ധ്യക്ഷനും
പത്നിയും ഇരിക്കുന്നു.

Printed and Published by K. Raghavan Pillai at the Sri Rama Vilas Press, Quilon. Editor K. G. Sanker.